VOL NO: 04 | ISSUE 45
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 NOVEMBER 07 | 1442 RABIUL AWWAL 20 | ₹12

വാരിക

## പ്രവാചകനിന്ദയുടെ രാഷ്ട്രീയവും പ്രതികരണങ്ങളിലെ ഇസ്‌ലാമികതയും

പ്രവാചകനിന്ദയുടെ വാർത്തകൾ ലോകത്തിന് പുതുമയല്ല. പ്രവാചകൻ ദൗത്യം തുടങ്ങിയ നാൾ തൊട്ട് തുടങ്ങിയതാണത്. ഇത്തരം നിന്ദകളെ വിശ്വാസത്തിന്റെയും ക്ഷമയുടെയും കരുത്തോടെ, പ്രവാചക ദർശനത്തിന്റെ പ്രചാരണം വർധിപ്പിച്ച് പ്രതികരിക്കുകയാണ് വേണ്ടത്. കാർട്ടൂൺ പ്രദർശിപ്പിച്ച അധ്യാപകന്റെയും അയാളെ വധിച്ച പതിനെട്ടുകാരന്റെയും ഇസ്‌ലാമിനെതിരെ പ്രതികരണം നടത്തിയ മാക്രോണിന്റെയും തീവ്ര നടപടികൾ നീതീകരണം അർഹിക്കുന്നില്ല. മൂന്നു വിഭാഗവും നിലപാടുകൾ മാറ്റി ലോകത്തോട് മാപ്പ് പറയണം.



|| സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ

|| അവസരങ്ങൾ നൽകാം; മുൻവിധികളില്ലാതെ

|| സൂക്ഷ്മത, വിജ്ഞാനം, ധനവിനിയോഗം

## പ്രവാചകനിന്ദ: അന്നും ഇന്നും

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ആരെയും ചീത്തപറയാമെന്ന തരത്തിലേക്ക് വിമർശനം വഴിമാറിയിരിക്കുകയാണ്. പ്രവാചക വിമർശനങ്ങളുടെ കാര്യവും തഥൈവ. പ്രതികരണങ്ങളാവട്ടെ പ്രമാണങ്ങളോട് യാതൊരു നീതിപുലർത്താത്തതും.



ക്വുർആൻ ഹദീഥ്
ലേണിംഗ് സ്കൂൾ
QHLS
WISDOM YOUTH
വാർഷിക
പൊതുപരീക്ഷ
രജിസ്ട്രേഷൻ
തുടരുന്നു..
സിലബസ്:
മുഹമ്മദ്അമാനി മൗലവിയുടെ വിശുദ്ധ ക്വുർആൻ വിവരണത്തിലെ അത്വൂർ, അന്നജ്മ്,അൽ ഖമർ, അർറഹ്മാൻ,അൽ വാഖിഅ:,അൽ ഹദീദ് എന്നീ അധ്യായങ്ങള അടിസ്ഥാനമാക്കി QHLS വിംഗ് തയ്യാറാക്കിയ പഠന സഹായി.
മലയാളം,ഇംഗ്ലീഷ് ,തമിഴ്,കന്നഡ ഭാഷകളിലും പരീക്ഷകൾ
കേരളത്തിനകത്തും വിദേശരാജ്യങ്ങളിലും പരീക്ഷ
2020
നവംബർ
29
ഞായർ
കൂടുതൽ വിവരങ്ങൾക്ക് : 9447368178, 9496332785
WISDOM Islamic Youth Kerala State Committee, C.V.Complex,Kozhikode-2
peaceradio
Tune to reality

നേർപഥം
വാരിക

0199 / 2020 നവംബർ 07 / 1442 റബീഉൽ അവ്വൽ 20 / പുസ്തകം 04 / ലക്കം 45



# പ്രവാചകനിന്ദയുടെ രാഷ്ട്രീയവും പ്രതികരണങ്ങളിലെ ഇസ്‌ലാമികതയും

സുഫ്‌യാൻ അബ്ദുസ്സലാം / 10


**മുഖമൊഴി**

സൂക്ഷ്മത, വിജ്ഞാനം, ധനവിനിയോഗം / 06

**ജാലകം**

'കാക്കത്തൗബ' / 07
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ബാലപഥം**

അബുൽആസ്വിﷺന്റെ ചരിത്രത്തിൽനിന്ന് / 18
ഉസ്മാൻ പാലക്കാഴി

**ആദർശപഠനം**

വെല്ലുവിളിയിൽനിന്ന് കുതറിയോടുന്നവരുടെ 'ന്യായങ്ങളും' കുതന്ത്രങ്ങളും / 26
അബൂബക്കർ സലഫി

**ലേഖനം**

അവസരങ്ങൾ നൽകാം; മുൻവിധികളില്ലാതെ / 10
നബീൽ പയ്യോളി

പ്രവാചകനിന്ദ: അന്നും ഇന്നും / 20
ഡോ.സബീൽ പട്ടാമ്പി

സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ / 30
ദുൽക്കർഷാൻ അലനല്ലൂർ

വിവാഹവും വക്കാലത്തും / 33
ഫൈസൽ പുതുപ്പറമ്പ്

**കാഴ്ച**

തളരാതെ ഒരുവൾ / 34
ഇബ്നു അലി എടത്തനാട്ടുകര


Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# വിസ്ഡം: ശാഖാ പ്രവർത്തകസമിതി സംഗമങ്ങൾ സമാപിച്ചു

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെയും പോഷക ഘടകങ്ങളുടെയും പ്രവർത്തകസമിതി സംഗമം കേരളത്തിലെ എല്ലാ ശാഖകളിലും നടന്നു. നവംബർ ഒന്നിന് വ്യത്യസ്ത സമയങ്ങളിലായാണ് എല്ലാ ശാഖകളിലും കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് സംഗമങ്ങൾ നടന്നത്.

കോവിഡ്ബാധ പ്രബോധന, പഠനരംഗങ്ങളെ ബാധിച്ചുകൂടാ എന്ന് നിർബന്ധമുള്ള വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും പോഷകഘടകങ്ങളും പ്രവർത്തനവീഥിയിൽ സജീവമാണ്. ആ സജീവത താഴെതട്ടിലുള്ള പ്രവർത്തകരിൽ നിലനിർത്തുന്നതിന് ആക്കംകൂട്ടുന്നതായിരുന്നു ശാഖാ പ്രവർത്തകസമിതി സംഗമങ്ങൾ.

വിശുദ്ധ ക്വുർആനിനെയും പ്രവാചകനെയും അവമതിച്ച് രംഗത്തുവരുന്നവർ വാസ്തവത്തിൽ ലക്ഷ്യമിടുന്നത് മുസ്‌ലിംകളെ പ്രകോപിതരാക്കുക എന്നതാണ്. പ്രകോപനം അവിവേകികളെ അക്രമത്തിലേക്ക് നയിക്കുമെന്നും ആ അക്രമം ചൂണ്ടിക്കാട്ടി ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ലോകത്തിനു മുമ്പിൽ പ്രതിക്കൂട്ടിൽ നിർത്താമെന്നും അവർ കണക്കുകൂട്ടുന്നു. ഇവരുടെ ലക്ഷ്യങ്ങൾ നടക്കാതിരിക്കുവാൻ മുസ്‌ലിംകൾ വിവേകത്തോടെ പെരുമാറുകയും പ്രമാണബദ്ധമായ ജീവിതം നയിക്കുകയുമാണ് വേണ്ടത് എന്ന് സംഗമങ്ങൾ ചൂണ്ടിക്കാട്ടി.

# വിവാഹ പ്രായം ഉയർത്താനുള്ള നീക്കത്തിൽനിന്നും കേന്ദ്രസർക്കാർ പിൻവാങ്ങണം: വിസ്ഡം പ്രധാനമന്ത്രിക്ക് നിവേദനം നൽകി

കോഴിക്കോട്: രാജ്യത്തെ സ്ത്രീകളുടെ വിവാഹപ്രായം ഉയർത്താനുള്ള നീക്കത്തിൽനിന്നും കേന്ദ്ര സർക്കാർ പിൻവാങ്ങണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി, നിയമമന്ത്രി, വിദഗ്ധ സമിതി, പ്രതിപക്ഷ നേതാവ്, കോൺഗ്രസ്സ് ദേശീയ പ്രസിഡന്റ്, സി.പി.എം. ജനറൽ സെക്രട്ടറി എന്നിവർക്ക് നിവേദനം നൽകി.

ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങൾക്ക് ഇത്തരം നിയമനിർമാണം വഴിവെക്കും. വിവാഹ പ്രായം നിശ്ചയിക്കുന്നതിനുള്ള സാമൂഹ്യ മാനദണ്ഡങ്ങൾ വിസ്മരിച്ചുകൊണ്ടുള്ള നീക്കങ്ങൾ അപകടമാണെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

ലോകത്തെ 160 ഓളം രാഷ്ട്രങ്ങളിൽ സ്ത്രീകളുടെ വിവാഹ പ്രായം 18 വയസ്സോ അതിന് താഴെയോ ആണെന്നിരിക്കെ എന്തിനാണ് ഇന്ത്യയിൽ ഇങ്ങനെ ഒരു മാറ്റമെന്ന് മനസ്സിലാകുന്നില്ല. 18 വയസ്സിലുള്ള വിവാഹം ആരോഗ്യപരമോ മാനസികമോ ആയ പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് യാതൊരു ശാസ്ത്രീയ പഠനങ്ങളും പറഞ്ഞിട്ടില്ലെന്നിരിക്കെ ഈ മാറ്റം എന്തിനാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കണം. രാജ്യത്തെ കോടിക്കണക്കിന് വരുന്ന ഗോത്ര വർഗങ്ങളെയും പിന്നാക്ക വിഭാഗങ്ങളെയും ഗുരുതരമായി ബാധിക്കുന്ന നിയമമാണിത്.

## നീറ്റ് പരീക്ഷ: റാങ്ക് ജേതാക്കളെ ആദരിച്ചു

കോഴിക്കോട്: നീറ്റ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ആയിഷ എസ്, 970ം റാങ്ക് നേടിയ ഫാത്തിമ ഷഹാമ, 1930ം റാങ്ക് നേടി ആയിഷ കെ.വി എന്നിവരെ വിസ്ഡം വിമൻസ് സംസ്ഥാന കമ്മിറ്റി ആദരിച്ചു.

വിസ്ഡം വിമൻസ് സംസ്ഥാന പ്രസിഡന്റ് സഹ്റ ടീച്ചർ, സെക്രട്ടറി ഡോ. റസീല, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സുഹറ ടീച്ചർ, നജീബ ടീച്ചർ, കോഴിക്കോട് നോർത്ത് ജില്ലാ പ്രസിഡന്റ് ഫാഹിസ, സൗത്ത് ജില്ലാ പ്രസിഡന്റ് സൈനബ ടീച്ചർ, സെക്രട്ടറി സുലൈഖ, ഫൗസിയ, കണ്ണൂർ ജില്ലാ സെക്രട്ടറി സുമയ്യ പാപ്പിനിശ്ശേരി, ഖൈറുന്നിസ ടീച്ചർ, സമീറ, ജസ്ന എന്നിവർ സംബന്ധിച്ചു.

**സ്കൂൾ ഓഫ് ഖുർആൻ പ്രദേശിക സെന്ററുകൾ അനുവദിക്കുന്നു**

കേരളത്തിനകത്തും പുറത്തുമായി ഇരുപതിലധികം സെന്ററുകളുള്ള സ്കൂൾ ഓഫ് ഖുർആനിന്റെ പ്രദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. 8089999597 എന്ന നമ്പറിലോ mail@schoolofqfuran.com എന്ന മെയിലിലോ ബന്ധപ്പെടുക.

Office: School of Qur'an, Jamia Al-Hind Al-Islamiyya, Jamia Campus, Mini Ootty - Oorakam

# സൂക്ഷ്മത, വിജ്ഞാനം, ധനവിനിയോഗം

അല്ലാഹുവിങ്കൽ മനുഷ്യനുള്ള പദവിയുടെ മാനദണ്ഡം സൂക്ഷ്മത(തക്വ്‌വ)യാണ്. അല്ലാഹു പറയുന്നു: "...തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും സൂക്ഷ്മത (തക്വ്‌വ) പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ക്വുർആൻ 49:13).

"...തീർച്ചയായും സൂക്ഷ്മതയുള്ളവർക്ക് മടങ്ങിച്ചെല്ലാൻ ഉത്തമമായ സ്ഥാനമുണ്ട്" (ക്വുർആൻ 38:49).

മനുഷ്യന്റെ പാരത്രിക വിജയത്തിന് അല്ലാഹുവിന്റെ തൃപ്തിനേടൽ അനിവാര്യമാണ്. അത് ആശിച്ചുകൊണ്ട് അവന്ന് തൃപ്തിയുള്ളതെന്നറിയിച്ച നന്മകളെല്ലാം ജീവിതത്തിൽ പകർത്തുകയും അവന്റെ തൃപ്തി നഷ്ടപ്പെട്ടാലുള്ള സർവനാശവും നിത്യശിക്ഷയും ഭയന്നുകൊണ്ട്, അവന്ന് അതൃപ്തിയുള്ളതാണെന്നറിയിച്ച എല്ലാ തിന്മകളിൽനിന്നും സുരക്ഷിതമായി അകന്നു നിൽക്കുകയും ചെയ്യുക എന്നതാണ് 'തക്വ്‌വ' അഥവാ സൂക്ഷ്മത പാലിക്കൽ.

വിജ്ഞാനവും മനുഷ്യന്റെ പദവിക്കുള്ള അളവുകോലാണെന്ന് ക്വുർആൻ പറയുന്നതു കാണാം:

"...നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പലപടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (58:11).

"താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു (യഥാർഥ) ജ്ഞാനം നൽകുന്നു. ഏതൊരുവന്ന് (യഥാർഥ)ജ്ഞാനം നൽകപ്പെടുന്നുവോ അവന്ന് (അതുവഴി) അത്യധികമായ നേട്ടമാണ് നൽകപ്പെടുന്നത്..." (ക്വുർആൻ 2:269).

അതിനാൽ നാം എത്രകണ്ട് ജ്ഞാനം നേടണമെന്ന ചോദ്യം എത്രകണ്ട് തക്വ്‌വയുള്ളവരാകണം എന്ന ചോദ്യത്തിനു സമമാണ്. സാധ്യമാകുന്നത്ര അറിവു നേടണം. സാധ്യമാകുന്നത്ര തക്വ്‌വയുള്ളവരാകണം. അല്ലാഹു പറയുന്നു: "അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക.." (ക്വുർആൻ 64:16).

ക്വുർആൻ 2:2ൽ അല്ലാഹുവിന്റെ തൃപ്തിക്കായി ചെലവഴിക്കുന്നതിനെ തക്വ്‌വയുള്ളവരുടെ സ്വഭാവമായി പറയുന്നു. 2:177ൽ സന്മാർഗപ്രാപ്തിക്ക് വിശ്വാസകാര്യങ്ങൾ ഉൾക്കൊള്ളണമെന്നും ശേഷം അല്ലാഹു ഇഷ്ടപ്പെടുന്ന മാർഗത്തിൽ ധനം ചെലവഴിക്കണമെന്നും പറയുന്നു. എന്നിട്ട് അല്ലാഹു പറയുന്നത് 'അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു തക്വ്‌വയുള്ളവർ' എന്നാണ്. 3:192,193 വചനങ്ങളും ചെലവഴിക്കലും തക്വ്‌വയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നുണ്ട്.

ഓരോ മുസ്‌ലിം സ്ത്രീയും പുരുഷനും കഴിവനുസരിച്ച് വിജ്ഞാനം കരസ്ഥമാക്കേണ്ടതുണ്ട്. അവനവന്റെ കഴിവനുസരിച്ചുള്ളതിനല്ലാതെ അല്ലാഹു നിർബന്ധിക്കില്ല (ക്വുർആൻ 2:286).

വിജ്ഞാന വർധനവിനായി സദാ പ്രത്യാശിക്കുകയും പ്രയത്നിക്കുകയും പ്രാർഥിക്കുകയും വേണം: അല്ലാഹു പറയുന്നു: "...എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക"(ക്വുർആൻ 20:114).

യാതൊരുവിധ ഉപകാരവുമില്ലാത്ത വഴികളിൽ സമയം ചെലവഴിക്കുന്നവർ ഏറെയുണ്ട്. അൽപ സമയം ക്വുർആൻ പഠിക്കുവാനോ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വായിക്കുവാനോ പറഞ്ഞാൽ സമയക്കുറവായിരിക്കും അവർക്ക് പറയാനുണ്ടാവുക. താൽപര്യമാണു പ്രധാനം. അതുണ്ടെങ്കിൽ സമയം കണ്ടെത്താൻ പ്രയാസമുണ്ടാകില്ല.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# 'കാക്കത്തൗബ'

'കാക്കത്തൗബ' എന്ന് മലബാറിൽ പറയാറുണ്ട്. ഭക്ഷണമുള്ള ഇടത്തേക്ക് പാറിവന്നിരിക്കുന്ന കാക്ക ചെറുതായൊന്ന് കൈവീശിയാൽ തിരികെ പറക്കും. അടുത്ത നിമിഷം വീണ്ടും അതേ ഇടത്തേക്ക് കാക്ക പറന്നുവരികയും ചെയ്യും. ഒരു അബദ്ധം അല്ലെങ്കിൽ തെറ്റ് തിരുത്തുകയും പെട്ടെന്ന് അക്കാര്യം വിസ്മരിച്ച് ആ അബദ്ധത്തിലേക്ക് തിരിച്ചുവരുകയും ചെയ്യുന്ന ഈ നിലപാടിനെയാണ് 'കാക്കത്തൗബ' എന്ന മൊഴികൊണ്ട് അർഥമാക്കുന്നത്.

തിന്മയിലും അബദ്ധത്തിലും പെട്ടുപോവുക എന്നത് മനുഷ്യസഹജമാണ്. അത് ബോധ്യമാകുന്ന നിമിഷംതന്നെ അത് തിരുത്തി തിരിച്ചുവരിക എന്നത് ബാധ്യതയുമാണ്. ഈ കാര്യം പരിഗണിച്ചുകൊണ്ടാണ് നിരന്തരമായ ഉൽബോധനങ്ങൾ നടത്തിക്കൊണ്ടിരിക്കണമെന്ന് സമൂഹത്തോടും നിരന്തരമായ 'ഇസ്തിഗ്ഫാർ' (പാപമുക്തിക്കുള്ള തേട്ടം) വേണമെന്ന് വ്യക്തിയോടും ഇസ്‌ലാം കൽപിച്ചത്. അതുവഴി ഉറച്ച നിലപാടിലേക്ക് മനുഷ്യർ എത്തിച്ചേരണമെന്നാണ് മതം മനുഷ്യനോട് ആവശ്യപ്പെടുന്നത്.

ചില ആളുകളുണ്ട്; ഭക്തിനിറഞ്ഞ ഒരു പ്രഭാഷണം കേട്ടാൽ പെട്ടെന്ന് ആളാകെ മാറും. അതിന്റെ ഫലമായി, ഒന്നോ രണ്ടോ ദിവസത്തെ ഭക്തിക്കുശേഷം വീണ്ടും തഥൈവ! സകാത്ത് കൊടുക്കാതിരുന്നാൽ തന്റെ സമ്പത്ത് ഒരു ഭീകര സർപ്പമായി പരലോകത്ത് പ്രത്യക്ഷപ്പെടുകയും അത് നരകത്തിൽ തന്നെ കൊത്തിക്കൊണ്ടിരിക്കുകയും ചെയ്യും എന്ന് സ്വഹീഹായ നബിവചനമുണ്ട്. ഇത് ഒരു പ്രസംഗത്തിൽനിന്ന് കേട്ട ഒരാൾ, അഞ്ചുവർഷമായി സകാത്ത് കൊടുക്കാതെ ബാങ്ക്‌ലോക്കറിൽ സൂക്ഷിച്ച തന്റെ നൂറ് പവനിലേറെ വരുന്ന സ്വർണത്തെപ്പറ്റി ചിന്തിച്ചു. നീർക്കോലിയെ കണ്ടാൽ പോലും ഭയപ്പെട്ടിരുന്ന അയാൾക്ക് നരകത്തിലെ പാമ്പിനെപ്പറ്റി ഓർക്കാൻ പൊലും ഭയമായിരുന്നു. അങ്ങനെ ഭക്തിയും ഭയവും നിറഞ്ഞ് അയാൾ സകാത്ത് കൊടുക്കാൻതന്നെ തീരുമാനിച്ചു. രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോഴേക്കും കക്ഷിയുടെ ഗൗരവമനസ്സ് അയഞ്ഞുതുടങ്ങി. നരകത്തെയും പാമ്പിനെയും സർവോപരി പടച്ചവനെയും പേടിയില്ലാതായി. ഒടുവിൽ ആ തീരുമാനത്തിൽനിന്ന് പിറകോട്ടുപോയി. ഇതാണ് കാക്കത്തൗബ!

നബിﷺയുടെ പത്നി ഖദീജ(റ) സഹോദരപുത്രായ ഹകീമുബ്നു ഹിസാം എന്ന വ്യക്തി അറുപത് വർഷം ജാഹിലിയ്യത്തിൽ ജീവിച്ചു. പിന്നീട് മക്കാവിജയകാലത്ത് മുസ്‌ലിമായി നാൽപതിലേറെ വർഷം മുസ്‌ലിമായും ജീവിച്ചു. ക്വുറൈശി പ്രമാണിയും കർക്കശക്കാരനും പണത്തിനോട് അത്യാർഥിയുള്ള വ്യക്തിയുമായിരുന്നു അയാൾ. മുസ്‌ലിമായ ശേഷവും ഈ ആർത്തി അദ്ദേഹത്തിൽനിന്ന് വിട്ടുമാറിയില്ല.

നബിﷺയുടെ പക്കൽ സമ്പത്ത് വല്ലതും വന്നിട്ടുണ്ടെന്നറിഞ്ഞാൽ ഹകീം ചോദിച്ചുചെല്ലുകയും നബിﷺ ഇടയ്ക്കിടയ്ക്ക് ഉള്ളത് കൊടുക്കുകയും ചെയ്യും. ഒരിക്കൽ നബിﷺ പറഞ്ഞു: 'ഹകീം, ഈ സമ്പത്ത് എന്നത് ആകർഷകവും മധുരവുമുള്ളതു തന്നെയാണ്. അത് ആരെങ്കിലും ആർത്തിയില്ലാതെ സ്വീകരിച്ചാൽ ബർകത്തുണ്ടാവും. ആർത്തിയോടെ സമ്പത്ത് നേടാൻ ശ്രമിച്ചാൽ ബർകത്തുണ്ടാവില്ല. എത്രതിന്നാലും വിശപ്പുതീരാത്തവനെപ്പോലെയാണ് അയാൾ. വാങ്ങുന്ന കൈയിനെക്കാൾ മുകളിലുള്ള കൊടുക്കുന്ന കൈയാണ് ഉത്തമമായത്" (ബുഖാരി).

നബിയോടൊപ്പമുള്ള തന്റെ ഈ അനുഭവം റിപ്പോർട്ട് ചെയ്തത് ഹകീം(റ) തന്നെയാണ്. പിന്നീടദ്ദേഹം ഒരു ഉറച്ചതീരുമാനമെടുത്തു. 'ഇനി മുതൽ ഞാനാർക്കും ബാധ്യതയാവുകയില്ല' എന്ന്. 120 വയസ്സുകാലം ജീവിച്ച, നാൽപതിലേറെ ഹദീഥുകൾ ഉദ്ധരിച്ച പ്രമുഖനായ ഈ സ്വഹാബിയുടെ ചരിത്രം സാമ്പത്തിക സൂക്ഷ്മതയുടെതാണ്. കൂട്ടുകാരോടൊപ്പം ഒട്ടകപ്പുറത്ത് സവാരിചെയ്യുമ്പോൾ തന്റെ കയ്യിൽനിന്ന് നിലത്തുവീണ അമ്പ് എടുത്തുകൊടുക്കാൻ പോലും അദ്ദേഹം കൂട്ടത്തിൽ നടന്നുപോകുന്നവരോട് ആവശ്യപ്പെട്ടില്ല. അബൂബക്കറി(റ)ന്റെ ഭരണകാലത്ത് ബൈത്തുൽ മാലിലെ സമ്പത്തിൽനിന്ന് പൗരന്മാർക്കുള്ളത് വീതിച്ചു കൊടുത്തപ്പോൾ ഹകീം(റ) അത് സ്വീകരിച്ചില്ല. ഉമറി(റ)ന്റെ ഭരണകാലത്തും ബൈതുൽമാലിൽനിന്ന് എല്ലാ പൗരന്മാർക്കും കൊടുക്കുന്ന വിഹിതം അദ്ദേഹം സ്വീകരിച്ചില്ല. ഒരിക്കൽ ഉമർ(റ) പ്രഖ്യാപിച്ചു: 'മുസ്‌ലിംകളേ! ഞാൻ നിങ്ങൾക്കെല്ലാം വീതിച്ചുതന്ന വിഹിതം ഹകീമിന്നും നീക്കിവെച്ചിരിക്കുന്നുവെന്നും അദ്ദേഹമത് സ്വീകരിക്കാൻ കൂട്ടാക്കുന്നില്ലെന്നും ഞാൻ നിങ്ങളെ സാക്ഷിയാക്കി അറിയിക്കുകയാണ്.'

ഉറച്ച നിലപാടിന്റെ ഉത്തമ മാതൃകയിലൊന്നാണിത്. സാമൂഹ്യ ജീവിതത്തിലെ അനേകം അനുഭവങ്ങളിൽ കൂടിയാണ് നാമെല്ലാം ജീവിക്കുന്നത്. അറിവിൽനിന്നും അനുഭവങ്ങളിൽനിന്നും പാഠമുൾക്കൊണ്ട് കൊള്ളാനും തള്ളാനും ഉറച്ച നിലപാടിലേക്കെത്താനും നാം കരുത്തരാകുക. തിരുത്തിയ തിന്മയിലേക്ക് തിരിച്ചെത്താതിരിക്കാനും ശ്രമിക്കുക.



# അവസരങ്ങൾ നൽകാം; മുൻവിധികളില്ലാതെ

ലേഖനം

നബീൽ പയ്യോളി
nabeelpayyoly@gmail.com

ജോലി അന്വേഷിച്ചു ധാരാളം സ്ഥാപനങ്ങളിൽ കയറിയിറങ്ങി. എല്ലാവർക്കും എക്സ്പീരിയൻസ് ഉള്ളവർ വേണം. അവസാനം എത്തിയ കമ്പനിയിൽനിന്നും ഇതേ ചോദ്യം കേട്ടപ്പോൾ മറുപടി നൽകി: 'നിങ്ങളൊക്കെ ജോലി നൽകിയാലല്ലേ എക്സ്പീരിയൻസ് ഉണ്ടാവൂ?' മറുപടി കേട്ട് കൗതുകം തോന്നിയ ആ കമ്പനി മാനേജർ പറഞ്ഞു: 'എങ്കിൽ നീ ഇവിടെ ജോലി ചെയ്തോളൂ.'

ജോലി തേടി കടൽകടന്ന് മണലാരണ്യത്തിൽ എത്തിയ അനുഭവം വിവരിച്ച കൂട്ടത്തിൽ ഗുരുനാഥൻ പറഞ്ഞ വാചകം ചിന്തനീയമാണ്; അനുഭവം സ്വയം ഉണ്ടാവുകയല്ലല്ലോ, അവസരങ്ങൾ ലഭിച്ചാൽ മാത്രമല്ലേ അനുഭവം ഉണ്ടാവൂ?

നമുക്ക് ചുറ്റുമുള്ള മാറ്റങ്ങളെ കണ്ടില്ലെന്ന് നടിക്കുക അസാധ്യമാണ്. മാറ്റങ്ങൾക്കൊപ്പം സഞ്ചരിച്ചാൽ മാത്രമെ നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അതിനനുസരിച്ച് നാം അപ്ഡേറ്റഡായിരിക്കണം. നമ്മൾ മാത്രമല്ല കൂടെയുള്ളവരും നമുക്കൊപ്പം സഞ്ചരിക്കുക എന്നത് ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ അനിവാര്യമാണ്. ചുറ്റുമുള്ളവരെ പലപ്പോഴും മുൻവിധിയോടെയാണ് നമ്മൾ സമീപിക്കാറുള്ളത്. 'ഹേയ്, അവനത് ചെയ്യാൻ പറ്റില്ല. എന്തിനാ ഒരു പരീക്ഷണത്തിന് നിൽക്കുന്നത്, ഞാൻ ചെയ്തോളാം.' നാം പലപ്പോഴും കേട്ട വാചകങ്ങളാണിത്. അത് സ്വയം കുഴപ്പത്തിലേക്ക് എടുത്തുചാടലാണെന്ന് മനസ്സിലാക്കാതെ പോവുകയാണ്. ചെയ്യാവുന്നതിലധികം കാര്യങ്ങൾ സ്വയം ഏറ്റെടുത്ത് ഒന്നും ഭംഗിയായി ചെയ്യാൻ സാധിക്കാതെ നിരാശപ്പെടുകയാണ് പലപ്പോഴും നാം. ഇല്ലെങ്കിൽ എല്ലാം അപൂർണമായി ചെയ്തുതീർക്കും, മനസ്സില്ലാ മനസ്സോടെ.

മനുഷ്യർ വ്യത്യസ്തമായ കഴിവുകളുള്ളവരാണ്. ഓരോരുത്തരുടെയും കഴിവുകളെ കണ്ടെത്തിയും അവ സമർഥമായി ഉപയോഗപ്പെടുത്തിയും മുന്നോട്ടുപോകുന്നവർക്കേ ക്രിയാത്മകമായ ഇടപെടലുകൾക്ക് സാധ്യമാവുകയുള്ളൂ. മനുഷ്യർ പൊതുവെ മടിയന്മാർകൂടിയാണ്. ആരെങ്കിലും ‘അത് ഞാൻ ചെയ്തോളാം’ എന്നു പറഞ്ഞാൽ വലിയ സന്തോഷമാണ്, നമ്മൾ എന്തിന് വെറുതെ ബുദ്ധിമുട്ടണം, അവൻ തന്നെ ചെയ്യട്ടെ എന്ന മനോഭാവം. കാര്യങ്ങൾ ഭംഗിയായി നടക്കണമല്ലോ എന്ന നിഷ്കളങ്കതയുടെ മേമ്പൊടി ചേർത്ത് അത് ഗംഭീരമാക്കും ചില വിരുതന്മാർ. ഇസ്തിരിചുളിയാതിരിക്കാനും ദേഹത്ത് ചെളി പുരളാതിരിക്കാനും ഇക്കൂട്ടർ സദാ ജാഗ്രതകാണിക്കുകയും ചെയ്യും. മറ്റുചിലർ വേലിയിലിരിക്കുന്ന പാമ്പിനെയെന്തിന് തോളത്തിടണം എന്ന് ചിന്തിക്കുന്നവരാണ്, നിഷ്കളങ്കമായ ചിന്ത. ഇതും ശരിയല്ല.

ആരെയും അവരുടെ ബാഹ്യരൂപമോ, വിദ്യാഭ്യാസമോ, പണമോ, പ്രായമോ തുടങ്ങി നമ്മുടെ മനസ്സിലേക്ക് ആദ്യം ഓടിയെത്തുന്ന അളവുകോൽകൊണ്ട് അളക്കരുത്. അവസരങ്ങൾ ലഭിക്കാത്തത് മൂലം കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയാത്തവരായി ധാരാളംപേർ നമുക്കുചുറ്റുമുണ്ട്. വീട്ടിൽ, നാട്ടിൽ, ജോലിസ്ഥലത്ത്; സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, മത സംഘടനകളിൽ തുടങ്ങി മനുഷ്യർ ഇടപെടുന്ന ഇടങ്ങളിലെല്ലാം ഇത്തരം ധാരാളം ആളുകളുണ്ട്. എല്ലാവരുടെയും കഴിവുകൾ പരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ് ബുദ്ധി, എങ്കിൽ കാര്യങ്ങൾ ഭംഗിയായും എളുപ്പത്തിലും നടത്താൻ സാധ്യമാവും.

മുമ്പ് അധ്യാപകർ പറഞ്ഞുതന്ന നോട്ട് പകർത്തിയെഴുതിയാണ് നമ്മൾ സ്കൂളിൽ പഠിച്ചതെങ്കിൽ ഇന്ന് അധ്യാപകർ ഒരു സ്രോതസ്സ് മാത്രമാണ്. കുട്ടികൾ അധ്യാപകരെയടക്കം നിരവധി അറിവിന്റെ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നു. അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന അധ്യാപകരാണെങ്കിൽ ആ കുട്ടികൾ നിരവധി ക്രിയാത്മകമായ കാര്യങ്ങളിൽ ഇടപെടുകയും ചെയ്യും. സർട്ടിഫിക്കറ്റുകളെക്കാൾ കഴിവിനും നൈപുണ്യത്തിനുമാണ് ഇന്ന് തൊഴിലിടങ്ങളിൽ പ്രാമുഖ്യം. ഇത് പൊടുന്നനെ ഉണ്ടാകുന്നതല്ല, മറിച്ച് ചെറുപ്പം മുതൽ വളർത്തിയെടുക്കേണ്ടതാണ്. സ്കൂളിൽ പഠിക്കുന്ന കുട്ടികൾ മാത്രമല്ല അവർക്കു പഠനത്തിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന മാതാപിതാക്കൾ കൂടി കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ചിന്തിക്കാനും അപ്ഡേറ്റ് ചെയ്യാനും തയ്യാറാവണം. നിർബന്ധിതാവസ്ഥ എന്ന നിലയിലോ സ്വയം ബോധ്യത്തിലോ രക്ഷിതാക്കൾ അങ്ങനെയായിക്കഴിഞ്ഞു. ഇനിയും ഒരുപാട് മാറേണ്ടതുണ്ട്. ആശാവഹമായ മാറ്റങ്ങൾ തന്നെയാണിത്.

പരസ്പരം അറിഞ്ഞും സഹായിച്ചും മുന്നോട്ട് പോവുക എന്നത് പ്രധാനമാണ്. സഹായം എന്നാൽ മറ്റൊരാൾ ചെയ്യേണ്ടത് സ്വയം ചെയ്ത് കൊടുക്കലാണെന്ന് തെറ്റിദ്ധരിച്ചവരുണ്ട്. എന്നാൽ ഒരു കാര്യം ചെയ്യാൻ മറ്റൊരാൾക്ക് ആവശ്യമായ ഉപദേശ, നിർദേശങ്ങൾ നൽകുകയും അവർക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുകയും ചെയ്യുക എന്നതാണ് യഥാർഥ സഹായം. കുട്ടിയോട് പ്രോജക്റ്റ് വർക്ക് ചെയ്തു കൊണ്ടുവരാൻ അധ്യാപകർ ആവശ്യപ്പെടുമ്പോൾ ലഭ്യമായതിൽവെച്ച് ഏറ്റവും നല്ല പ്രോജക്ട് പണം കൊടുത്തുവാങ്ങി തന്റെ കുട്ടിക്ക് നൽകുന്ന രക്ഷിതാക്കളുണ്ട്. ചില രക്ഷിതാക്കൾ തന്നെ അത് ചെയ്ത് കൊടുക്കുന്നതും കാണാം. ഇത് രണ്ടും തികഞ്ഞ അവിവേകമാണ്. കുട്ടികളുടെ കഴിവുകൾ പരിശോധിക്കാനും പരിപോഷിപ്പിക്കാനുമാണ് ഇത്തരം പ്രവർത്തനങ്ങൾ നൽകുന്നത്. അത് അട്ടിമറിക്കപ്പെടുകയാണ് പണവും അതിബുദ്ധിയും ഉപയോഗിച്ച് ചില രക്ഷിതാക്കൾ. തങ്ങളുടെ കുട്ടികളുടെ അവസരം നിഷേധിക്കുകയും അവരുടെ കഴിവിനെ ഇല്ലാതാക്കുകയുമാണ് ഇതിലൂടെ ഇവർ ചെയ്യുന്നത്. ഇത്തരം അബദ്ധങ്ങളിൽനിന്നും രക്ഷിതാക്കൾ ഇനിയെങ്കിലും പിന്മാറണം. അ

> **“ ഈ നശ്വര ലോകത്ത് ശ്വാസംമുട്ടി ജീവിക്കുന്നവരായി മാറരുത്; മറിച്ച് ആശ്വാസത്തിൽ കാര്യങ്ങൾ ചെയ്യണം. മറ്റുള്ളവർക്ക് അവസരവും പ്രോത്സാഹനവും പരിഗണനയും നൽകുന്നതിൽ ആനന്ദം കണ്ടെത്തുകയും വേണം. നമ്മെ ആശ്രയിക്കുകയോ ചേർന്ന് നിൽക്കുകയോ ചെയ്യുന്നവർ സ്വയം പര്യാപ്തരാവുന്നതും നല്ല നിലയിൽ എത്തുന്നതും ആസ്വദിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. എങ്കിലേ സമൂഹത്തിന്റെ വളർച്ചയിൽ ക്രിയാത്മകമായ പങ്കുവഹിക്കാൻ സാധിക്കുകയുള്ളൂ. ”**

വരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങളും അതിന് വേണ്ട പിന്തുണയും പ്രോത്സാഹനവും നൽകലാണ് ബുദ്ധിമതികളായ രക്ഷിതാക്കൾ ചെയ്യേണ്ടത്. അശാസ്ത്രീയ മൂല്യനിർണയ രീതികൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നതിന്റെ ഒരു പ്രതിഫലനം കൂടിയാണ് ചില രക്ഷിതാക്കളെയെങ്കിലും ഇത്തരം അവിവേകങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നത്.

തൊഴിലിടങ്ങളിലും ഇങ്ങനെ തന്നെയാണ്. ആരെങ്കിലും എന്തെങ്കിലും സഹായം ചോദിച്ചാൽ ചിലർ മുഖം തിരിക്കും. മറ്റു ചിലർ അത് മുഴുവനായും ചെയ്തുകൊടുക്കും. രണ്ടും ശരിയല്ല. പിന്നീട് അദ്ദേഹത്തിന് അത് സ്വയം ചെയ്യാൻ തക്കവണ്ണം എങ്ങനെ ചെയ്യണമെന്ന് പഠിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ആണ് ചെയ്യേണ്ടത്. മറ്റുള്ളവരുടെ ജോലികളിൽ സഹായിച്ച് സ്വന്തം കാര്യങ്ങളിൽ വീഴ്ച വരുത്തുന്നുന്ന പലരും നമ്മുടെ തൊഴിലിടങ്ങളിലുണ്ട്. മറ്റൊരാളുടെ പണിയും എടുത്ത് സ്വന്തം ജോലി ചെയ്യാൻ കഴിയാതെ മേലുദ്യോഗസ്ഥരുടെ പഴി കേൾക്കേണ്ടിവരുന്ന ഹതഭാഗ്യർ. അതുപോലെ വീട്ടിൽ രാപകൽ അദ്ധ്വാനിക്കുന്ന സ്ത്രീകളും ഈ നിഷ്കളങ്കതയുടെ ഇരകളാണ്. കുടുംബാംഗങ്ങൾക്ക് അവസരം നൽകി അവരെക്കൂടി വീട്ടുജോലികളിൽ ഭാഗവാക്കാക്കാൻ തയ്യാറാവണം.

ഒരു ഇലക്ഷൻ കാലം കൂടി വരികയാണ്, സ്ഥാനാർഥി നിർണ്ണയ ചർച്ചകൾ സജീവം. രാഷ്ട്രീയ പാർട്ടികൾ പരിചയ സമ്പന്നരെ മാത്രം തെരഞ്ഞു നടക്കരുത്. പുതുമുഖങ്ങൾക്ക് കൂടി അവസരം നൽകണം. അവസരങ്ങൾ അനിവാര്യമായി ലഭിക്കേണ്ടവരെ പരിഗണിക്കാതെ പോകരുത്. മാറ്റങ്ങൾക്ക് വഴിമാറാം.

സംഘടനാരംഗത്തും ഈ പ്രവണതകൾ കണ്ടുവരാറുണ്ട്. ഏതാനും ആളുകളുടെ തലയിൽ ഭാരമേൽപിച്ച് വിശ്രമിക്കുന്നവർ, അല്ലെങ്കിൽ എല്ലാ ഭാരവും ഏറ്റെടുത്ത് സ്വയം ബലിയാടാകുന്നവർ. ഇവർ രണ്ടുകൂട്ടരും ചെയ്യുന്നത് അവിവേകമാണ്. ഓരോ സംവിധാനത്തിന്റെയും ഭാഗമായ ധാരാളം ആളുകൾ ഉണ്ടാവും. അവരെ പരമാവധി ഉപയോഗപ്പെടുത്തി ബാക്കി കാര്യങ്ങൾ നമ്മൾ ചെയ്യുക എന്ന രീതി അവലംബിക്കുകയാണ് യഥാർഥ സംഘാടകർ ചെയ്യേണ്ടത്. സാധാരണക്കാർ മുതൽ അഭ്യസ്തവിദ്യർ വരെ വ്യത്യസ്ത കഴിവുകളുള്ളവർ ഉണ്ടാവും. അവർക്ക് അവസരം ലഭിക്കാത്തതുകൊണ്ടാവാം പലകാര്യങ്ങളും ചെയ്യാതെപോകുന്നത്. അവസരങ്ങളും പിന്തുണയും പ്രോത്സാഹനവും നൽകിയാൽ നമ്മെക്കാൾ ഭംഗിയായി അത്തരം ആളുകൾ കാര്യങ്ങൾ ചെയ്യും. അവരെ ഓർമപ്പെടുത്തുന്നവരോ കോ ഓഡിനേറ്റ് ചെയ്യുന്നവരോ മാത്രമായി നാം മാറിയാൽ മതിയാവും.

ഇടപെടുന്ന ഏതുരംഗത്തും കുറഞ്ഞ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും അത് ഭംഗിയായി നിർവഹിക്കുകയുമാണ് ചെയ്യേണ്ടത്. അല്ലാതെ ധാരാളം കാര്യങ്ങൾ ഏറ്റെടുത്ത് അതെല്ലാം അപൂർണമായി ചെയ്യുന്ന അവസ്ഥ ഒരിക്കലും ഉണ്ടാവരുത്. ഒരേകാര്യം തന്നെ ചെയ്തുകൊണ്ടിരിക്കുക എന്നത് മടുപ്പുളവാക്കും. അതോടൊപ്പം ആ കാര്യത്തിൽ മറ്റൊരു ദിശയിലുള്ള ചിന്ത ഉണ്ടാകാനിടയുമില്ല. നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ മറ്റൊരാൾക്ക് കൈമാറി പുതിയ തലങ്ങളിലേക്ക് സ്വയം വളരാനോ അപ്ഡേറ്റഡാകുവാനോ തയ്യാറാവണം. എന്നാൽ നമുക്ക് മടുപ്പുണ്ടാവില്ല. മറ്റൊരാൾക്ക് അവസരം ലഭിക്കുകയും ചെയ്യും. കാര്യങ്ങളിൽ പുതുമയുണ്ടാവുക എന്നത് എല്ലാവരും ഇഷ്ടപ്പെടുന്നതാണ്. നിർബന്ധിതമായോ, ആഗ്രഹം എന്ന നിലയിലോ അതുമല്ലെങ്കിൽ ആകാംക്ഷയോ പുതിയ മേച്ചിൽപ്പുറങ്ങൾ തേടാൻ നമ്മെ പ്രേരിപ്പിക്കും. മാറ്റം ആഗ്രഹിക്കാത്തവരായി ആരുമില്ല. മനുഷ്യന്റെ സൈക്കോളജി അതാണ്. പുതുമകളുടെ തേട്ടം മനുഷ്യമനസ്സിന്റെ അടങ്ങാത്ത ആഗ്രഹമാണ്. അതിന് നാം അവസരങ്ങൾ ഉണ്ടാക്കുകയും മറ്റുള്ളവർക്ക് അവസരം നൽകുകയും ചെയ്യണം.

ഈ നശ്വര ലോകത്ത് ശ്വാസം മുട്ടി ജീവിക്കുന്നവരായി മാറരുത്; മറിച്ച് ആശ്വാസത്തിൽ കാര്യങ്ങൾ ചെയ്യണം. മറ്റുള്ളവർക്ക് അവസരവും പ്രോത്സാഹനവും പരിഗണനയും നൽകുന്നതിൽ ആനന്ദം കണ്ടെത്തുകയും വേണം. നമ്മെ ആശ്രയിക്കുകയോ ചേർന്ന് നിൽക്കുകയോ ചെയ്യുന്നവർ സ്വയം പര്യാപ്തരാവുന്നതും നല്ല നിലയിൽ എത്തുന്നതും ആസ്വദിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. എങ്കിലേ സമൂഹത്തിന്റെ വളർച്ചയിൽ ക്രിയാത്മകമായ പങ്കുവഹിക്കാൻ സാധിക്കുകയുള്ളൂ. പോസിറ്റീവ് വളർച്ചയാണ് നാം ആഗ്രഹിക്കേണ്ടത്. അതിന് അവസരം ഒരുക്കുകയും മറ്റുള്ളവർക്ക് പ്രചോദനമാവുകയും ചെയ്യുക. കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് ആത്മവിശ്വസത്തോടെ മുന്നോട്ടു പോയാൽ സാധ്യമാവാത്തത് ഒന്നുമില്ല. (അല്ലാഹു ഉദ്ദേശിച്ചാൽ). മറ്റുള്ളവർ നൽകുന്ന പ്രോത്സാഹനങ്ങളിൽ മതിമറക്കരുത്. വിമർശനങ്ങളിൽ പതറുകയുമരുത്. എല്ലാറ്റിനെയും പോസിറ്റീവായി എടുത്താൽ നമുക്ക് ഈ ലോകത്ത് ചിലത് ചെയ്യാൻ സാധിക്കും. ചില അടയാളപ്പെടുത്തലുകൾ.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# പ്രവാചകനിന്ദയുടെ രാഷ്ട്രീയവും പ്രതികരണങ്ങളിലെ ഇസ്‌ലാമികതയും

**പ്രവാചകനിന്ദയുടെ വാർത്തകൾ ലോകത്തിന് പുതുമയല്ല. പ്രവാചകൻ ദൗത്യം തുടങ്ങിയ നാൾ തൊട്ട് തുടങ്ങിയതാണത്. ഇത്തരം നിന്ദകളെ വിശ്വാസത്തിന്റെയും ക്ഷമയുടെയും കരുത്തോടെ, പ്രവാചക ദർശനത്തിന്റെ പ്രചാരണം വർധിപ്പിച്ച് പ്രതികരിക്കുകയാണ് വേണ്ടത്. കാർട്ടൂൺ പ്രദർശിപ്പിച്ച അധ്യാപകന്റെയും അയാളെ വധിച്ച പതിനെട്ടുകാരന്റെയും ഇസ്‌ലാമിനെതിരെ പ്രതികരണം നടത്തിയ മാക്രോണിന്റെയും തീവ്ര നടപടികൾ നീതീകരണം അർഹിക്കുന്നില്ല. മൂന്നു വിഭാഗവും നിലപാടുകൾ മാറ്റി ലോകത്തോട് മാപ്പ് പറയണം.**

പ്രവാചകനിന്ദയുടെ എപ്പിസോഡുകൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഫ്രാൻസിൽനിന്നാണ് അവസാനമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കോൺഫ്‌ലാൻസ്‌സൈന്റ് ഹോണറിൻ എന്ന പാരീസിന്റെ പ്രാന്തപ്രദേശത്തെ ഒരു സ്‌കൂളിലാണ് സംഭവം. എല്ലാം പതിവുപടി തന്നെ. പ്രവാചകനെ അവഹേളിക്കുന്ന തരത്തിലുള്ള കാർട്ടൂണുകൾ ആണ് ആയുധം. സ്‌കൂൾ അധ്യാപകനാണ് കഥാപാത്രം. 'ആവിഷ്‌കാര സ്വാതന്ത്ര്യം' പഠിപ്പിക്കാൻ ഒരുങ്ങിവന്ന ചരിത്രാധ്യാപകൻ ആദ്യമേ മുസ്‌ലിം വിദ്യാർഥികളോടെല്ലാം പുറത്തുപോകാൻ പറഞ്ഞുവത്രെ! 'മുസ്‌ലിം വിദ്യാർഥികൾക്ക് പുറത്തുപോകാം' എന്നു പറഞ്ഞുകൊണ്ട് വിദ്യാർഥികളെ പ്രകോപിപ്പിക്കുന്നവിധത്തിലാണ് അധ്യാപകൻ തന്റെ 'ആവിഷ്‌കാര' ചർച്ചാക്ലാസ്സ് ആരംഭിച്ചത്. ഒരു അധ്യാപകന് ഒട്ടും ആശാ

സ്യമല്ലാത്ത പരനിന്ദയുടെ സന്ദേശം പരത്തിയ അയാൾ പിന്നീട് ഒരു 'തീവ്രവാദി'യുടെ കരങ്ങളാൽ കൊലചെയ്യപ്പെടുകയും ചെയ്തു. പതിനെട്ടുകാരനായ 'തീവ്രവാദി'യെ പോലീസ് ഏറ്റുമുട്ടലിൽ കൊലപ്പെടുത്തുകയും ചെയ്തു.

ഫ്രാൻസിൽ മാത്രമല്ല, ഡെന്മാർക്, ഹോളണ്ട് തുടങ്ങിയ ചില യൂറോപ്യൻ രാജ്യങ്ങളിലും പ്രവാചക കാരിക്കേച്ചറുകൾ വെച്ചുകൊണ്ടുള്ള അവഹേളനങ്ങൾ സ്ഥിരമാണ്. അടുത്തകാലങ്ങളിലായി ഇത്തരത്തിലുള്ള കാർട്ടൂണുകൾ പ്രദർശിപ്പിച്ചും പ്രസിദ്ധീകരിച്ചും അന്യമതദ്വേഷം ആളിക്കത്തിക്കുന്ന പ്രവണതകൾ വർധിച്ചുവരികയാണ്. 2006 മുതൽ ഫ്രാൻസിലെ തീവ്ര ഇടതുപക്ഷ ആക്ഷേപ ഹാസ്യ വാരികയായ 'ഷാർലി എബ്ദോ' പ്രവാചകനെ അവഹേളിച്ചുകൊണ്ടും മുസ്‌ലിംകളെ ഭീകരവാദികളാക്കിക്കൊണ്ടുമുള്ള കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചതിന്റെ അലയൊലികൾ ലോകം മുഴുവൻ വ്യാപിച്ചിരുന്നു. 2005ൽ ഡെന്മാർക്കിലെ 'യൂലാൻസ് പോസ്റ്റൻ' പ്രസിദ്ധീകരിച്ച വിവാദമായ 12 പ്രവാചകനിന്ദാ കാർട്ടൂണുകൾ പുനഃപ്രസിദ്ധീകരിച്ചുകൊണ്ടാണ് 'ഷാർലി എബ്ദോ' ഫ്രാൻസിൽ മതവിദ്വേഷ പ്രവണതകൾക്ക് ആക്കംകൂട്ടിയത്. മതേതരത്വവും മതസ്വാതന്ത്ര്യവും ഉറപ്പുനൽകുന്നതാണ് ഫ്രാൻസിന്റെ ഭരണഘടന. എല്ലാ മതവിശ്വാസങ്ങളെയും ബഹുമാനിക്കുന്നുവെന്നും ഉൽപത്തി, വംശം, മതം എന്നിവ കണക്കിലെടുക്കാതെ എല്ലാവരും നിയമത്തിനു മുന്നിൽ തുല്യരാണെന്നും ഭരണഘടനയിൽ പറയുന്നുണ്ട്. മതം പൗരന്റെ സ്വകാര്യവിഷയമാണെന്നും പൊതുഇടങ്ങളിൽ ഒരു മതത്തിനും സ്ഥാനമില്ലെന്നും രാജ്യം ഒരു മതത്തെയും അനുകൂലിക്കുന്നില്ലെന്നും എല്ലാ മതങ്ങളുടെയും സമാധാനപൂർണമായ സഹവർത്തിത്വമാണ് ഉണ്ടാവേണ്ടതെന്നും ഭരണഘടന നിഷ്‌കർഷിക്കുന്നുണ്ട്.

2006ൽ ഷാർലി എബ്ദോ പ്രവാചകനെയും മുസ്‌ലിംകളെയും അധിക്ഷേപിച്ചും അവഹേളിച്ചും കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുകയും വിദ്വേഷ പ്രചാരണങ്ങൾ നടത്തുകയും ചെയ്തപ്പോൾ ഫ്രാൻസിലെ രണ്ട് പ്രമുഖ മുസ്‌ലിം സംഘടനകൾ അതിനെതിരെ കോടതിയെ സമീപിച്ചിരുന്നു. സെമിറ്റിക് വിഭാഗങ്ങൾക്കെതിരെയെയുള്ള പ്രവർത്തനങ്ങൾ ഫ്രഞ്ച് നിയമങ്ങളനുസരിച്ച് നിരോധിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രവാചകനെതിരെയുള്ള കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചുകൊണ്ട് സെമിറ്റിക് വിഭാഗങ്ങളെ പ്രകോപിപ്പിക്കുന്നത് ഈ നിയമമനുസരിച്ച് പാടില്ലാത്തതാണ് എന്നാണ് മുസ്‌ലിം സംഘടനകൾ കോടതിയിൽ പരാതിപ്പെട്ടത്. മതങ്ങൾ വിമർശനങ്ങൾക്ക് അതീതമല്ല എന്നും മുസ്‌ലിം വികാരങ്ങൾ കണക്കിലെടുത്ത് മാധ്യമങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നത് ആവിഷ്‌കാര സ്വാതന്ത്ര്യങ്ങളെ ഹനിക്കുമെന്നുമായിരുന്നു വാരികയുടെ വാദം. എന്നാൽ ഫ്രാൻസിന്റെ മതേതരമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടായിരുന്നു പാരീസ് ഗ്രാൻഡ് മോസ്‌കും ഉത്തരവാദപ്പെട്ട മുസ്‌ലിം സംഘടനകളും അതിനോട് പ്രതികരിച്ചത്. 'ഇവിടുത്തെ പ്രശ്‌നം അഭിപ്രായ സ്വാതന്ത്ര്യത്തിന്റെതല്ല. വംശീയ വിദ്വേഷത്തിന്റെയും വർഗീയതയുടെതുമാണ്. വംശീയ വിദ്വേഷവും വർഗീയതയും (racism) രാജ്യത്ത് നിരോധിക്കപ്പെട്ടവയാണ്. കാർട്ടൂണുകളിൽ ചിലത് മുസ്‌ലിം സമൂഹത്തെ ഭീകരരായി ചിത്രീകരിക്കുന്നതാണ്. അത് തികച്ചും വർഗീയതയാണ്.' ഗ്രാൻഡ് മോസ്‌കിനു വേണ്ടി ഹാജരായ അഭിഭാഷകൻ ഫ്രാൻസിസ് സ്‌പൈനർ കോടതിയിൽ പറഞ്ഞു.

തെരുവിലിറങ്ങി അക്രമം കാണിക്കുന്നതിന് പകരം നിയമപരമായി നേരിടാനായിരുന്നു ഫ്രാൻസിലെ മുസ്‌ലിം കൂട്ടായ്മകൾ ഫ്രഞ്ച് മുസ്‌ലിംകളോട് അഭ്യർഥിച്ചിരുന്നത്. പ്രവാചകനിന്ദ പ്രചരിപ്പിച്ച ഷാർലി എബ്ദോയുടെ നടപടിയെ മുൻ ഫ്രഞ്ച് പ്രസിഡണ്ട് ജാക് ഷിറാക് ശക്തമായ ഭാഷയിൽ അപലപിച്ചിരുന്നു. മുസ്‌ലിം സമുദായത്തെ മനഃപൂർവം പ്രകോപിപ്പിക്കുന്നതിന് വേണ്ടിയുള്ള ബോധപൂർവമായ നടപടികളാണ് വാരികയുടേതെന്നായിരുന്നു അദ്ദേഹത്തിന്റെ വിമർശനം.

> **സമൂഹത്തിൽ നന്മ പ്രചരിപ്പിക്കുകയും തിന്മകളെ ചൂണ്ടിക്കാണിക്കുകയും വിമർശിക്കുകയും ചെയ്യുക എന്നതാണ് ആവിഷ്‌കാര സ്വാതന്ത്ര്യത്തിന്റെ യഥാർഥ ധർമം. വിമർശനം ഒരിക്കലും അവഹേളനമല്ല. അഭിപ്രായ വ്യത്യാസങ്ങളിൽ ഒരു അഭിപ്രായത്തോട് യോജിപ്പും മറ്റൊരു അഭിപ്രായത്തോട് വിയോജിപ്പും ഉണ്ടാവുക സ്വാഭാവികമാണ്. വിയോജിപ്പുകളോട് മാന്യമായ ശൈലിയിൽ അഭിപ്രായങ്ങൾ പറഞ്ഞു പ്രതികരിക്കുന്നതിനെയാണ് വിമർശനം, നിരൂപണം എന്നെല്ലാം പറയുന്നത്. അതൊരിക്കലും വിവിധ സമൂഹങ്ങൾ ആദരിക്കുന്ന വ്യക്തികളെ അപമാനിക്കലോ ഇടിച്ചുതാഴ്ത്തലോ അല്ല.**

എന്നാൽ ഇപ്പോഴത്തെ പ്രസിഡണ്ട് ഇമ്മാനുവൽ മാക്രോൺ നടത്തിയ പരാമർശങ്ങൾ വളരെ അപക്വവും അനവസരത്തിലുള്ളതും വസ്തുതാവിരുദ്ധവുമാണ്. തീവ്രവികാരങ്ങളാലും മറ്റുള്ളവരെ നശിപ്പിക്കുന്ന തരത്തിലുള്ള പുനരുജ്ജീവിപ്പിക്കപ്പെട്ട ജിഹാദിനാലും വലയംചെയ്യപ്പെട്ട മതമാണ് ഇസ്‌ലാം എന്നും അത് ലോകത്താകമാനം പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ് എന്നുമാണ് മാക്രോൺ പറഞ്ഞത്. സ്വന്തം രാജ്യത്തു നടന്ന തീവ്രവാദപ്രവർത്തനങ്ങളെ അദ്ദേഹം അപലപിക്കണം. അതിൽ രണ്ടഭിപ്രായമില്ല. പക്ഷേ, ഇസ്‌ലാമിനെയും ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളെയും അപമാനിക്കാനും അവരെ വേദനിപ്പിക്കാനുമാണ് മാക്രോൺ ഈ അവസരത്തെ ഉപയോഗിച്ചത്. അധ്യാപകന്റെ കൊലയെ അപലപിക്കുന്നതോടൊപ്പം കൊലയിലേക്ക് നയിച്ച ആവിഷ്‌കാര സ്വാതന്ത്ര്യത്തിന്റെ മറവിൽ കൗമാരപ്രായക്കാർക്കിടയിൽ അധ്യാപകൻ നടത്തിയ വിദ്വേഷപ്രവർത്തനങ്ങളെ ഫ്രഞ്ച് പ്രസിഡണ്ട് കാണാതെ പോയത് ശരിയായില്ല. രണ്ടും അപലപിക്കപ്പെടേണ്ടതാണ്. അതോടൊപ്പം ഇസ്‌ലാമിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്നതോ മുസ്‌ലിംകളിൽ ചിലർ നടത്തിക്കൊണ്ടിരിക്കുന്നതോ ആയ കുറ്റകൃത്യങ്ങളെ മുഴുവൻ മുസ്‌ലിം ലോകത്തിന്റെ ചുമലിൽ വെക്കുകയും മുസ്‌ലിംസമൂഹം മുഴുവൻ തീവ്രവാദികളും ഭീകരവാദികളുമാണെന്നു ധ്വനിപ്പിക്കുകയും ചെയ്യുന്ന പ്രസ്താവനകൾ ഉത്തരവാദപ്പെട്ട ഭരണാധികാരിയിൽനിന്നും ഉണ്ടാകാൻ പാടുണ്ടായിരുന്നില്ല. ലോകത്തെ മുഴുവൻ മുസ്‌ലിം രാജ്യങ്ങളും അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ഒറ്റക്കെട്ടായി മാക്രോണിന്റെ പ്രസ്താവനക്കെതിരെ രംഗത്തുവന്നിട്ടുള്ള കാര്യം ഫ്രാൻസ് മറക്കാൻ പാടില്ല.

## ആവിഷ്‌കാരസ്വാതന്ത്ര്യം എന്ന തുറുപ്പുശീട്ട്

ആവിഷ്‌കാര സ്വാതന്ത്ര്യം എന്ന തുറുപ്പുശീട്ടാണ് അവഹേളനങ്ങൾ നടത്തുന്നവർ ഉപയോഗിക്കാറുള്ളത്. സമൂഹത്തിൽ നന്മ പ്രചരിപ്പിക്കുകയും തിന്മകളെ ചൂണ്ടിക്കാണിക്കുകയും വിമർശിക്കുകയും ചെയ്യുക എന്നതാണ്




ആവിഷ്‌കാര സ്വാതന്ത്ര്യത്തിന്റെ യഥാർഥ ധർമം. വിമർശനം ഒരിക്കലും അവഹേളനമല്ല. അഭിപ്രായ വ്യത്യാസങ്ങളിൽ ഒരു അഭിപ്രായത്തോട് യോജിപ്പും മറ്റൊരു അഭിപ്രായത്തോട് വിയോജിപ്പും ഉണ്ടാവുക സ്വാഭാവികമാണ്. വിയോജിപ്പുകളോട് മാന്യമായ ശൈലിയിൽ അഭിപ്രായങ്ങൾ പറഞ്ഞു പ്രതികരിക്കുന്നതിനെയാണ് വിമർശനം, നിരൂപണം എന്നെല്ലാം പറയുന്നത്. ഇത് സാഹിത്യലോകത്ത് പരക്കെ അറിയപ്പെട്ട കാര്യമാണ്. അതൊരിക്കലും വിവിധ സമൂഹങ്ങൾ ആദരിക്കുന്ന വ്യക്തികളെ അപമാനിക്കലോ ഇടിച്ചുതാഴ്ത്തലോ അല്ല. 'എന്റെ മുഷ്ടി ഉയർത്താനുള്ള അവകാശം മറ്റെയാളുടെ മൂക്ക് ആരംഭിക്കുന്നിടത്ത് അവസാനിക്കുന്നു' എന്ന ആപ്ത വാക്യം ഏതൊരു സ്വാതന്ത്ര്യത്തിന്റെ വിഷയത്തിലും ബാധകമാണ്. മറ്റുള്ളവർക്ക് ശാരീരികമോ മാനസികമോ ആയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്‌കാര സ്വാതന്ത്ര്യത്തിന്റെ മറവിൽ അനുവദിക്കാൻ സാധിക്കില്ല. 'അല്ലാഹുവിനു പുറമെ അവർ വിളിച്ചു പ്രാർഥിക്കുന്നവരെ നിങ്ങൾ അധിക്ഷേപിക്കരുത്' എന്ന ക്വുർആനിക വചനം ആവിഷ്‌കാര വാദികൾ ഓർത്തുവെക്കുന്നത് നല്ലതാണ്.

ഫ്രാൻസിലെ സംഭവങ്ങളെ ചൂണ്ടിക്കാട്ടി കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ പറഞ്ഞ വാചകങ്ങൾ വളരെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞു: 'ആവിഷ്‌കാര സ്വാതന്ത്ര്യത്തിനായി നാം എപ്പോഴും നിലകൊള്ളേണ്ടതുണ്ട്. പക്ഷേ, അതിന് പരിധിയും പരിമിതിയുമില്ലെന്ന് കരുതുകയും ചെയ്യാൻ പാടില്ല. ചില ജനസമൂഹങ്ങൾക്കെതിരിൽ അനാവശ്യമായും അനിയന്ത്രിതമായും ഉപയോഗിക്കാനുള്ള ആയുധമല്ല അത്. മറ്റുള്ളവരോട് ബഹുമാനം കാണിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ നാം നമ്മോടുതന്നെ കടപ്പെട്ടിരിക്കുന്നു. നമ്മുടേതുപോലുള്ള ബഹുസ്വരവും വൈവിധ്യപൂർണവും ആദരണീയവുമായ സമൂഹത്തിൽ,

നമ്മുടെ വാക്കുകളും പ്രവൃത്തികളും മറ്റുള്ളവരിലുണ്ടാക്കുന്ന സ്വാധീനം വളരെ വലുതാണ്. പ്രത്യേകിച്ച് വിവേചനം അനുഭവിക്കുന്ന സമൂഹങ്ങളുടെ കാര്യത്തിൽ നാം വാക്കുകൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കണം' (https://www.dawn.com/news/1587848/freespeechhaslimitscanadastrudeausays).

കാനഡയ്ക്കു ശേഷം റഷ്യയും ഫ്രാൻസിന്റെ നിലപാടിനെ തള്ളിക്കൊണ്ട് രംഗത്തുവന്നു. മതനിന്ദ ഉൾക്കൊള്ളുന്നതും വംശീയ വിദ്വേഷം പരത്തുന്നതുമായ പ്രസിദ്ധീകരണങ്ങൾ റഷ്യയിൽ അനുവദിക്കില്ലെന്നാണ് ക്രെംലിൻ ഔദ്യോഗിക വക്താവ് ദിമിത്രി പെസ്കോവ് പ്രതികരിച്ചത്. 'നിലവിലെ നിയമനിർമാണം ഉൾപ്പെടെ, നമ്മുടെ രാജ്യത്ത് (ഷാർലി എബ്ദോ പോലെയുള്ള) മാധ്യമങ്ങളുടെ നിലനിൽപ്പ് തീർത്തും അസാധ്യമാണ്. രാജ്യത്തെ അടിസ്ഥാനമതം ക്രിസ്തുമതമാണെങ്കിലും രണ്ട് കോടി മുസ്‌ലിംകൾ റഷ്യയിൽ അധിവസിക്കുന്നുണ്ട്. രാജ്യത്തിന്റെ പ്രത്യേകത അതിന്റെ ബഹുവംശീയതയും ബഹുജനത്വവുമാണ്. പരസ്പരബന്ധം കാത്തുസൂക്ഷിക്കുകയും എല്ലാ വിശ്വാസങ്ങളും പരസ്പരം ബഹുമാനിക്കുകയും ചെയ്യുക എന്നതാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ള നിലപാട്.' (https://www.aa.comt.r/en/europe/russiawillnotallowantiislammedia/2023858).

## കുഴപ്പങ്ങൾ ക്ഷണിച്ചുവരുത്തരുത്

ഒരു രാജ്യത്തെ അസ്വസ്ഥജനകമാക്കുന്ന പ്രവർത്തനങ്ങൾ ആരുതന്നെ നടത്തിയാലും അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സർക്കാരുകൾക്ക് ബാധ്യതയുണ്ട്. ഏതെങ്കിലും ഒരു കുറ്റകൃത്യം പോലെയല്ല മതനിന്ദയും ആക്ഷേപാവഹേളനങ്ങളും. സമൂഹത്തിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കാനും വ്യാപകമായ കുഴപ്പങ്ങളും കലാപങ്ങളും സൃഷ്ടിക്കുവാനും അവയ്ക്ക് സാധിക്കുമെന്നതിന് ചരിത്രം സാക്ഷിയാണ്. 'കുഴപ്പമുണ്ടാക്കൽ കൊല നടത്തുന്നതിനെക്കാൾ നിഷ്ഠൂരമാണ്' (ക്വുർആൻ 2:191), 'കുഴപ്പമുണ്ടാക്കൽ കൊല നടത്തുന്നതിനെക്കാൾ ഗുരുതരമാണ്' (ക്വുർആൻ 2:217) തുടങ്ങിയ ക്വുർആനിക വചനങ്ങൾ അതാണ് സൂചിപ്പിക്കുന്നത്. കുഴപ്പങ്ങൾ വരാതെ സൂക്ഷിക്കാനുള്ള മുൻകരുതലുകൾ എടുക്കാതെ പിന്നീടുണ്ടാവുന്ന ദുരന്തങ്ങളെ മാത്രം പഴിച്ചിട്ടു കാര്യമില്ല. ആവിഷ്‌കാരസ്വാതന്ത്ര്യത്തിന്റെ മറവിൽ എന്തും അനുവദിക്കാമെന്ന നിലപാട് സ്വീകരിച്ചു കഴിഞ്ഞാൽ ലോകത്ത് കലാപങ്ങളുടെ പേരിൽ മരിച്ചുവീഴുന്നവരുടെ എണ്ണം വർധിക്കുകയേ ഉള്ളൂ. കുഴപ്പമുണ്ടാക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ജനങ്ങൾക്കിടയിൽ അസ്വസ്ഥത വിതക്കുന്നവരെ നിയന്ത്രിക്കുകയും ചെയ്യണമെന്നതാണ് ദൈവിക നിർദേശങ്ങൾ. ഇത്തരം നിർദേശങ്ങൾ പാലിക്കപ്പെടാതിരിക്കുമ്പോഴാണ് ലോകം മുഴുവൻ കലാപങ്ങളുടെ പിടിയിൽ അമരുക. ഇത് മുൻകൂട്ടിക്കണ്ടുകൊണ്ട് കുഴപ്പങ്ങൾ തുടങ്ങിവെക്കുന്നവരെ നിയന്ത്രിക്കുകയാണ് രാജ്യത്തിന്റെ ഭദ്രത കാംക്ഷിക്കുന്ന ഭരണാധികാരികൾ ചെയ്യേണ്ടത്. ക്വുർആൻ പറയുന്നു: '(ഇത്തരം നിർദേശങ്ങൾ) നിങ്ങൾ പ്രാവർത്തികമാക്കിയിട്ടില്ലെങ്കിൽ നാട്ടിൽ കുഴപ്പവും വലിയ നാശവും ഉണ്ടായിത്തീരുന്നതാണ്' (ക്വുർആൻ 8:73).

പ്രവാചകന്മാർക്കെതിരെയുള്ള അവഹേളനവും ആക്ഷേപവും പരിഹാസവും പുതിയതല്ല. അവർ പ്രബോധനം ചെയ്തുവന്നിരുന്ന കാലങ്ങളിലെല്ലാം അതുണ്ടായിരുന്നു. വിശുദ്ധ ക്വുർആനും പൂർവവേദങ്ങളും പ്രതിപാദിക്കുന്ന ചരിത്രങ്ങളിൽ ധാരാളമായി അത് കാണാൻ സാധിക്കും. അത്തരം സന്ദർഭങ്ങളിൽ പ്രവാചകന്മാരും അവരുടെ യഥാർഥ അനുയായികളും സ്വീകരിച്ചിരുന്ന നിലപാടുകളും വർത്തമാനകാലത്ത് ചർച്ച ചെയ്യപ്പെടേണ്ടത് അനിവാര്യമാണ്. പ്രവാചകന്മാരോടുള്ള സ്‌നേഹം പലപ്പോഴും അവർ പഠിപ്പിക്കാത്ത അതിരുവിട്ട പ്രതികരണങ്ങളിലേക്കും മാന്യതയില്ലാത്ത സംസാരങ്ങളിലേക്കും സമൂഹത്തിൽ വ്യാപകമായ കുഴപ്പങ്ങൾ വരുത്തിവെക്കുന്ന പ്രസ്താവനകളിലേക്കും നയിക്കുന്നുണ്ട്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം പ്രമാണങ്ങളിൽനിന്നും ചരിത്രത്തിൽനിന്നുമാണ് അവർ പാഠങ്ങൾ ഉൾക്കൊള്ളേണ്ടതും നിലപാടുകൾ സ്വീകരിക്കാനുള്ള പക്വത കൈവരിക്കേണ്ടതും.

ഇസ്‌ലാമിനെയും മുഹമ്മദ് നബിﷺയെയും അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന പ്രവണത വർധിച്ചുകൊണ്ടിരിക്കുമ്പോൾ ഇസ്‌ലാമികലോകത്ത് പ്രതികരണങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അഭിപ്രായ, ആവിഷ്‌കാരസ്വാതന്ത്ര്യത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായാണ് ലോകം ആദരിക്കുന്ന പ്രവാചകനെ മ്ലേച്ഛമായ രീതിയിൽ ഇടിച്ചുതാഴ്ത്തുന്ന അപമാനകരമായ കാർട്ടൂണുകൾ ബോധപൂർവം ആവർത്തിച്ചാവർത്തിച്ച് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ആവിഷ്‌കാരസ്വാതന്ത്ര്യത്തെ ഇത്തരത്തിൽ ദുരുപയോഗം ചെയ്യുമ്പോൾ പ്രതികരിക്കേണ്ടത് എങ്ങനെയെന്ന കാര്യത്തിൽ മുസ്‌ലിംലോകം ഉണർന്നുചി

ന്തിക്കേണ്ടതുണ്ട്. ഇസ്‌ലാമിനോടും പ്രവാചകനോടും വളരെയധികം ആത്മാർഥതയുള്ള ഏതൊരു വ്യക്തിക്കും അങ്ങേയറ്റത്തെ വിഷമവും പ്രയാസവും ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ 'പ്രതികരിക്കേണ്ടതില്ലേ' എന്ന ചോദ്യം വളരെ പ്രസക്തമാണ്. അങ്ങനെ ചോദിക്കുന്നവരെ മുഴുവൻ തീവ്രവാദികൾ എന്നു മുദ്രകുത്തുന്നതിന് പകരം അവർക്ക് ആശ്വാസകരവും തൃപ്തികരവുമായ മാർഗനിർദേശങ്ങൾ നൽകുകയാണ് വേണ്ടത്.

ഒരു മുസ്‌ലിം എല്ലാ കാര്യങ്ങളിലും ദൈവിക നിർദേശങ്ങൾ മാത്രം പാലിക്കാൻ ബാധ്യതപ്പെട്ടവനാണ്. ദൈവിക നിർദേശങ്ങൾ പാലിക്കാതെ ഇഹലോകത്തെ മാത്രം ഉദ്ദേശിച്ചു നടക്കുന്ന ആളുകൾക്കും വിഭാഗങ്ങൾക്കും പ്രതികരണങ്ങളിലോ സംസാരങ്ങളിലോ ആവിഷ്‌കാരങ്ങളിലോ നിയന്ത്രണങ്ങൾ ഉണ്ടാവില്ല. കാരണം പരലോകശിക്ഷയെ അവർ ഭയപ്പെടുന്നില്ല. എന്നാൽ പരലോകത്തെ ഭയപ്പെടുന്ന വിശ്വാസിക്ക് ഇഹലോകത്ത് അതിരുവിട്ടു യാതൊന്നും ചെയ്യാൻ സാധിക്കില്ല. വിശ്വാസിക്ക് നിയന്ത്രണങ്ങളുണ്ട്. അങ്ങനെയുള്ള നിയന്ത്രണങ്ങളെയാണ് ക്ഷമ, സംയമനം തുടങ്ങിയ പദങ്ങളിലൂടെ വിശുദ്ധ ക്വുർആൻ ഉദ്‌ബോധിപ്പിച്ചിട്ടുള്ളത്. 'നിങ്ങൾ അതിരുവിട്ടു പ്രവർത്തിക്കരുത്; അതിരുവിടുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല' (ക്വുർആൻ 2:190) തുടങ്ങിയ ധാരാളം വചനങ്ങൾ ക്വുർആനിൽ കാണാം.

> **ഒരു രാജ്യത്തെ അസ്വസ്ഥജനകമാക്കുന്ന പ്രവർത്തനങ്ങൾ ആരുതന്നെ നടത്തിയാലും അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സർക്കാരുകൾക്ക് ബാധ്യതയുണ്ട്. ഏതെങ്കിലും ഒരു കുറ്റകൃത്യം പോലെയല്ല മതനിന്ദയും ആക്ഷേപാവഹേളനങ്ങളും. സമൂഹത്തിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കാനും വ്യാപകമായ കുഴപ്പങ്ങളും കലാപങ്ങളും സൃഷ്ടിക്കുവാനും അവയ്ക്ക് സാധിക്കുമെന്നതിന് ചരിത്രം സാക്ഷിയാണ്. ആവിഷ്‌കാരസ്വാതന്ത്ര്യത്തിന്റെ മറവിൽ എന്തും അനുവദിക്കാമെന്ന നിലപാട് സ്വീകരിച്ചു കഴിഞ്ഞാൽ ലോകത്ത് കലാപങ്ങളുടെ പേരിൽ മരിച്ചുവീഴുന്നവരുടെ എണ്ണം വർധിക്കുകയേ ഉള്ളൂ.**

## പ്രവാചകനിന്ദ അദ്ദേഹത്തിന്റെ കാലത്ത്

പ്രവാചക അവഹേളനങ്ങൾ അദ്ദേഹം ജീവിച്ചിരിപ്പുള്ള കാലത്ത്, പ്രബോധനം ആരംഭിച്ചത് മുതൽ നിലനിൽക്കുന്നുണ്ട്. ശാരീരികമായി ഉപദ്രവിച്ചും വഴികൾ തടഞ്ഞും വധിക്കാൻ ശ്രമിച്ചും വളരെയധികം പീഡനങ്ങൾ അവർ ചൊരിഞ്ഞു. പ്രവാചകനെ അവർ വ്യക്തിപരമായി അവഹേളിച്ച് മാനസികമായി തളർത്താൻ ശ്രമിച്ചു. ഭ്രാന്തൻ, ആഭിചാരക്കാരൻ, കവി, വാലറ്റവൻ, പെരുംകള്ളൻ, കോപ്പിയടിക്കുന്നവൻ തുടങ്ങി പലതരത്തിലുള്ള പേരുകളും വിളിച്ച് അദ്ദേഹത്തെ അവർ അപഹസിച്ചിരുന്നു. പക്ഷേ, അത്തരം അപഹാസ്യങ്ങളോട് എന്ത് നിലപാട് പുലർത്തണം എന്നും അദ്ദേഹത്തിന് അല്ലാഹു നിർദേശം നൽകിയിരുന്നു. ക്വുർആൻ പറയുന്നു: "അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ചുകൊള്ളുക. ബഹുദൈവവാദികളിൽനിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക. പരിഹാസക്കാരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ തീർച്ചയായും നാം മതിയായിരിക്കുന്നു. അതായത് അല്ലാഹുവോടൊപ്പം മറ്റു ദൈവത്തെ സ്ഥാപിക്കുന്നവർ പിന്നീട് അവർ അറിഞ്ഞുകൊള്ളും. അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിമിത്തം നിനക്ക് മനഃപ്രയാസം അനുഭവപ്പെടുന്നുണ്ട് എന്ന് തീർച്ചയായും നാം അറിയുന്നുണ്ട്. ആകയാൽ നിന്റെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് നീ സ്‌തോത്രകീർത്തനം നടത്തുകയും, നീ സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക. മരണം നിനക്ക് വന്നെത്തുന്നതുവരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (ക്വുർആൻ 15:94-99).

ഒരു പ്രവാചകന്റെയും ശേഷം വരുന്ന പ്രബോധകന്റെയും ഉത്തരവാദിത്തം ജനങ്ങളെ പരലോകം ബോധ്യപ്പെടുത്തി ശരിയായ ദൈവവിശ്വാസം പഠിപ്പിച്ച് സംസ്‌കരിക്കുക എന്നതാണ്. അതിനെതിരെ വഴിമുടക്കികളായി പലരും പല രൂപത്തിലും കടന്നുവരും. വ്യക്തിപരമായ ആക്ഷേപങ്ങൾ, തെറ്റിദ്ധരിപ്പിക്കലുകൾ, പരിഹാസം, മോശമായ വാക്കുകളിലൂടെ തെറിവിളിക്കൽ തുടങ്ങി പ്രബോധകന്റെ മാർഗത്തെ തെറ്റിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുകയും അതിലൂടെ മുതലെടുപ്പ് നടത്തുകയും ചെയ്യുക എന്നതാണ് ഇരുട്ടിന്റെ ശക്തികൾ എന്നും നടത്തിക്കൊണ്ടിരിക്കുന്നത്. അതിലൂടെ രണ്ട് കാര്യങ്ങളാണ് അത്തരക്കാർ നേടിയെടുക്കുന്നത്. പ്രബോധകന്റെ പ്രവർത്തനമാർഗത്തെ വഴിതിരിച്ചുവിടുകയും മുമ്പോട്ടുള്ള ഗമനത്തെ പിടിച്ചുകെട്ടുകയും ചെയ്യുക, ജനശ്രദ്ധ

പിടിച്ചുപറ്റി അതിലൂടെ പണവും പ്രസിദ്ധിയും നേടുക എന്നിവയാണത്. ഫ്രാൻസിൽ തന്നെ ഷാർലി എബ്ദോ പ്രവാചക കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചപ്പോൾ ലോകത്തുണ്ടായ പ്രതികരണങ്ങൾ കാരണം അവരുടെ കോപ്പികൾ ഇരട്ടികളായി വർധിക്കുകയുണ്ടായി. ഡെന്മാർക്കിലും ഹോളണ്ടിലും മാത്രമല്ല, സൽമാൻ റുഷ്ദിയുടെ ക്ഷുദ്രകൃതിക്ക് പോലും ഇതാണ് സംഭവിച്ചത്. റുഷ്ദിയുടെ തലകൊയ്യാൻ ഇറാൻ കൽപന പുറപ്പെടുവിച്ചതോടെ അതിന്റെ നേട്ടം റുഷ്ദിയുടെ സാത്താനിക് വേഴ്സസിനായിരുന്നു ലഭിച്ചത്. മുകളിൽ സൂചിപ്പിച്ച ക്വുർആൻ സൂക്തത്തിൽ 'ഇന്നാ കഫയ്നാകൽ മുസ്തഹ്സിഈൻ' (പരിഹസിക്കുന്നവർക്കെതിരെ അല്ലാഹു മതി) എന്ന അല്ലാഹുവിന്റെ ആശ്വാസവചനം ഇസ്‌ലാമിനു വേണ്ടി പ്രവർത്തിക്കുന്ന ഏതൊരാളും ഉൾക്കൊള്ളേണ്ട വചനമാണ്. മുഹമ്മദ് നബി ﷺ മാത്രമല്ല, ലോകത്ത് കഴിഞ്ഞുപോയ മുഴുവൻ പ്രവാചകന്മാരുടെയും അവസ്ഥ ഇതുതന്നെയാണ്.

"നിനക്കു മുമ്പ് പല ദൂതൻമാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് അവരെ കളിയാക്കിയിരുന്നവർക്ക് അവർ പരിഹസിച്ചുകൊണ്ടിരുന്നതെന്തോ അത് വന്നുഭവിക്കുക തന്നെ ചെയ്തു" (ക്വുർആൻ 6:10).

മുഹമ്മദ് നബിയടക്കം ലോകത്തു കഴിഞ്ഞുപോയ സകല പ്രവാചകന്മാരും അനാദരിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവരെയെല്ലാവരെയും ഒരു വ്യത്യാസവുമില്ലാതെ ആദരിക്കുന്നവരാണ് മുസ്‌ലിംകൾ. മോസസ് (മൂസ), ജീസസ് (ഈസ) തുടങ്ങിയ പ്രവാചകന്മാർക്കെതിരെ ആണെങ്കിലും അവഹേളനങ്ങളും അനാദരിക്കലും മുസ്‌ലിംകൾ അംഗീകരിക്കില്ല. 'അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല' (ക്വുർആൻ 2:285) എന്നതാണ് അവരുടെ നിലപാട്.

### ശൈഖ് ഫൗസാൻ പറയുന്നു

ഫ്രാൻസിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ടുകൊണ്ട് പ്രശസ്ത പണ്ഡിതൻ സ്വാലിഹ് അൽഫൗസാൻ പറഞ്ഞത് മുസ്‌ലിംലോകം കാതോർക്കേണ്ടതാണ്. അദ്ദേഹം പറഞ്ഞു: "ഇതൊരു പുതിയ കാര്യമല്ല. അല്ലാഹുവിന്റെ തിരുദൂതരുടെ കാലത്തുതന്നെ ഇത്തരം ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തെ ജോത്സ്യൻ, ആഭിചാരക്കാരൻ, കവി, വ്യാജൻ തുടങ്ങിയ പ്രയോഗങ്ങളിലൂടെ അധിക്ഷേപിച്ചപ്പോൾ അദ്ദേഹം ക്ഷമിച്ചു. അദ്ദേഹം പ്രതികാര നടപടികൾ സ്വീകരിച്ചില്ല. ജനജീവിതം ദുസ്സഹമാക്കിക്കൊണ്ടുള്ള തെരുവുകളിലെ പ്രതിഷേധങ്ങൾ കൊണ്ടോ നിരപരാധികൾക്കെതിരെ അക്രമം അഴിച്ചുവിട്ടോ അദ്ദേഹം പ്രവർത്തിച്ചില്ല. 'ഒരു വിഭാഗത്തോടുള്ള വിദ്വേഷം അനീതി പ്രവർത്തിക്കാൻ പ്രേരിപ്പിക്കരുത്' എന്നാണ് ക്വുർആൻ പറയുന്നത്. ഇസ്‌ലാം ശത്രുതയുടെയോ പ്രതികാരത്തിന്റെയോ കോപാന്ധതയുടെയോ മതമല്ല. കാരുണ്യത്തിന്റെയും സന്മാർഗത്തിന്റെയും സൗമ്യതയുടെയും മതമാണ്. പ്രവാചകന്റെ ക്ഷമ ഒടുവിൽ ഇസ്‌ലാമിന് വിജയം നൽകി. പല ശത്രുക്കളും ഇസ്‌ലാമിന്റെ പതാകവാഹകരായി. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് വിവരദോഷികളുടെ വിവരക്കേടുകളാണ്. അതിലേക്ക് ശ്രദ്ധകൊടുക്കാതിരിക്കുക. മുസ്‌ലിംകൾ തെരുവുകളിറങ്ങി അക്രമം നടത്തണമെന്നാണ് ഇത്തരക്കാർ ഉദ്ദേശിക്കുന്നത്. അവരുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നവരാകരുത് മുസ്‌ലിംകൾ' (https://www.youtube.com/watch?v=-ntp9iZcCsYU).

ഇസ്‌ലാമിക ആദർശങ്ങൾ ചോദ്യം ചെയ്യപ്പെടുകയോ വിമർശിക്കപ്പെടുകയോ ചെയ്യാൻ പാടില്ലെന്ന് മുസ്‌ലിംകൾക്ക് അഭിപ്രായമില്ല. ഏതൊരു ആദർശവും വിമർശിക്കപ്പെടുക സ്വാഭാവികമാണ്. ആരോഗ്യകരമായ വിമർശനങ്ങളും നിരൂപണങ്ങളും ആവിഷ്ക്കാരങ്ങളും മനുഷ്യസമൂഹത്തിന്റെ ചിന്താ മണ്ഡലങ്ങളിൽ ഗുണപരമായ ചലനങ്ങൾ സൃഷ്ടിക്കും. ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാമിക ആദർശത്തെക്കുറിച്ചുമുള്ള പരാമർശങ്ങളെ മുസ്‌ലിംലോകം കണ്ണടച്ച് എതിർക്കാറില്ല. ഇസ്‌ലാമിനെതിരെ ആർക്കും ഒന്നും പറയാൻ അവകാശമില്ലെന്ന ധാരണയും മുസ്‌ലിംകൾ വെച്ചുപുലർത്താറില്ല. അബദ്ധധാരണകളിൽനിന്നും അജ്ഞതയിൽനിന്നും തെറ്റിദ്ധരിപ്പിക്കലുകളിൽ നിന്നും ഉൽഭൂതമാകുന്ന ചോദ്യങ്ങളെയും വിമർശനങ്ങളെയും ഇസ്‌ലാം ശത്രുതാപരമായി കാണാറില്ല. സദുദ്ദേശ്യപരമായി അത്തരം ചോദ്യങ്ങൾ ഉന്നയിക്കുകയും വിമർശിക്കുകയും ചെയ്തവരിൽ പലർക്കും പിന്നീട് യഥാർഥ ദൈവികമാർഗത്തെ പുൽകാൻ സാധിച്ചതായി നമുക്കുകാണാം.

ഇസ്‌ലാം ലോകത്തോടു സംസാരിക്കുന്നത് അതിന്റെ പ്രമാണങ്ങളിലൂടെയാണ്. ക്വുർആനും പ്രവാചക ചര്യയുമാണ് പ്രമാണങ്ങൾ. മുൻവിധികളില്ലാതെ അവയെ പഠിക്കുന്നവരിൽ ഭൂരിപക്ഷവും ഇസ്‌ലാമിനോടുണ്ടായിരുന്ന വിമർശനങ്ങളും ശത്രുതയും അലിഞ്ഞില്ലാതാവുകയാണ് അവയെ മുൻവിധികളില്ലാതെ പഠിക്കുന്നവരിൽ

പലർക്കും സംഭവിക്കുന്നത്. അതുകൊണ്ടാണ് ലോകത്ത് വിശിഷ്യാ യൂറോപ്യൻ രാജ്യങ്ങളിൽ ഇസ്‌ലാമിനുള്ള സ്വീകാര്യത വർധിക്കുന്നത്. പക്ഷേ, ഈ സ്വീകാര്യത പലർക്കും അലോസരങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ട് ഇസ്‌ലാമിക പ്രമാണങ്ങൾ വായിക്കപ്പെടാതെ പോകുന്നതിനു വേണ്ടി ലോകത്തിന്റെ ശ്രദ്ധതിരിക്കുകയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. അതിനുള്ള എളുപ്പമാർഗം മുസ്‌ലിംകളെ പ്രകോപിപ്പിക്കുക എന്നതാണ്. അങ്ങനെ പ്രകോപിതരാകുന്ന മുസ്‌ലിംകളെ ചൂണ്ടിക്കാണിച്ച് ഇതാണ് ഇസ്‌ലാം എന്നും ഇസ്‌ലാം പ്രതിസന്ധിയിലാണ് എന്നുമെല്ലാം വിളിച്ചുപറയുകയാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ലോകത്തെ പല മുസ്‌ലിം രാജ്യങ്ങളും എത്രകണ്ട് ഇസ്‌ലാമികമല്ല എന്നത് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിച്ചിട്ടുള്ള ആളുകൾക്കറിയാം. അവിടങ്ങളിൽ നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങൾ, അനാശാസ്യ പ്രവണതകൾ തുടങ്ങിയവയ്ക്ക് ഇസ്‌ലാമിക പ്രമാണങ്ങളുമായി യാതൊരു ബന്ധവുമില്ല. മുസ്‌ലിം ഭരണാധികാരികളിൽ ചിലർ ഇസ്‌ലാമിന്റെ മധ്യമമാർഗം വിട്ട് വെല്ലുവിളികൾ ഉതിർക്കുന്നതും വലിയവായിലുള്ള വർത്തമാനങ്ങൾ പറയുന്നതും ഇസ്‌ലാമിന്റെ അക്കൗണ്ടിലാണ് ചേർക്കപ്പെടുന്നത് എന്നത് എത്രമാത്രം വിരോധാഭാസമാണ്! പ്രവാചകമാർഗത്തിൽനിന്നും എത്രമാത്രം വഴിമാറിയാണ് അവർ സഞ്ചരിക്കുന്നത് എന്നത് ലോകത്തിനറിയില്ല.



പ്രവാചകനെതിരെ കാർട്ടൂൺ പ്രദർശിപ്പിച്ച അധ്യാപകൻ കൊലചെയ്യപ്പെട്ടിരിക്കുകയാണ്. ചെച്നിയൻ വംശജനായ 18കാരനാണ് കൊലയാളി. ഈ കൊലപാതകത്തിന് കാരണം തീവ്രവാദമാണോ മറ്റെന്തെങ്കിലും കാരണമാണോ എന്നത് അന്വേഷണത്തിലൂടെ കണ്ടുപിടിക്കേണ്ട കാര്യമാണ്. ഫ്രാൻസിലെ പോലീസ് സംവിധാനവും ജുഡീഷ്യറിയും അന്വേഷിച്ച് വിധിപറയേണ്ട വിഷയമാണത്. പക്ഷേ, അതിനു മുമ്പേ സംഭവത്തിന്റെ എല്ലാ കുറ്റവും ഇസ്‌ലാമിന്റെ അക്കൗണ്ടിൽ ചേർക്കാനുള്ള ധൃതിയാണ് ഫ്രഞ്ച് പ്രസിഡണ്ട് കാണിച്ചത്. ഈ നടപടി ഒട്ടും നീതീകരണം അർഹിക്കുന്നില്ല. ഫ്രാൻസ് ലോകത്തിന്റെ പലയിടത്തും നടത്തിയ മനുഷ്യക്കുരുതികളെയും അതിക്രമങ്ങളെയും ആരും ക്രിസ്ത്യൻ തീവ്രവാദമായി അവതരിപ്പിച്ചിട്ടില്ല. അപ്പോഴൊന്നും ക്രിസ്തുമതം പ്രതിസന്ധിയിലാണെന്ന് ആരും ആരോപിച്ചിട്ടില്ല.

### കൊലപാതകം ഹീനം, കുറ്റകരം

എന്തിന്റെ പേരിലായാലും ആരെയും വധിക്കാനുള്ള അധികാരം വ്യക്തികൾക്കില്ല. അങ്ങനെയൊരാധികാരം ഇസ്‌ലാമിക പ്രമാണങ്ങളിൽ തിരഞ്ഞുനോക്കിയാൽ കണ്ടെത്താനും സാധിക്കില്ല. ഒരാളുടെ ജീവിക്കാനുള്ള അവകാശം ഹനിക്കുന്നതിനെ ആരും ഇസ്‌ലാമിന്റെ പേരിൽ ന്യായീകരിക്കേണ്ടതില്ല. ഇസ്‌ലാം അതിൽ കുറ്റക്കാരനല്ല. വർഷങ്ങൾക്ക് മുമ്പ് പ്രവാചകനെ നിന്ദിച്ചു എന്നതിന്റെ പേരിൽ (വിവരദോഷം കാണിച്ച) ഒരു അധ്യാപകന്റെ കൈവെട്ടിയ സംഭവം കേരളം മറന്നിട്ടില്ല. പ്രവാചകൻﷺ പഠിപ്പിക്കാത്ത ഇത്തരം ദുഷ്ചെയ്തികൾ പ്രവാചകന്റെ പേരിൽ തന്നെ നടപ്പാക്കുമ്പോൾ അവർ പ്രവാചകന്റെ നെഞ്ചിലാണ് കഠാരയിറക്കുന്നതെന്ന കാര്യം മറന്നുപോകുന്നു. മതത്തിന്റെ അകക്കാമ്പ് മനസ്സിലാക്കാത്ത, പ്രവാചകന്റെ ചര്യകളെക്കുറിച്ച് വേണ്ടവിധം പഠിക്കാത്ത ഇത്തരത്തിലുള്ള വികാരജീവികൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും വിവിധ മുസ്‌ലിം രാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ബോംബ് സ്ഫോടനങ്ങളും മുസ്‌ലിം വിഭാഗങ്ങൾ തമ്മിൽ നടക്കുന്ന സംഘട്ടനങ്ങളും കലാപങ്ങളും ഇസ്‌ലാമിന്റെ മുഖഛായക്ക് വലിയ കോട്ടം വരുത്തിയിട്ടുണ്ട് എന്ന സത്യം ആരും നിഷേധിച്ചിട്ട് കാര്യമില്ല. ഒട്ടകപ്പക്ഷിയെ പോലെ തല മണ്ണിൽ പൂഴ്ത്തിവെച്ചതുകൊണ്ട് മാത്രം മുഖത്തിന്റെ വൈരൂപ്യത്തെ മറച്ചുപിടിക്കാൻ സാധ്യമല്ല. മുസ്‌ലിംകൾ അപക്വമായ പ്രതികരണ സ്വഭാവം വെടിഞ്ഞ് പ്രമാണങ്ങളിലേക്ക് മടങ്ങണം. തൗഹീദിൽ നിന്നുള്ള വ്യതിചലനം അല്ലാഹുവിൽനിന്നുള്ള സഹായം നഷ്ടപ്പെടുത്തുമെന്ന് മനസ്സിലാക്കണം.

രാഷ്ട്രീയാധികാരങ്ങൾക്ക് വേണ്ടിയുള്ള മൽപ്പിടുത്തങ്ങൾ തന്നെയായിരുന്നു ഭൂതകാലങ്ങളിൽ ഇസ്‌ലാമിന്റെ യശസ്സിന് ഭംഗം വരുത്തിയത് എന്ന വസ്തുത ഒരു പാഠമായി സ്വീകരിക്കാനെങ്കിലും വർത്തമാന ഇസ്‌ലാമിക സമൂഹം തയ്യാറാവേണ്ടതുണ്ട്. ഭരണാധികാരികളിൽ ദൂഷ്യങ്ങൾ കണ്ടെത്തി അവരെ അട്ടിമറിക്കുകയും പണ്ഡിതന്മാരിൽ പ്രതികരണന്യൂനതകൾ കണ്ടെത്തി അവരെ ഒന്നിനും പറ്റാത്തവരായി ചിത്രീകരിക്കുകയും അവരുടെ സാരോപദേശങ്ങൾ തള്ളിക്കളയുകയും ചെയ്യുന്ന, എന്തിനും ഉറഞ്ഞുതുള്ളുന്ന ഒരു വിഭാഗമാണ് പലപ്പോഴും ഇസ്‌ലാമിന്റെ പ്രതീകങ്ങളായി പൊതു ഇടങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. അതിനു വേണ്ടി ക്വുർആനിക വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുകയും സാധാരണക്കാരായ ആളുകളെ ഇളക്കിവിടുകയും ചെയ്യുമ്പോൾ പൊതുലോകം അതെല്ലാം ഇസ്‌ലാമിന്റെ പേരിൽ വരവ് വെക്കുകയും ചെയ്യുന്നു. ഈ പ്രവണതക്ക് മാറ്റം വരുത്താൻ മുസ്‌ലിംലോകം തയ്യാറാവുക മാത്രമാണ് ഇതിനുള്ള പരിഹാരം. 'ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല' (ക്വുർആൻ 13:11).

### പ്രതികരണത്തിന്റെ ഇസ്‌ലാമികരീതി


വിമർശനങ്ങൾക്ക് വസ്തുതാപരമായും സത്യസന്ധമായും മറുപടി നൽകുന്നതിന് പകരം വ്യക്തികളെ അധിക്ഷേപിക്കുക എന്നത് ഇസ്‌ലാമിക രീതിയല്ല. സൽമാൻ റുഷ്ദിയുടെ ക്ഷുദ്രകൃതി പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ മുസ്‌ലിംലോകത്ത് രണ്ടുതരത്തിലുള്ള പ്രതികരണങ്ങളുണ്ടായി. ഒന്ന് റുഷ്ദിയുടെ തലയറുക്കാനുള്ള കൽപനയായിരുന്നു. ഇതിനു സൈദ്ധാന്തിക വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നൽകാൻ ചില സംഘടനകളും നേതാക്കളും തയ്യാറായതോടെ ഇസ്‌ലാമിന്റെ പേരിൽ തന്നെ തീവ്രവാദം മാർക്കറ്റ് ചെയ്യപ്പെട്ടു. അതേസമയം പ്രവാചകന്റെ ശരിയായ ജീവചരിത്രവും ഇസ്‌ലാമിന്റെ സൗന്ദര്യം വിളിച്ചോതുന്ന പ്രവാചകദർശനങ്ങളും പ്രചരിപ്പിക്കാനായിരുന്നു മറ്റൊരു വിഭാഗം ശ്രമിച്ചത്. ഹോളണ്ടിൽ നിന്നും ഡെന്മാർക്കിൽനിന്നും വീണ്ടും വീണ്ടും പ്രവാചക വ്യക്തിത്വത്തെ ഇടിച്ചു താഴ്ത്തി പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചപ്പോഴും അവർ ശാന്തമായി പ്രവാചക നന്മകൾ ഉള്ളടക്കം ചെയ്യപ്പെട്ട ലഘുകൃതികളും സിഡികളും വിതരണം ചെയ്തു പ്രതികരിച്ചു. അതിനു ഫലമുണ്ടായി. ഇസ്‌ലാമിനെക്കുറിച്ചും മുഹമ്മദ് നബിﷺയെക്കുറിച്ചും ഇസ്‌ലാമിന്റെ ശത്രുക്കൾ പ്രചരിപ്പിക്കുന്നത് മാത്രം കണ്ടും കേട്ടും ശീലിച്ച യൂറോപ്യൻ ജനത പ്രവാചകന്റെ യഥാർഥ ചരിത്രം വായിച്ചുതുടങ്ങിയപ്പോൾ അവരിൽ പലരും ഇസ്‌ലാം സ്വീകരിച്ചു. ചിലർ ശത്രുത വെടിഞ്ഞു.

ഹോളണ്ടിൽ ഇസ്‌ലാം വിമർശനത്തിന് വേണ്ടി കള്ളങ്ങൾ മെനഞ്ഞെടുത്ത് 'ഫിത്ന' എന്ന പേരിൽ സിനിമയുണ്ടാക്കിയ ആർനോഡ് വാൻഡൂൺ പിന്നീട് ഇസ്‌ലാം സ്വീകരിച്ചത് ഇതുപോലെയുള്ള പ്രബോധന പ്രവർത്തനങ്ങളുടെ ഫലമായിരുന്നു. പ്രവാചകനെതിരെ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ച കടുത്ത ഇസ്‌ലാം വിരോധിയും മുസ്‌ലിം വിരുദ്ധ വംശീയത രാഷ്ട്രീയമായി സ്വീകരിച്ച് പ്രവർത്തിക്കുന്നയാളുമായിരുന്ന ഹോളണ്ടിലെ ജോറം വാൻ ക്ലാവെറെൻ ഇസ്‌ലാം സ്വീകരിച്ചത് ഇസ്‌ലാമിനെ അതിന്റെ യഥാർഥ സ്രോതസ്സുകളിൽ പഠിക്കാൻ അവസരം ലഭിച്ചതുകൊണ്ടാണ്. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ച ശേഷം മാധ്യമങ്ങളോട് പറഞ്ഞ ഒരു വാചകം മുസ്‌ലിംകൾക്ക് എന്നും പാഠമാണ്: 'ഹോളണ്ടിനെതിരെ ഇസ്‌ലാമിന്റെ പേരിൽ ആരെങ്കിലും ഭീകരപ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ അംഗീകരിക്കാൻ കഴിയില്ല. ഇസ്‌ലാമിന്റെ പേരിൽ ഇത്തരം പ്രവർത്തനങ്ങൾ ഏഴാം നൂറ്റാണ്ടിൽ ഖവാരിജുകൾ തുടങ്ങിവെച്ചതാണ്. അതിനു ഇസ്‌ലാമല്ല കാരണം. ഖവാരിജുകളുടെ ചിന്താഗതികൾ അസ്തമിച്ചിട്ടില്ല, അതിന്റെ ആധുനിക രൂപമാണ് ഐ.എസ്. മുസ്‌ലിംകൾക്കിടയിൽ തന്നെ അജ്ഞതകൾ കാരണം തീവ്രനിലപാടുകൾ പുലർത്തുന്നവരുണ്ട്. അവരെ വിദ്യാഭ്യാസവൽക്കരിക്കുകയാണ് പരിഹാരമാർഗം' (https://www.islamictiy.org/18503/joramva nklavereniwantto explainislamwithall mylove/).

പ്രവാചകനെ വികലമാക്കി ചിത്രീകരിക്കുന്നതിന്റെ പിന്നിലുള്ള 'രാഷ്ട്രീയം' തിരിച്ചറിയാൻ ഇസ്‌ലാമിക സമൂഹത്തിന് സാധിക്കേണ്ടതുണ്ട്. പ്രവാചകദർശനങ്ങളുടെ പ്രചാരണമാണ് പ്രവാചകനിന്ദയെ ചെറുക്കാനുള്ള ഇസ്‌ലാമിക മാർഗം. പ്രവാചകനെ മാത്രമല്ല, ഒരു മനുഷ്യനെയും നിന്ദിക്കാൻ പാടില്ല എന്നതാണ് ഇസ്‌ലാമിക നിലപാട്. കുവൈത്ത് യുഎന്നിനോട് ആവശ്യപ്പെട്ടപോലെ സകല നിന്ദകളെയും നിരോധിക്കുന്നതിന് വേണ്ടി നിയമങ്ങൾ നിർമിക്കാൻ ലോകരാജ്യങ്ങൾ തയ്യാറാവണം. മുസ്‌ലിം, അമുസ്‌ലിം വേർതിരിവ് സൃഷ്ടിക്കുന്ന സമീപനം മുസ്‌ലിം രാജ്യങ്ങളിൽനിന്നുണ്ടാവാൻ പാടില്ല. ലോകരാജ്യങ്ങളെ പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുകയും സകല നിന്ദകളെയും വംശീയതയെയും പ്രതിരോധിക്കാനുള്ള കൂട്ടായ ശ്രമങ്ങൾ നടത്തുകയുമാണ് വേണ്ടത്.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ഭാഗം: 3



# അബുൽആസ്വി(റ)ന്റെ ചരിത്രത്തിൽനിന്ന്

ബാസിമ: "എന്താണ് ഈ മോചനദ്രവ്യമെന്നു പറഞ്ഞാൽ ഉപ്പാ?"

ഉപ്പ: "യുദ്ധത്തിൽ പിടികൂടപ്പെട്ടവരെ വിട്ടയക്കുന്നതിനു പകരം നൽകുന്ന സമ്പത്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്."

ബിലാൽ: "അബുൽആസ്വി(റ)നെ വിട്ടയക്കാൻ എന്തായിരുന്നു മോചനദ്രവ്യമായി സഹോദരൻ കൊണ്ടുവന്നിരുന്നത്?"

ഉപ്പ: "അത് ഒരു മാലയായിരുന്നു. നബിﷺ മോചനദ്രവ്യങ്ങൾ പരിശോധിക്കുന്നതിനിടയിൽ ആ മാല ശ്രദ്ധയിൽ പെട്ടു. അവിടുന്ന് അത് കയ്യിലെടുത്തു. തന്റെ ഭാര്യ ഖദീജ(റ) മകൾ സൈനബിന് വിവാഹ വേളയിൽ തന്റെ കഴുത്തിൽനിന്ന് ഊരിയെടുത്ത് അണിയിച്ച മാലയായിരുന്നു അത്."

ബാസിമ: "മകൾ സൈനബ്(റ) കൊടുത്തയച്ചിരുന്നതാണോ ആ മാല?"

ഉപ്പ: "അതെ. സ്വഹാബിമാരുടെ സമ്മതത്തോടെ അബുൽആസ്വിനെ മോചിപ്പിക്കുകയും ആ മാല അദ്ദേഹത്തിന്റെ പക്കൽ തിരിച്ചയക്കുകയും ചെയ്തു. അബുൽആസ്(റ) മക്കയിൽ തിരിച്ചെത്തുകയും നബിﷺയും അദ്ദേഹവും തമ്മിൽനടന്ന ഒരു ധാരണയനുസരിച്ച് സൈനബി(റ)നെ മദീനയിലേക്ക് സഹോദരൻ കിനാനയുടെ കൂടെ പറഞ്ഞയക്കുകയും ചെയ്തു."

ബിലാൽ: "അപ്പോൾ നബിﷺയുടെ അടുത്തേക്ക് മകൾ തിരിച്ചെത്തി അല്ലേ?"

ഉപ്പ: "അതെ."

ബാസിമ: "പിന്നീട് എന്താണു സംഭവിച്ചത്?"

ഉപ്പ: "ഒരിക്കൽ സിറിയയിലേക്ക് കച്ചവടാവശ്യാർഥം പോയി തിരിച്ചുവരുന്ന വഴിയിൽ നാഹിയത്തുൽ ഐസ് എന്ന സ്ഥലത്തുവെച്ച് സൈദുബ്നു ഹാരിഥ(റ)യുടെ നേതൃത്വത്തിൽ ഒരു സൈനിക സംഘം കച്ചവടസംഘത്തെ തടഞ്ഞു. അവർ മക്കക്കാരാണെന്നറിഞ്ഞപ്പോൾ കച്ചവട വസ്തുക്കൾ പിടിച്ചെടുത്തു. അബുൽആസ്(റ) രക്ഷപ്പെട്ട് നേരെ മദീനയിലേക്ക് പോയി.

ബിലാൽ: "മക്കക്കാർ മുസ്‌ലിംകളെ തകർക്കാൻ തക്കംപാർത്തിരിക്കുന്നവരും അതിനായി സ്വത്ത് സമ്പാദിക്കുകയും ചെയ്യുന്നവരാണല്ലോ."

ബാസിമ: "ഭാര്യ സൈനബ് മദീനയിലായതുകൊണ്ടാകും അങ്ങോട്ടു പോയത്."

ഉപ്പ: “അതെ. മക്കക്കാരിൽ ചിലർ ഏൽപിച്ച കച്ചവടവസ്തുക്കളും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. അവ നഷ്ടപ്പെട്ടതിനാൽ മക്കയിലേക്ക് മടങ്ങാൻ അദ്ദേഹം മടിക്കുകയും ചെയ്തു. സൈനബ്ؓ വർഷങ്ങളായി തന്നെ പിരിഞ്ഞിരിക്കുകയാണെങ്കിലും പിണക്കമൊന്നും ഇല്ലല്ലോ. അവൾ തന്നെ സ്വീകരിക്കുമെന്ന പ്രതീക്ഷ അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം സുബ്ഹിക്കുമുമ്പായി സൈനബിؓന്റെ വീട്ടിലെത്തി. മുശ്‌രിക്കായ വ്യക്തിയെ ഭർത്താവായി സ്വീകരിക്കുവാൻ പാടില്ല എന്ന നിയമമുള്ളതിനാൽ അദ്ദേഹത്തെ സ്വീകരിക്കാൻ നിവൃത്തിയില്ലായിരുന്നു. തന്റെ മക്കളുടെ പിതാവും മാതൃസഹോദരിയുടെ മകനുമായ അബുൽആസിനോട് എന്തുപറയണമെന്ന് അവർ ആലോചിച്ചു. ഒടുവിൽ നേരെ പള്ളിയിലേക്ക് പോയി. അന്നേരം നബിﷺയും സ്വഹാബിമാരും സുബ്ഹി നമസ്‌കാരത്തിനായി പള്ളിയിൽ കൂടിയിട്ടുണ്ട്. അവിടെവെച്ച് സൈനബ്ؓ ഉറക്കെ ഇങ്ങനെ വിളിച്ചു പറഞ്ഞു: ‘ജനങ്ങളേ, ഞാൻ ഇന്ന് അബുൽ ആസിന് അഭയം നൽകിയിരിക്കുന്നു. അദേഹം എന്റെ സംരക്ഷണത്തിലാകുന്നു.”

ബിലാൽ: “നബിﷺ അന്നേരം എന്താണു പറഞ്ഞത്?”

ഉപ്പ: “നബിﷺ അന്നേരം അവിടെയുണ്ടായിരുന്ന എല്ലാവരോടുമായി പറഞ്ഞു: ഇതാ, നിങ്ങൾ കേട്ടല്ലോ സൈനബിന്റെ പ്രഖ്യാപനം. ഈ കേട്ടതു മാത്രമെ എനിക്ക് അതിനെക്കുറിച്ച് അറിയൂ.’ പിന്നെ മകളോട് പറഞ്ഞു: ‘നീയും അദ്ദേഹവും തമ്മിൽ മറ്റു ബന്ധങ്ങളൊന്നും പാടില്ല. നീ ഇപ്പോൾ അദ്ദേഹത്തിന് അനുവദനീയമല്ല.”

ബിലാൽ: “അദ്ദേഹത്തിൽനിന്ന് പിടിച്ചെടുത്ത വസ്തുകൾ എന്തുചെയ്തു?”

ഉപ്പ: “നബിﷺ സൈദുബ്നു ഹാരിഥؓയെയും മറ്റും വിളിച്ച് അവരോട് പറഞ്ഞു: ‘അബുൽആസും ഞാനും തമ്മിലുള്ള ബന്ധം നിങ്ങൾക്കറിയാമല്ലോ. അദ്ദേഹത്തിൽനിന്ന് പിടിച്ചെടുത്ത ധനം തിരിച്ചുകൊടുക്കുന്നത് എനിക്ക് ഇഷ്ടമുള്ള കാര്യമാണ്. അതിന് നിങ്ങൾക്ക് സമ്മതമില്ലെങ്കിൽ യുദ്ധാർജിത സമ്പത്തുപോലെ നിങ്ങൾക്ക് അനുഭവിക്കാവുന്നതാണ്.’ അവർ സന്തോഷത്തോടെ സ്വത്ത് മുഴുവനും അബുൽആസിؓന് തിരിച്ചുകൊടുത്തു.”

ബിലാൽ: “അദ്ദേഹം അത് പ്രതീക്ഷിച്ചിട്ടുണ്ടാകില്ല അല്ലേ?”

ഉപ്പ: “അതെ. അദ്ദേഹം അന്നേരം സന്തോഷത്താൽ മതിമറന്നുപോയി. സമ്പത്തുമായി മക്കയിലേക്ക് തരിച്ചുപോയി. കച്ചവടയാത്രയിൽ അദ്ദേഹത്തിന്റെ സമ്പത്തെല്ലാം പിടികൂടപ്പെട്ടത് മക്കക്കാർ അറിഞ്ഞിരുന്നു. എന്നാൽ ഒന്നും നഷ്ടപ്പെടാതെ മടങ്ങിവന്നതുകണ്ട് അവർക്ക് അത്ഭുതമായി. അബുൽആസ്ؓ മക്കക്കാർക്ക് തിരിച്ചേൽപിക്കാനുണ്ടായിരുന്ന മുഴുവൻ ധനവും തിരിച്ചേൽപിച്ചു. എന്നിട്ട് അദ്ദേഹം ഇങ്ങനെ വിളിച്ചുപറഞ്ഞു: “ക്വുറൈശികളേ, ഞാൻ ഇനി നിങ്ങൾക്ക് വല്ല ബാധ്യതയും അവശേഷിപ്പിച്ചിട്ടുണ്ടോ?’ ‘ഇല്ല, ഒന്നും അവഷേിപ്പിച്ചിട്ടില്ല, നീ വിശ്വസ്തനും സത്യസന്ധനുമാണ്’ എന്നായിരുന്നു അവരുടെ മറുപടി.”

ബിലാൽ: “അവർക്ക് അദ്ദേഹത്തോടുള്ള ബഹുമാനം വർധിച്ചുകാണും.”

ഉപ്പ: “ശേഷം അബുൽആസ്ؓ അവരോട് പറഞ്ഞു: ‘നിങ്ങളെ സാക്ഷിനിർത്തി ഞാനിതാ മുഹമ്മദിന്റെ മതത്തിൽ വിശ്വസിച്ചിരിക്കുന്നു. നന്മയും നീതിയുമാണ് അത് കൽപിക്കുന്നത്. അക്രമങ്ങളും ചീത്ത കാര്യങ്ങളും അത് നിരോധിക്കുന്നു. നിങ്ങളുടെ സമ്പത്ത് തട്ടിയെടുക്കാൻ വേണ്ടിയാണ് ഞാൻ വിശ്വസിച്ചത് എന്നു നിങ്ങൾ ആരോപിക്കുമോ എന്നു ഭയന്നാണ് ഞാനിങ്ങോട്ടുവന്നത്. അല്ലെങ്കിൽ അവിടെവെച്ചുതന്നെ ഞാൻ വിശ്വസിക്കുമായിരുന്നു.”

ബാസിമ: “ഇതുകേട്ട മക്കക്കാർക്ക് ദേഷ്യംവന്നുകാണുമല്ലോ?”

ഉപ്പ: “അതെ, അവർ അദ്ദേഹത്തെ ശകാരിക്കുകയും ചീത്തപറയുകയും ചെയ്തു.”

ബിലാൽ: “സൈനബ്ؓ അഭയം നൽകിയതിനെ എതിർക്കാതിരുന്നതും പിടിച്ചെടുത്ത വസ്തുക്കളെല്ലാം തിരിച്ചുകൊടുത്തതും നബിﷺയുടെ നല്ല പെരുമാറ്റവുമൊക്കെ അദ്ദേഹത്തെ ഇസ്‌ലാം സ്വീകരിക്കാൻ പ്രേരിപ്പിച്ചിരിക്കും അല്ലേ?”

ഉപ്പ: “തീർച്ചയായും. അദ്ദേഹം ഉടനെത്തന്നെ മദീനയിലേക്ക് മടങ്ങുകയും തന്റ വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തു. ഹിജ്‌റ ഏഴാം വർഷം മുഹർറം മാസത്തിലായിരുന്നു അത്. അനന്തരം നബിﷺ സൈനബിؓനെ അദ്ദേഹത്തിന് ഏൽപിച്ചുകൊടുത്തു. വർഷങ്ങളുടെ വേർപാടിനുശേഷം അവർ ഒന്നിച്ചു ജീവിക്കാൻ തുടങ്ങി. എന്നാൽ സൈനബ്ؓ പിന്നീട് അധികകാലം ജീവിച്ചിരുന്നില്ല. ഹിജ്‌റ എട്ടാം വർഷം അവർ മരണപ്പെട്ടു.”

ബാസിമ: “അവർക്ക് എത്ര മക്കളുണ്ടായിരുന്നു?”

ഉപ്പ: “അലി, ഉമാമ എന്നിങ്ങനെ രണ്ടു മക്കളുണ്ടായിരുന്നു.”

ബിലാൽ: “അതു ശരി.”

ഉപ്പ: “ഇന്നത്തെ കഥ പറയൽ അവസാനിപ്പിക്കാം. ഇനി മറ്റൊരു സ്വഹാബിയെക്കുറിച്ച് സൗകര്യപ്പെടുന്ന ഒരു ദിവസം പറഞ്ഞുതരാം.”

ബാസിമ: “ശരി ഉപ്പാ.” **(അവസാനിച്ചു)**




# പ്രവാചകനിന്ദ: അന്നും ഇന്നും

ലേഖനം

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

അഭിപ്രായങ്ങളും വീക്ഷണങ്ങളും എഴുത്തിലൂടെയോ സംസാരത്തിലൂടെയോ കലാസൃഷ്ടികളിലൂടെയോ പ്രകടിപ്പിക്കാൻ ഒരു രാജ്യത്തിന്റെ ഭരണഘടന ആ രാജ്യത്തെ ഓരോ പൗരനും നൽകുന്ന സ്വാതന്ത്ര്യത്തെ അല്ലെങ്കിൽ അവകാശത്തെയാണ് 'അഭിപ്രായ സ്വാതന്ത്ര്യം' അല്ലെങ്കിൽ 'ആവിഷ്കാര സ്വാതന്ത്ര്യം' എന്ന് പറയുന്നത്. എന്നാൽ മറ്റുള്ളവരുടെ അവകാശങ്ങളെയോ അഭിമാനത്തെയോ വ്രണപ്പെടുത്തുന്ന രീതിയിലുള്ള പരാമർശങ്ങൾ, ലേഖനങ്ങൾ, കലാസൃഷ്ടികൾ എന്നിവയെ ആവിഷ്കാരസ്വാതന്ത്ര്യം എന്നു വിളിക്കാൻ കഴിയില്ല. അതിനു ഭാഷയിൽ പറയാറുള്ള വാക്കുകൾ 'അപരനിന്ദ.' 'വ്യക്തിഹത്യ' എന്നൊക്കെയാണ്.

എന്നാൽ 'ആവിഷ്കാരസ്വാതന്ത്ര്യം' എന്ന വാക്കിന് ഇന്ന് ചിലർ ഒരു പുതിയ അർഥം 'ആവിഷ്കരിച്ചുവോ' എന്ന് തോന്നിപ്പോകുന്നു! പറഞ്ഞുവരുന്നത് ഫ്രാൻസിനെ പറ്റിയാണ്. മുസ്‌ലിംകൾ ആദരിക്കുകയും പിൻപറ്റുകയും ചെയ്യുന്ന അവരുടെ പ്രവാചകനെ ഒരു രാജ്യത്തിന്റെ ഭരണകൂടം ആവിഷ്കാരസ്വാതന്ത്ര്യമെന്ന പേരിൽ അപമാനിച്ചിരിക്കുകയാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തെപ്പറ്റി ക്ലാസ്സെടുക്കുകയായിരുന്ന ഒരു അധ്യാപകൻ അതിന് ഉദാഹരണം കാണിച്ചത് മുഹമ്മദ് നബിﷺയെ അപമാനിക്കുന്ന രീതിയിലുള്ള കാർട്ടൂൺ പ്ര

ദർശിപ്പിച്ചായിരുന്നു. അതിന്റെ പേരിൽ ആ അധ്യാപകൻ കൊല്ലപ്പെട്ടിരിക്കുന്നു. ഈ കൊലപാതകത്തെ ലോക മുസ്‌ലിംകൾ ഒന്നടങ്കം അപലപിച്ചതാണ്. അത് ന്യായീകരിക്കാൻ പറ്റാത്ത അക്രമമാണ്. എന്നാൽ അതിന്റെ പേരിൽ രാജ്യത്തിന്റെ ക്രമസമാധാനവും മതനിരപേക്ഷതയും സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ട ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ എരിതീയിൽ എണ്ണയൊഴിക്കുകയാണു ചെയ്തത്. കൊലപാതകം ചെയ്തവരെ ശിക്ഷിക്കുക എന്നതിനപ്പുറം ഇസ്‌ലാമിനെയും മുഹമ്മദ് നബിﷺയെയും ഒന്നടങ്കം 'അപമാനിക്കുക' എന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്.

പ്രവാചകനിന്ദ നടത്തിയതിന്റെ പേരിൽ കൊല്ലപെട്ട അധ്യാപകനു രാജ്യത്തെ പരമോന്നത ബഹുമതി മരണാനന്തരം നൽകി ആദരിച്ചു! രാജ്യം ഒന്നടങ്കം മാതൃകയാക്കേണ്ട, പരമോന്നത ബഹുമതി അർഹിക്കുന്ന ഒരു പ്രവൃത്തിയാണ് 'പ്രവാചകനിന്ദ' എന്നാണ് ഈ പ്രവൃത്തിയിലൂടെ പ്രസിഡന്റ് മാക്രോൺ ഫ്രഞ്ച് ജനതയോട് പറയാതെ പറഞ്ഞത്. മാത്രവുമല്ല, അതേ കാർട്ടൂൺ ഗവൺമെന്റ് തന്നെ നേരിട്ട് ഗവൺമെന്റിന്റെ കീഴിലുള്ള പൊതുസ്ഥലങ്ങളിലുള്ള കെട്ടിടങ്ങളിൽ പരസ്യപ്പെടുത്തുകയും 'പ്രവാചകനിന്ദ' നടത്താൻ ജനങ്ങൾക്ക് അവകാശം നൽകുകകൂടി ചെയ്തിരിക്കുന്നു!

ഇന്ന് യൂറോപ്യൻ രാജ്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ മുസ്‌ലിം ജനസംഖ്യയുള്ള രാജ്യമാണ് ഫ്രാൻസ്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അപമാനിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന പ്രവൃത്തി ഫ്രാൻസിൽ സംഭവിക്കുന്നത് ആദ്യമായിട്ടല്ല. പ്രവാചകന്റെ തന്നെ കാർട്ടൂൺ ഫ്രാൻസിലെ 'ഷാർലേ ഹെബ്ദോ' മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട സന്ദർഭത്തിൽ പ്രതിഷേധമുണ്ടായപ്പോൾ ഗവൺമെന്റും പോലീസും കാർട്ടൂൺ വരച്ചവരെ പിന്തുണക്കുന്ന നിലപാടായിരുന്നു സ്വീകരിച്ചത്. 2013ൽ ഇതേ മാസിക വീണ്ടും പ്രവാചകനെ നിന്ദിച്ച് കാർട്ടൂൺ പ്രസിദ്ധീകരിച്ചു. 2015ൽ ഫ്രാൻസിൽ മുസ്‌ലിം സ്ത്രീകൾ ഹിജാബ് ധരിക്കുന്നത് വിലക്കിക്കൊണ്ടുള്ള ഉത്തരവും ഫ്രഞ്ച് ഗവൺമെന്റിൽനിന്ന് വന്നിരുന്നു.

കൊല്ലപ്പെട്ട അധ്യാപകൻ ചെയ്തത് ആവിഷ്‌കാര (അഭിപ്രായ) സ്വാതന്ത്ര്യമാണെന്നും അല്ലാതെ പ്രവാചക നിന്ദയല്ലെന്നുമാണു പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ ഭാഷ്യം. എന്നാൽ ഇതേ പ്രസിഡന്റിന്റെ ഭാര്യയെക്കുറിച്ച് ഇക്കഴിഞ്ഞ ആഗസ്റ്റ് 27ന് ബ്രസീലിയൻ പ്രസിഡന്റ് ജെയർ ബോൺസലാരോ ഒരു മോശം പരാമർശം നടത്തിയപ്പോൾ അതിൽ രോഷംപൂണ്ട് ബ്രസീലിയൻ പ്രസിഡന്റിനു ശക്തമായ മറുപടി നൽകിയ വ്യക്തിയാണ് ഈ ഫ്രഞ്ച് പ്രസിഡന്റ് എന്നോർക്കണം! എന്തുകൊണ്ട് തന്റെ ഭാര്യയെ അപമാനിച്ചപ്പോൾ അതിനെ തന്റെ ഭാര്യയെ അപമാനിക്കാനുള്ള ബ്രസീലിയൻ പ്രസിഡന്റിന്റെ 'ആവിഷ്‌കാര സ്വാതന്ത്ര്യ'മായി കരുതി മിസ്റ്റർ മാക്രോൺ മൗനം പാലിച്ചില്ല? അദ്ദേഹം ആത്മരോഷംകൊണ്ടത് എന്തിനായിരുന്നു? സ്വന്തം ഭാര്യയെ അപമാനിച്ചതിൽ അദ്ദേഹത്തിന് ഇത്രമേൽ വേദനയുണ്ടായെങ്കിൽ, തങ്ങളുടെ ഭാര്യമാരെക്കാളും മക്കളെക്കാളും സമ്പത്തിനെക്കാളും എന്തിനേറെ സ്വന്തം ശരീരത്തെക്കാളും സ്‌നേഹിക്കുന്ന പ്രവാചകനെ അപമാനിക്കുകവഴി ഒരു ജനതയുടെ വികാരത്തെ വ്രണപ്പെടുത്താൻ അദ്ദേഹം എന്തിനു തുനിയുന്നു?

ഈ പ്രവാചകനിന്ദാസംഭവത്തെ അപലപിച്ചു സംസാരിക്കവെ തുർക്കി പ്രസിഡന്റ് ഉർദുഗാൻ ഫ്രഞ്ച് പ്രസിഡന്റ് മാക്രോൺ 'മാനസിക തകരാറുണ്ടോ എന്ന് സ്വയം പരിശോധിക്കട്ടെ' എന്ന് പറയുകയുണ്ടായി. ഇതിനെത്തുടർന്ന് ഫ്രഞ്ച് ഗവൺമന്റ് ഉർദുഗാന്റെ പരാമർശത്തിനോടുള്ള രോഷം രേഖപ്പെടിത്തിയത് നാം കണ്ടു. എന്തുകൊണ്ടാണ് മാക്രോൺ ഉർദുഗാന്റെ പരാമർശത്തെ ഉർദുഗാന്റെ 'അഭിപ്രായ സ്വാതന്ത്ര്യ'മായി കരുതി മൗനം പാലിച്ചില്ല? മാക്രോണിനും കുടുംബത്തിനും നേരെയുള്ള പരാമർശങ്ങളെല്ലാം 'അപരനിന്ദ'യും 'വ്യക്തിഹത്യ'യും; എന്നാൽ അത് പ്രവാചകനു നേരെയാണെങ്കിൽ അഭിപ്രായ സ്വാതന്ത്ര്യവുമാകുന്നതെങ്ങനെ?

> **കൊല്ലപ്പെട്ട അധ്യാപകൻ ചെയ്തത് ആവിഷ്‌കാര സ്വാതന്ത്ര്യമാണെന്നും അല്ലാതെ പ്രവാചക നിന്ദയല്ലെന്നുമാണു പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ ഭാഷ്യം. എന്നാൽ ഇതേ പ്രസിഡന്റിന്റെ ഭാര്യയെക്കുറിച്ച് ഇക്കഴിഞ്ഞ ആഗസ്റ്റ് 27ന് ബ്രസീലിയൻ പ്രസിഡന്റ് ജെയർ ബോൺസലാരോ ഒരു മോശം പരാമർശം നടത്തിയപ്പോൾ അതിൽ രോഷംപൂണ്ട് ബ്രസീലിയൻ പ്രസിഡന്റിനു ശക്തമായ മറുപടി നൽകിയ വ്യക്തിയാണ് ഈ ഫ്രഞ്ച് പ്രസിഡന്റ് എന്നോർക്കണം!**



## പ്രവാചകനിന്ദയുടെ കാരണങ്ങൾ

എന്തുകൊണ്ട് പ്രവാചകനിന്ദ യൂറോപ്യൻ രാജ്യങ്ങളിൽ അടിക്കടി ആവർത്തിക്കുന്നു? ഇതിനുള്ള കാരണങ്ങൾ പലതാകാം:

(1) ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ആദർശത്തെയും ജീവിതരീതിയെയും സൈദ്ധാന്തികമായി പിടിച്ചു കെട്ടാനാകില്ലെന്ന തിരിച്ചറിവാണ് ഒന്നാമത്തെ കാര്യം. യൂറോപ്യൻ രാജ്യങ്ങളിൽ ഇന്ന് അതിവേഗം വളരുന്ന മതമാണ് ഇസ്‌ലാം. ഇസ്‌ലാമിന്റെ വളർച്ചയെ തടയാൻ സാധിക്കില്ലെന്ന ബോധ്യത്തിൽ നിന്നും അത് രാജ്യത്ത് വ്യാപിക്കുന്നതിലുള്ള അസ്വസ്ഥതയിൽനിന്നും അപകർഷതയിൽനിന്നും ഉണ്ടാകുന്ന പ്രതികരണമാണു പ്രവാചകനിന്ദ, ഹിജാബ് നിരോധനം, കുപ്രചാരണം, വിദ്വേഷ പ്രചാരണം എന്നിവ.

(2) മുസ്‌ലിംകളെ പ്രകോപിപ്പിക്കൽ: ഇത്തരണം കാർട്ടൂണുകൾവഴി മുസ്‌ലിംകളെ പ്രകോപിപ്പിക്കുകയും അവരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും പ്രതികരണം ഇളക്കിവിടുകയും ചെയ്യുക എന്ന ഗൂഢപദ്ധതിയാണിത്. മുസ്‌ലിംകളിൽനിന്ന് വൈകാരികമായ എന്തെങ്കിലും പ്രതികരണം (ഉദാ: ആക്രമണം, കൊലപാതകം) ഉണ്ടായാൽ അത് 'ഇസ്‌ലാം ഭീകരത'ക്കുള്ള പുതിയ തെളിവായി മാധ്യമങ്ങൾ ആഘോഷിക്കുകയും ചെയ്യും.

(3) രാഷ്ട്രീയപരം: ഫ്രാൻസിൽ ഇസ്‌ലാംവിരുദ്ധത അജണ്ടയായി കൊണ്ടുനടക്കുന്ന രാഷ്ട്രീയ പാർട്ടികളും ജനങ്ങളുമുണ്ട്. ഫ്രാൻസിലെ മുസ്‌ലിം ജനസംഖ്യ കേവലം 9 ശതമാനം മാത്രമാണ്. അഥവാ മുസ്‌ലിംകൾ ഒരു പ്രധാന വോട്ടുബാങ്കല്ല എന്നർഥം. എന്നാൽ മുസ്‌ലിംവിരുദ്ധ ചിന്തയുള്ള ഭൂരിപക്ഷം വരുന്ന ഫ്രഞ്ച് ജനത പ്രധാന വോട്ടുബാങ്കാണു താനും. അതിനാൽ മുസ്‌ലിം ന്യൂനപക്ഷത്തെ പീഡിപ്പിച്ചു ഭൂരിപക്ഷത്തെ പ്രീണിപ്പിക്കുന്നതിനു വേണ്ടിയുള്ള അജണ്ടകൂടിയാകാം ഇത്.

## പ്രവാചകനിന്ദകരുടെ പര്യവസാനം

പ്രവാചകനെ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്യുന്ന രീതി ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അതിനു പ്രവാചകന്റെ ചരിത്രത്തോളം പഴക്കമുണ്ട്. പ്രവാചകൻﷺ അവിടുത്തെ പ്രബോധന ദൗത്യം തുടങ്ങിയതിന്റെ ഒന്നാം തീയതി മുതൽ അദ്ദേഹത്തിനു ശത്രുക്കളിൽനിന്നുള്ള അപമാനവും പരിഹാസവും നിന്ദ്യതയും നേരിടേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ പ്രവാചകരെ വേദനിപ്പിച്ചവരെല്ലാം സ്വയം അപമാനിതരും നിന്ദ്യരുമായതാണ് ചരിത്രം. നബിനിന്ദകരിൽനിന്ന് നബിﷺയെ സംരക്ഷിക്കുന്നതിന്റെ ബാധ്യത അല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുന്നുവെന്ന് കുർആൻ പറയുന്നത് കാണുക:

'പരിഹാസക്കാരിൽനിന്ന് നിന്നെ സംരക്ഷിക്കാൻ തീർച്ചയായും നാം മതിയായിരിക്കുന്നു" (കുർആൻ 15:95).

ഈ സൂക്തം അവതരിച്ചത് അന്നത്തെ ചില 'നബിനിന്ദകരുടെ' 'നബിനിന്ദ'യുടെ പശ്ചാത്തലത്തിലായിരുന്നു എന്ന് കാണാം. ആദരണീയനായ അമാനി മൗലവി(റഹി) ഇതിന്റെ വിശദീകരണത്തിൽ എഴുതുന്നു:

"നബിﷺയെയും കുർആനെയും കുറിച്ചു പരിഹാസം പതിവാക്കിയ പലരും മുശ്‌രിക്കുകളിൽ ഉണ്ടായിരുന്നു. അവരിൽ പലരുടെയും പേരുകളും അവരുടെ ചെയ്തികളും ചരിത്ര ഗ്രന്ഥങ്ങളിൽനിന്നും മറ്റുമായി പൊതുവെ അറിയപ്പെട്ടതുമാകുന്നു. വലീദുബ്നു മുഗീറ, ആസ്വിബ്നുവാഇൽ, അസ്‌വദുബ്നു അബ്ദിയഗൂഥ്, അസ്‌വദുബ്നു അബ്ദിൽ മുത്ത്വലിബ്, ഹർഥുബ്നു ത്വലാത്വില മുതലായവർ അവരിൽ മുൻപന്തിയിൽ നിൽക്കുന്നവരായിരുന്നു. ഇവരുടെയെല്ലാം അവസാനമുണ്ടായതു കേവലം സാധാരണങ്ങളല്ലാത്ത ചില കാരണങ്ങളെ തുടർന്നുണ്ടായ ദുർമരണങ്ങളായിരുന്നുവെന്നതു പ്രസ്താവ്യമാണ്. നടന്നുപോകുമ്പോൾ ഒരു അമ്പിൻമുന കാലിൽതട്ടുക, കാലിൽ മുള്ളുകുത്തുക, മൂക്കിലൂടെ ചലംവരുക, കണ്ണിൽ കരടുവീണു കാഴ്ച നശിക്കുക, മലം ഛർദിക്കുക മുതലായ ഓരോ കാരണങ്ങളായിരുന്നു അവരുടെ മരണങ്ങൾക്ക് ഇടയാക്കിയതെന്നു പല രിവായത്തുകളിലും കാണാവുന്നതാകുന്നു..." (കുർആൻ

വിവരണം, അമാനി മൗലവി, സൂറതുൽ ഹിജ്ർ 95 ന്റെ വിശദീകരണം കാണുക).

പ്രവാചകനിന്ദ നടത്തിയ മറ്റൊരു വ്യക്തിയായിരുന്ന അബൂലഹബ് അല്ലാഹുവിന്റെ ശാപത്തിനിരയായി മോശം മരണം വരിച്ചതായി കുർആനിലെ 111ാം അധ്യായമായ 'അൽമസദി'ന്റെ വിശദീകരണത്തിൽ കാണാം. ഈ അധ്യായത്തിന്റെ വിശദീകരണത്തിൽ അമാനി മൗലവി (റഹി) എഴുതുന്നത് കാണുക:

"...ഈ ശാപം ഇഹത്തിൽവെച്ചു മരണത്തിനു മുമ്പുതന്നെ അവൻ അനുഭവിക്കുകയും ചെയ്തു. അവന്റെ ഉദ്ദേശമൊന്നും ഫലിച്ചതുമില്ല. അവന്റെ മകൻ ഉത്ബത്ത് ശാമിലേക്കുള്ള യാത്രയിൽ സിംഹത്തിനു ഇരയായി. അവനു (അദസത്ത്) എന്നു പറയപ്പെടുന്ന (പ്രമേഹക്കുരുപോലെയോ വസൂരിപോലെയോ ഉള്ള) ഒരു രോഗം പിടിപെട്ടു. ദുർഗന്ധം നിമിത്തം ജനങ്ങൾ അടുക്കാതായി. ശവസംസ്കാരത്തിനുപോലും ആളെകിട്ടാതെ കൂലിക്കാരാണത് എങ്ങനെയോ എടുത്ത് മറച്ചത്..." (കുർആൻ വിവരണം, അമാനി മൗലവി, വോള്യം 4).

ഇത് ചില ഒറ്റപ്പെട്ട സംഭവങ്ങളല്ല. ഹദീഥുകളിൽ ഇതിനു സമാനമായ വേറെയും സംഭവങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. പ്രവാചകനിന്ദകർക്ക് ഇഹലോകത്ത് മാത്രമല്ല, പരലോകത്തും അപമാനം നേരിടേണ്ടിവരുമെന്ന് അല്ലാഹു ക്വുർആനിലൂടെ താക്കീത് ചെയ്യുന്നുണ്ട്:

"അല്ലാഹുവെയും അവന്റെ റസൂലിനെയും ദ്രോഹിക്കുന്നവരാരോ അവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. അവർക്കുവേണ്ടി അപമാനകരമായ ശിക്ഷ അവൻ ഒരുക്കിവെച്ചിട്ടുമുണ്ട്" (കുർആൻ 33:57).

## ഇസ്‌ലാം; യൂറോപ്പിന്റെ പുതിയ മതം

പ്രസിഡന്റ് മാക്രോൺ 'പ്രവാചക നിന്ദ' സംഭവത്തോടനുബന്ധിച്ച് കഴിഞ്ഞ മാസം നടത്തിയ ഒരു പ്രസ്താവന മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. 'ഇസ്‌ലാം ലോകാടിസ്ഥാനത്തിൽ പ്രതിസന്ധി നേരിടുന്ന ഒരു മതമാണ്' എന്നാണ് അദ്ദേഹം പറഞ്ഞത്. മുസ്‌ലിംകൾ ലോകത്തിന്റെ പല കോണുകളിൽ അസ്തിത്വപ്രതിസന്ധി നേരിടുന്നുവെന്നത് ശരിതന്നെ, എന്നാൽ 'ഇസ്‌ലാം മതം' അസ്തിത്വ പ്രതിസന്ധിയിലാണെന്ന അദ്ദേഹത്തിന്റെ നിരീക്ഷണം തെറ്റാണ്.

ഒന്നുകിൽ ഇസ്‌ലാമിന്റെ യൂറോപ്പിലെ വളർച്ചയുടെ കണക്കുകളെപ്പറ്റിയുള്ള അറിവില്ലായ്മ കൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. അല്ലെങ്കിൽ കണക്കുകൾ ജനങ്ങളിൽനിന്ന് മറച്ചുവെക്കാനുള്ള ശ്രമമായിരിക്കാം. ഏതായാലും അദ്ദേഹത്തിന്റെ ഈ പ്രസ്താവന വാസ്തവ വിരുദ്ധമാണ്. ഫ്രാൻസടക്കമുള്ള യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് അവിടങ്ങളിൽ ഇന്ന് ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന മതമാണ് ഇസ്‌ലാം എന്നാണ്. ഇന്നത്തെ വളർച്ചാനിരക്കു വെച്ച് കണക്ക് കൂട്ടുകയാണെങ്കിൽ 2070 ആകുമ്പോഴേക്കും ക്രിസ്തുമതത്തെ മുൻകടന്ന് ലോകാടിസ്ഥാനത്തിൽ തന്നെ ഒന്നാമത്തെ മതമായി ഇസ്‌ലാം മാറുമെന്നാണു വിദഗ്ധ വീക്ഷണം. (Source: Pew research cetnre report on growth of religions).

ഇക്കാര്യം ഇസ്‌ലാമിനെയും മുഹമ്മദ് നബിﷺയെയും കുറിച്ച് വസ്തുനിഷ്ഠമായി പഠിച്ചവരെല്ലാം തുറന്നു സമ്മതിച്ച കാര്യമാണ്. വിഖ്യാതനായ ബ്രിട്ടീഷ് സാഹിത്യകാരൻ ജോർജ് ബർണാഡ് ഷാ (1925ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ വ്യക്തി) 80 വർഷങ്ങൾക്ക് മുമ്പ് എഴുതിയത് കാണുക:

"If any religion had a chance of ruling over England, nay Europe within the next hundred years, it could be Islam."

'വരാനിരിക്കുന്ന 100 വർഷത്തിനുള്ളിൽ ഇംഗ്ലണ്ടിനെ, അല്ല യൂറോപ്പിനെതന്നെ ഭരിക്കാൻ ഏതെങ്കിലും ഒരു മതത്തിനു കഴിയുമെങ്കിൽ അത് ഇസ്‌ലാമിനായിരിക്കും.' (Genuine Islam, Vol1, 1936)

> **ഇന്ന് യൂറോപ്യൻ രാജ്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ മുസ്‌ലിം ജനസംഖ്യയുള്ള രാജ്യമാണ് ഫ്രാൻസ്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അപമാനിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന പ്രവൃത്തി ഫ്രാൻസിൽ സംഭവിക്കുന്നത് ആദ്യമായിട്ടല്ല. പ്രവാചകന്റെ തന്നെ കാർട്ടൂൺ 2005ൽ ഫ്രാൻസിലെ 'ഷാർലേ ഹെബ്ദോ' മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട സന്ദർഭത്തിൽ പ്രധിഷേധമുണ്ടായപ്പോൾ ഗവൺമെന്റും പോലീസും കാർട്ടൂൺ വരച്ചവരെ പിന്തുണക്കുന്ന നിലപാടായിരുന്നു സ്വീകരിച്ചത്.**

മാക്രോൺ കാർട്ടൂണിലൂടെ അപമാനിച്ച മുഹമ്മദ് നബിയെﷺകുറിച്ച് ബർണാഡ്ഷാ പറഞ്ഞത് നോക്കൂ:

"I have very carefully studied Islam and the life of its Prophet (PBUH). I have done so both as a student of history and as a critic. And I have come to conclusion that Muhammad (PBUH) was indeed a great man and a deliverer and benefactor of mankind"

'ഇസ്‌ലാമിനെക്കുറിച്ചും അതിന്റെ പ്രവാചകനായ മുഹമ്മദ് നബിയെക്കുറിച്ചും ഞാൻ സസൂക്ഷ്മം പഠിച്ചു, ഒരു ചരിത്ര വിദ്യാർഥി എന്ന നിലയിലും ഒരു വിമർശകൻ എന്ന നിലയിലും. അതിൽനിന്നും ഞാൻ എത്തിയ നിഗമനം എന്തെന്നാൽ അദ്ദേഹം ഒരു മഹാനും മനുഷ്യരാശിക്ക് ധാരാളം ഗുണങ്ങൾ സംഭാവന നൽകിയ വ്യക്തിയുമാണ് എന്നാകുന്നു' (അതേ പുസ്തകം).

'ഇസ്‌ലാം പ്രതിസന്ധിയിലാണ്' എന്ന് മാക്രോൺ പറയുമ്പോൾ ഇസ്‌ലാമിനെക്കുറിച്ച് പഠിച്ച (അമുസ്‌ലിമായ) ബർണാഡ്ഷാ പറഞ്ഞത് 'ഇസ്‌ലാമാണു യൂറോപ് ഇന്ന് അനുഭവിക്കുന്ന പ്രതിസന്ധിക്കുള്ള പരിഹാരം' എന്നാണ്:



"I believe that if a man like him were to assume the dictatorship of the modern world he would succeed in solving its problems in a way that would bring it the muchneeded peace and happiness."

'ഞാൻ വിശ്വസിക്കുന്നു, അദ്ദേഹത്തെപോലുള്ള ഒരു വ്യക്തിക്കെങ്ങാനും ആധുനിക ലോകത്തെ ഭരിക്കാൻ അവസരം കിട്ടിയിരുന്നെങ്കിൽ ലോകത്തിന്റെ ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമാധാനവും സന്തോഷവും നിലനിർത്തുന്നതിനും സാധിക്കുമായിരുന്നു' (അതേ പുസ്തകം).

അല്ലാഹു പ്രവാചകനിലൂടെ ലോകത്തിനാകമാനം അവതരിപ്പിച്ച ഇസ്‌ലാംമതം, അത് സകല മതങ്ങളെയും ആദർശങ്ങളെയും അതിജയിക്കുമെന്നു പറഞ്ഞത് അല്ലാഹുവാണ്:

"അവനാണ് സൻമാർഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ; എല്ലാ മതത്തെയും അത് അതിജയിക്കുന്നതാക്കാൻ വേണ്ടി. ബഹുദൈവവിശ്വാസികൾക്ക് അത് അനിഷ്ടകരമായാലും ശരി" (ക്വുർആൻ 9:33).

## സൂര്യപ്രകാശത്തെ ഊതികെടുത്താനാവില്ല

ലോകത്തിനു മുഴുവൻ പ്രകാശം നൽകിയ, ഇന്നും നൽകിക്കൊണ്ടിരിക്കുന്ന, കോടാനുകോടികൾക്ക് വഴികാട്ടിയ ആ കാരുണ്യ പ്രവാചകന്റെ ജീവിതശോഭ കേവലം ചില വിമർശകരുടെ കാർട്ടൂൺ വരകൊണ്ട് മങ്ങിപ്പോകുന്നതല്ല. ഇസ്‌ലാമിന്റെ പ്രകാശത്തെ അതുവഴി കെടുത്തിക്കളയാമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അത് വ്യാമോഹം മാത്രമാണ്. കാരണം ആ പ്രകാശം പൂർത്തീകരിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

"അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശം പൂർണമാക്കാതെ സമ്മതിക്കുകയില്ല. സത്യനിഷേധികൾക്ക് അത് അനിഷ്ടകരമായാലും" (ക്വുർആൻ 9:32).

ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം ഇബ്നുകഥീർ(റഹി) എഴുതിയ അതിമനോഹരമായ വരികൾ കൂടി ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളട്ടെ:

'അവർ ആരോപണങ്ങൾകൊണ്ടും നുണകൾകൊണ്ടും അല്ലാഹുവിന്റെ പ്രവാചകൻ കൊണ്ടുവന്ന ദീനിന്റെ പ്രകാശത്തെ കെടുത്താൻ ശ്രമിക്കുന്നു. ഇത്തരക്കാരുടെ ഉപമ സൂര്യന്റെയോ ചന്ദ്രന്റെയോ പ്രകാശത്തെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവന്റേത് പോലെയാണ്. ആ വ്യക്തിക്ക് അത് ഒരിക്കലും ചെയ്യാൻ സാധ്യമല്ല. ഇതുപോലെത്തന്നെയാണ് പ്രവാചകൻ കൊണ്ടുവന്ന ദീനിന്റെയും കാര്യം, തീർച്ചയായും അത് ജ്വലിച്ച് പ്രകാശിക്കുകയും (ലോകം മുഴുവൻ) വ്യാപിക്കുകയും ചെയ്യും" (തഫ്സീർ ഇബ്നുകഥീർ 9:32ന്റെ വ്യാഖ്യാനം).




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 199 – ചോദ്യങ്ങൾ

1) "...എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക"
(1) ക്വുർആൻ 20:11 (2) ക്വുർആൻ 21:14 (3) ക്വുർആൻ 20:114

2) അബൂബക്ർ(റ) ശത്രുക്കളുടെ ഉപദ്രവം സഹിക്ക വയ്യാതായപ്പോൾ എത്യോപ്യയിലേക്ക് ഹിജ്‌റ പോകവെ അദ്ദേഹത്തിന് അഭയം നൽകാമെന്നു പറഞ്ഞ് പിന്തിരിപ്പിച്ച വ്യക്തി?
(1) ഇബ്‌നുദുഗന്ന (2) ശൈബത്ത് (3) ഇബ്‌നു മുൽജിം

3) പ്രവാചകപുത്രിയും അബുൽആസ്വി(റ)ന്റെ ഭാര്യയുമായ സൈനനബ്(റ) മരണപ്പെട്ട വർഷം?
(1) ഹിജ്‌റ 6 (2) ഹിജ്‌റ 8 (3) ഹിജ്‌റ 10

4) നിർബന്ധ നമസ്‌കാരങ്ങളുടെ മുമ്പും ശേഷവുമുള്ള സുന്നത്ത് നമസ്‌കാരങ്ങൾക്ക് ............... എന്നു പറയുന്നു:
(1) റവാതിബ് നമസ്‌കാരം (2) തഹജ്ജുദ് നമസ്‌കാരം (2) ദുഹാ നമസ്‌കാരം

5) നബി(സ)യുടെ പത്‌നിയായ ...............യുടെ സഹോദരപുത്രനാണ് ഹകീമുബ്‌നു ഹിസാം.
(1) ആഇശ(റ) (2) മൈമൂന(റ) (3) ഖദീജ(റ)

6) 'ആവിഷ്‌കാര സ്വാതന്ത്ര്യത്തിനായി നാം എപ്പോഴും നിലകൊള്ളേണ്ടതുണ്ട്. പക്ഷേ, അതിന് പരിധിയും പരിമിതിയുമില്ലെന്ന് കരുതുകയും ചെയ്യാൻ പാടില്ല. ചില ജനസമൂഹങ്ങൾക്കെതിരിൽ അനാവശ്യമായും അനിയന്ത്രിതമായും ഉപയോഗിക്കാനുള്ള ആയുധമല്ല അത്.' ഇത് ആരുടെ വാക്കുകളാണ്?
(1) കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ (2) അമേരിക്കൻ പ്രസിഡന്റ് ഡൊണാൾട് ട്രംപിന്റെ
(3) മുൻ ഫ്രഞ്ച് പ്രസിഡന്റ് ജാക് ഷിറാകിന്റെ

7) "നിനക്കു മുമ്പ് പല ദൂതൻമാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് അവരെ കളിയാക്കിയിരുന്നവർക്ക് അവർ പരിഹസിച്ചുകൊണ്ടിരുന്നതെന്തോ അത് വന്നുഭവിക്കുക തന്നെ ചെയ്തു."
(1) ക്വുർആൻ 16:11 (2) ക്വുർആൻ 6:10 (3) ക്വുർആൻ 10:6

8) നികാഹ് കർമം ശരിയാവാനുള്ള നിർബന്ധ ഘടകങ്ങളിൽ പെടാത്തത്?
(1) വരൻ (2) വധുവിന്റെ രക്ഷിതാവ് (3) വധുവിന്റെ മാതാവ്


9) ഹോളണ്ടിൽ ഇസ്‌ലാം വിമർശനത്തിന് വേണ്ടി കള്ളങ്ങൾ മെനഞ്ഞെടുത്ത് 'ഫിത്‌ന' എന്ന പേരിൽ സിനിമയുണ്ടാക്കിയ, പിന്നീട് ഇസ്‌ലാം സ്വീകരിച്ച വ്യക്തി?
(1) ആർനോഡ് വാൻഡൂൺ (2) ബോറിസ് മെക്കാർട്ടിൻ (3) ജോൺ എഡ്വിൻ

10) 'ഹോളണ്ടിനെതിരെ ഇസ്‌ലാമിന്റെ പേരിൽ ആരെങ്കിലും ഭീകരപ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ അംഗീകരിക്കാൻ കഴിയില്ല. ഇസ്‌ലാമിന്റെ പേരിൽ ഇത്തരം പ്രവർത്തനങ്ങൾ ഏഴാം നൂറ്റാണ്ടിൽ ഖവാരിജുകൾ തുടങ്ങിവെച്ചതാണ്. അതിനു ഇസ്‌ലാമല്ല കാരണം. ഖവാരിജുകളുടെ ചിന്താഗതികൾ അസ്തമിച്ചിട്ടില്ല, അതിന്റെ ആധുനിക രൂപമാണ് ഐ.എസ്.'
(1) ബോറിസ് യെൽസിൻ (2) ജോറം വാൻ ക്ലാവെറെൻ (3) തോമസ് മൂർ

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

അബൂബക്കർ സലഫി
mail@nerpatham.com





# വെല്ലുവിളിയിൽനിന്ന് കുതറിയോടുന്നവരുടെ 'ന്യായങ്ങളും' കുതന്ത്രങ്ങളും

പരിശുദ്ധ ക്വുർആനിന്റെ ദൈവികതയെ സൂചിപ്പിക്കുന്ന അതിന്റെ വെല്ലുവിളിയെ സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിൽ നാം ചർച്ചചെയ്യുകയുണ്ടായി. വെല്ലുവിളി ഏറ്റെടുക്കാൻ കഴിയാത്ത എതിരാളികൾ സ്വന്തം കഴിവില്ലായ്മ മറച്ചുവെക്കാൻ മറ്റുചില വിഷയങ്ങളിലേക്ക് ജനശ്രദ്ധ തിരിക്കുവാനാണ് ശ്രമിച്ചത്,

നബിതിരുമേനിﷺയെ തന്റെ ദൗത്യത്തിൽനിന്ന് പിന്തിരിപ്പിക്കുവാൻ വേണ്ടി അവർ ക്വുർആനിനെ ചീത്ത പറയുക, അത് മാരണമാണ്, ജ്യോത്സ്യമാണ്, കവിതയാണ്, പകർത്തിയെഴുതിയതാണ്, പൂർവികരുടെ കെട്ടുകഥകളാണ്... എന്നെല്ലാമുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചുനോക്കുകയുണ്ടായി. അതുപോലെ നബിﷺയെ വ്യക്തിഹത്യ നടത്തുക, പ്രലോഭിപ്പിക്കുക, ഭീഷണിപ്പെടുത്തുക, കളവു പ്രചരിപ്പിക്കുക, പരിഹസിക്കുക ഇടിച്ചുതാഴ്ത്തുക, മർദിക്കുക തുടങ്ങിയ വഴികളും സ്വീകരിച്ചുനോക്കി.

പിന്നെ അവർ ചെയ്തുനോക്കിയ മറ്റൊരു കാര്യം അല്ലാഹു പറഞ്ഞുതരുന്നത് കാണുക:

"സത്യനിഷേധികൾ പറഞ്ഞു: നിങ്ങൾ ഈ ക്വുർആൻ ശ്രദ്ധിച്ചു കേൾക്കരുത്. അത് പാരായണം ചെയ്യുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുക. നിങ്ങൾക്ക് അതിനെ അതിജയിക്കാൻ കഴിഞ്ഞേക്കാം" (ക്വുർആൻ 41:26).

അവരെ വല്ലാതെ അലട്ടിയിരുന്ന ഒരു വലിയ ആശങ്കയായിരുന്നു ജനങ്ങൾ ക്വുർആൻ കേട്ടുപോകുമോ എന്നത്. ജനങ്ങൾ ക്വുർആൻ കേട്ടാൽ അതിൽ ആകൃഷ്ടരാവും, അത് അവരിൽ സ്വാധീനമുണ്ടാക്കും, അതിന്റെ പിന്നിൽ അണിചേരും എന്ന് അവർക്ക് ഉറപ്പായിരുന്നു. അതിൽനിന്ന് തടയുവാനാണ് ഈ തന്ത്രം പയറ്റിനോക്കിയത്.

അബൂബക്ർ﷛ ശത്രുക്കളുടെ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ എത്യോപ്യയിലേക്ക് ഹിജ്റ പോവുകയായിരുന്നു. ബർകുൽ ഗിമാദ് എന്ന സ്ഥലത്തെത്തിയപ്പോൾ ഇബ്നുദുഗന്ന എന്ന ഒരു പ്രധാന വ്യക്തി അദ്ദേഹത്തെ കണ്ടു. അദ്ദേഹം ചോദിച്ചു: "താങ്കൾ എങ്ങോട്ട് പോകുന്നു?" അദ്ദേഹം കാര്യങ്ങളെല്ലാം വിവരിച്ചു കൊടുത്തു. അപ്പോൾ ഇബ്നു ദുഗന്ന പറഞ്ഞു: "നിങ്ങളെപ്പോലെയുള്ള ഒരാൾ നാടുവിടാൻ പാടില്ല. നിങ്ങൾ ഇല്ലാത്തവരെ സഹായിക്കുന്നു. കുടുംബബന്ധം ചേർക്കുന്നു. അന്യന്റെ ഭാരം ചുമക്കുന്നു. അതിഥികളെ ആദരിക്കുന്നു. അതിനാൽ നിങ്ങൾ ഈ നാട്ടിൽ വേണം. ഞാൻ നിങ്ങളെ സഹായിക്കാം. എന്റെ കൂടെ വരൂ."

എന്നിട്ട് ക്വുറൈശി പ്രധാനികളോട് അദ്ദേഹം പറഞ്ഞു: "അബൂബക്റിന് ഞാൻ അഭയം നൽകിയിരിക്കുന്നു. അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ പുറത്തുപോവുകയോ പുറത്താക്കപ്പെടുകയോ ചെയ്യാവതല്ല. അദ്ദേഹം ഇല്ലാത്തവരെ സഹായിക്കുന്നു. കുടുംബബന്ധം ചേർക്കുന്നു. അന്യന്റെ ഭാരം ചുമക്കുന്നു. അതിഥികളെ ആദരിക്കന്നു..."

അപ്പോൾ ക്വുറൈശികളുടെ പ്രതികരണം ഇങ്ങനെയായിരുന്നു: "എങ്കിൽ താങ്കൾ അബൂബക്റിനോട് പറയൂ; അദ്ദേഹം വീട്ടിൽവെച്ച് രഹസ്യമായി ആരാധനകൾ ചെയ്യട്ടെ. ഉറക്കെ ക്വുർആൻ ഓതാനും പാടില്ല. ഞങ്ങളുടെ മക്കളും സ്ത്രീകളും അതിൽ ആകൃഷ്ടരാവും. അത് ഞങ്ങൾ ഭയക്കുന്നു."

കുറച്ചുകാലം അദ്ദേഹം രഹസ്യമായി അങ്ങനെ ചെയ്തു. പിന്നെ വീടിന്റെ മുറ്റത്ത് ഒരു പള്ളി നിർമിച്ചു, അതിൽവെച്ച് നമസ്കരിച്ചു. ഉറക്കെ ക്വുർആൻ പാരായണം ചെയ്തു. സ്ത്രീകളും കുട്ടികളും അത് കാണാനും കേൾക്കാനും തടിച്ചുകൂടി.

അതോടെ ക്വുറൈശി നേതാക്കൾ ഭയപ്പെട്ടു. അവർ ഉടനെ ഇബ്നു ദുഗന്നയെ വരുത്തുകയും അഭയം നൽകിയത് പിൻവലിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അവർ പറഞ്ഞു: "ഞങ്ങൾ നിങ്ങൾ പറഞ്ഞപ്പോൾ അബൂബക്റിന് അഭയം നൽകിയത് വ്യവസ്ഥയോടെയായിരുന്നു. അത് അദ്ദേഹം ലംഘിച്ചിരിക്കുന്നു. അദ്ദേഹം പരസ്യമായി ആരാധനകൾ നടത്തുന്നു. ഉറക്കെ ക്വുർആൻ ഓതുന്നു. ഇതൊരിക്കലും ഞങ്ങൾ സമ്മതിക്കുകയില്ല..."

ക്വുർആനിന്റെ വെല്ലുവിളി സ്വീകരിക്കാൻ അവർക്ക് എന്തായാലും കഴിയില്ല. അത് അവരുടെ ഉന്നത നേതാക്കളെല്ലാം നേർക്കുനേരെയല്ലെങ്കിലും വ്യക്തമാക്കിയിരിക്കുന്നു. വേറെ ചിലർ പറയാതെ പറഞ്ഞിരിക്കുന്നു. അതേസമയം പരിശുദ്ധ ക്വുർആൻ ജനഹൃദയങ്ങളിലേക്ക് അനുസ്യൂതം ഇറങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

എന്നാൽ അവർക്ക് അവരുടെ ധിക്കാരവും അസൂയയും മറ്റു സ്വാർഥ താൽപര്യങ്ങളും കാരണം അതിൽ നിന്ന് മാറിനിൽക്കുകയും മറ്റുള്ളവരെ മാറ്റിനിർത്തുകയും ചെയ്യേണ്ടതുണ്ട്. അതിന് അവർക്ക് അനേകം 'ന്യായങ്ങൾ' ആവശ്യമുണ്ട്. അത് സംഘടിപ്പിക്കാൻ അവർ നന്നേ കഷ്ടപ്പെടുന്നുമുണ്ട്. അവരുടെ ആവശ്യങ്ങൾ നോക്കൂ:

"അവർ പറഞ്ഞു: ഈ ഭൂമിയിൽ നിന്ന് നീ ഞങ്ങൾക്ക് ഒരു ഉറവ് ഒഴുക്കിത്തരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല. അല്ലെങ്കിൽ നിനക്ക് ഈന്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടായിരിക്കുകയും അതിന്നിടയിലൂടെ നീ സമൃദ്ധമായി അരുവികൾ ഒഴുക്കുകയും ചെയ്യുന്നതുവരെ. അല്ലെങ്കിൽ നീ ജൽപിച്ചതുപോലെ ആകാശത്തെ ഞങ്ങളുടെ

> **സത്യനിഷേധികളെ വല്ലാതെ അലട്ടിയിരുന്ന ഒരു വലിയ ആശങ്കയായിരുന്നു ജനങ്ങൾ ക്വുർആൻ കേട്ടുപോകുമോ എന്നത്. ജനങ്ങൾ ക്വുർആൻ കേട്ടാൽ അതിൽ ആകൃഷ്ടരാവും, അത് അവരിൽ സ്വാധീനമുണ്ടാക്കും, അതിന്റെ പിന്നിൽ അണിചേരും എന്ന് അവർക്ക് ഉറപ്പായിരുന്നു. അതിൽനിന്ന് തടയുവാനാണ് ഈ തന്ത്രം പയറ്റിനോക്കിയത്.**

മേൽ കഷ്ണം കഷ്ണമായി നീ വീഴ്ത്തുന്നതുവരെ. അല്ലെങ്കിൽ അല്ലാഹുവെയും മലക്കുകളെയും കൂട്ടംകൂട്ടമായി നീ കൊണ്ടുവരുന്നതുവരെ. അല്ലെങ്കിൽ നിനക്ക് സ്വർണംകൊണ്ടുള്ള ഒരു വീടുണ്ടാകുന്നതുവരെ. അല്ലെങ്കിൽ ആകാശത്തുകൂടി നീ കയറിപ്പോകുന്നതുവരെ. ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളുടെ അടുത്തേക്ക് നീ ഇറക്കി കൊണ്ടുവരുന്നതുവരെ നീ കയറിപ്പോയതായി ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല. (നബിയേ,) പറയുക: എന്റെ രക്ഷിതാവ് എത്ര പരിശുദ്ധൻ! ഞാനൊരു മനുഷ്യൻ മാത്രമായ ദൂതനല്ലേ?" (ക്വുർആൻ 17:90-93).

ഇവരുടെ ഇത്തരം ആവശ്യങ്ങൾക്ക് എന്തുകൊണ്ടാണ് അല്ലാഹു ഉത്തരം നൽകാതിരുന്നത്? അവരുടെ ആവശ്യം ഒരിക്കലും സദുദ്ദേശ്യപരമല്ല എന്നതുകൊണ്ടുതന്നെ. വിശ്വസിക്കാൻ വേണ്ടിയല്ല അവർ ആവശ്യപ്പെടുന്നത്. അതിന്റെ പിന്നിൽ ധിക്കാരവും കുതന്ത്രവും മാത്രമാണുള്ളത്.

ക്വുർആൻ എന്ന 'ദൃഷ്ടാന്തങ്ങളുടെ ദൃഷ്ടാന്ത'ത്തിൽ വിശ്വസിക്കാത്ത ഇവരുണ്ടോ മറ്റു ദൃഷ്ടാന്തങ്ങൾ ലഭിച്ചാൽ വിശ്വസിക്കുന്നു! ഇത്തരക്കാരെ സൂചിപ്പിച്ച് അല്ലാഹു പറയുന്നത് നോക്കൂ:

"(നബിയേ,) നിനക്കു നാം കടലാസിൽ എഴുതിയ ഒരു ഗ്രന്ഥം ഇറക്കിത്തരികയും എന്നിട്ടവരത് സ്വന്തം കൈകൾകൊണ്ട് തൊട്ടുനോക്കുകയും ചെയ്താൽ പോലും ഇത് വ്യക്തമായ മായാജാലമല്ലാതെ മറ്റൊന്നുമല്ല എന്നായിരിക്കും സത്യനിഷേധികൾ പറയുക. ഇയാളുടെ (നബിﷺയുടെ) മേൽ ഒരു മലക്ക് ഇറക്കപ്പെടാത്തത് എന്താണ് എന്നും അവർ പറയുകയുണ്ടായി. എന്നാൽ നാം മലക്കിനെ ഇറക്കിയിരുന്നെങ്കിൽ കാര്യം (അന്തിമമായി) തീരുമാനിക്കപ്പെടുമായിരുന്നു. പിന്നീടവർക്ക് സമയം നീട്ടിക്കിട്ടുമായിരുന്നില്ല"(ക്വുർആൻ 6:7,8).


അവരുടെ സത്യനിഷേധത്തിന്റെ ആധിക്യം എത്രമാത്രമായിരുന്നുവെന്ന് അവരുടെ മനസ്സറിയുന്ന അല്ലാഹു പറഞ്ഞുതരുന്നത് കാണുക:

"അവരുടെമേൽ ആകാശത്തുനിന്ന് നാം ഒരു കവാടം തുറന്നുകൊടുക്കുകയും എന്നിട്ട് അതിലൂടെ അവർ കയറിപ്പോയിക്കൊണ്ടിരിക്കുകയും ചെയ്താൽ പോലും അവർ പറയും: ഞങ്ങളുടെ കണ്ണുകൾക്ക് മത്തുബാധിച്ചത് മാത്രമാണ്; അല്ല, ഞങ്ങൾ മാരണം ചെയ്യപ്പെട്ട ഒരുകൂട്ടം ആളുകളാണ്" (ക്വുർആൻ 15:14,15).

"നാം അവരിലേക്ക് മലക്കുകളെ ഇറക്കുകയും മരിച്ചവർ അവരോട് സംസാരിക്കുകയും സർവവസ്തുക്കളെയും നാം അവരുടെ മുമ്പാകെ കൂട്ടംകൂട്ടമായി ശേഖരിക്കുകയും ചെയ്താലും അവർ വിശ്വസിക്കാൻ പോകുന്നില്ല; അല്ലാഹു ഉദ്ദേശിച്ചെങ്കിലല്ലാതെ. എന്നാൽ അവരിൽ അധികപേരും വിവരക്കേട് പറയുകയാകുന്നു" (ക്വുർആൻ 6:111).

അവർ ആവശ്യപ്പെട്ട പോലെയുള്ള വല്ല ദൃഷ്ടാന്തവും ലഭിച്ചാൽ അവർ വിശ്വസിക്കുമായിരിക്കും എന്ന്, അവരുടെ മനസ്സറിയാത്ത റസൂൽﷺ വിചാരിച്ചപ്പോൾ അല്ലാഹു ആക്ഷേപ സ്വരത്തിൽ പറയുന്നത് നോക്കൂ:

"അവർ പിന്തിരിഞ്ഞുകളയുന്നത് നിനക്ക് ദുസ്സഹമായി തോന്നുന്നുവെങ്കിൽ ഭൂമിയിൽ (ഇറങ്ങിപ്പോകുവാൻ) ഒരു തുരങ്കമോ, ആകാശത്ത് (കയറിപ്പോകുവാൻ) ഒരു കോണിയോ തേടിപ്പിടിച്ചിട്ട് അവർക്കൊരു ദൃഷ്ടാന്തം കൊണ്ടു വന്നുകൊടുക്കാൻ നിനക്ക് സാധിക്കുന്ന പക്ഷം (അതങ്ങ് ചെയ്തേക്കുക). അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരെയൊക്കെ അവൻ സൻമാർഗത്തിൽ ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യുമായിരുന്നു. അതിനാൽ നീ ഒരിക്കലും അവിവേകികളിൽ പെട്ടുപോകരുത്" (ക്വുർആൻ 6:35).



അവരുടെ ആവശ്യത്തിന് മറുപടി നൽകാത്തതിന്റെ മറ്റൊരു കാരണം, അതിന് ഉത്തരം നൽകാതിരിക്കലാണ് അവർക്കും ഈ സമുദായത്തിനും ഗുണകരം എന്നതാണ്. ആവശ്യപ്പെട്ട ദൃഷ്ടാന്തം ലഭിച്ചുകഴിഞ്ഞിട്ടും വിശ്വസിക്കുന്നില്ലെങ്കിൽ അവരെ ഒന്നടങ്കം നശിപ്പിക്കുക എന്നതാണ് അല്ലാഹുവിന്റെ ഒരു സമ്പ്രദായം:

"എന്നാൽ നാം മലക്കിനെ ഇറക്കിയിരുന്നെങ്കിൽ കാര്യം (അന്തിമമായി) തീരുമാനിക്കപ്പെടുമായിരുന്നു. പിന്നീടവർക്ക് സമയം നീട്ടിക്കിട്ടുമായിരുന്നില്ല" എന്ന മുകളിൽ കൊടുത്ത ക്വുർആനിക വചനം (6:8) അതിലേക്കാണ് സൂചന നൽകുന്നത്.

വേറെയും വചനങ്ങൾ അക്കാര്യം അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

"നാം ദൃഷ്ടാന്തങ്ങൾ അയക്കുന്നതിന് നമുക്ക് തടസ്സമായത് പൂർവികൻമാർ അത്തരം ദൃഷ്ടാന്തങ്ങളെ നിഷേധിച്ച് തള്ളിക്കളഞ്ഞു എന്നത് മാത്രമാണ്. നാം ഥമൂദ് സമുദായത്തിന് പ്രത്യക്ഷ ദൃഷ്ടാന്തമായിക്കൊണ്ട് ഒട്ടകത്തെ നൽകുകയുണ്ടായി. എന്നിട്ട് അവർ അതിന്റെ കാര്യത്തിൽ അക്രമം പ്രവർത്തിച്ചു. ഭയപ്പെടുത്താൻ മാത്രമാകുന്നു നാം ദൃഷ്ടാന്തങ്ങൾ അയക്കുന്നത്" (ക്വുർആൻ 17:59).

ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ക്വുറൈശികളോട് ഥമൂദ് ഗോത്രത്തിന്റെ ഒട്ടകത്തെപ്പറ്റി പറയാൻ പ്രത്യേക കാരണങ്ങളുണ്ടെന്ന് ക്വുർആൻ വ്യാഖ്യാതാക്കൾ പറയുന്നു:

'അവരുടെ അയൽപക്കത്ത് സംഭവിച്ച കാര്യമാണത്. സ്വാലിഹ്ﷺ അയക്കപ്പെട്ട ഥമൂദ് ഗോത്രം താമസിച്ചിരുന്നത് ഹിജാസിനും തബൂക്കിനുമിടയിയലുള്ള ഹിജ്ർ എന്ന പ്രദേശത്തായിരുന്നു. പിന്നെ ഥമൂദ് ഗോത്രം അറബികളുമായിരുന്നു. കച്ചവടാവശ്യത്തിനും മറ്റും ഹിജ്ർ വഴിയിലൂടെയുള്ള പോക്കുവരവുകൾ കാരണം അവർക്കേറ്റ ദുരന്തം ധാരാളമായി ക്വുറൈശികൾ കേട്ടറിഞ്ഞിട്ടുണ്ടാകും.'

ഈ വചനത്തിന്റെ അവതരണകാരണമായി ഇമാം അഹ്മദ്, ഇമാം നസാഈ തുടങ്ങിയവർ റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീഥ് ഇങ്ങനെ വായിക്കാം:

ഇബ്നു അബ്ബാസ്ؓ നിവേദനം; അദ്ദേഹം പറഞ്ഞു: "സഫാമല സ്വർണമാക്കിത്തരണമെന്ന് മക്കാനിവാസികൾ നബിﷺയോട് ആവശ്യപ്പെട്ടു; അവർക്ക് കൃഷിചെയ്യാൻ അവിടെയുള്ള മറ്റു മലകളെ നീക്കിക്കൊടുക്കാനും. അപ്പോൾ നബിﷺയോട് പറയപ്പെട്ടു. (അഥവാ അല്ലാഹു ദിവ്യബോധനം നൽകി): 'താങ്കൾ ഉദ്ദേശിക്കുകയാണെങ്കിൽ അവർക്ക് സാവകാശം നൽകാം. അല്ലെങ്കിൽ അവർ ആവശ്യപ്പെട്ടവ നൽകാം. പക്ഷേ, എന്നിട്ടും അവർ നിഷേധിച്ചാൽ മുമ്പുള്ളവരെ നാം നശിപ്പിച്ചതുപോലെ അവരെ നശിപ്പിക്കും.' അപ്പോൾ അല്ലാഹു ഈ വചനമിറക്കി.''



മുമ്പുള്ളവരെ നശിപ്പിച്ചതുപോലെ ഒന്നടങ്കം ഈ സമുദായത്തെ നശിപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല. അവർ വഴിയേ വിശ്വസിച്ചുകൊള്ളും. അതിന് അവസരം നൽകുന്നത് അവരോടുള്ള കാരുണ്യമാണ്. ഇനിയവർ വിശ്വസിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ അവരുടെ മുതുകിൽനിന്ന് വരുന്ന സന്താനങ്ങളെങ്കിലും സത്യത്തിന്റെ രാജപാതയിലേക്ക് കടന്നുവരാം. അതിന് അവസരം നൽകുകയാണ്.

ഇക്കാര്യം വ്യക്തമാക്കുന്ന മറ്റൊരു ഹദീഥ് കൂടി കാണുക:

ഇബ്നു അബ്ബാസ്ؓ നിവേദനം: "ക്വുറൈശികൾ നബിﷺയോട് പറഞ്ഞു: 'സഫാമല ഞങ്ങൾക്ക് സ്വർണമാക്കിത്തരാൻ താങ്കളുടെ റബ്ബിനോട് പ്രാർഥിക്കുക, എന്നാൽ ഞങ്ങൾ വിശ്വസിക്കാം.' നബിﷺ ചോദിച്ചു: 'എന്നാൽ നിങ്ങൾ വിശ്വസിക്കുമോ?' അവർ പറഞ്ഞു: 'അതെ.' അപ്പോൾ നബിﷺ പ്രാർഥിച്ചു. അന്നേരം ജിബ്രീൽﷺ ഇറങ്ങിവന്നു. എന്നിട്ട് പറഞ്ഞു: 'താങ്കളുടെ രക്ഷിതാവ് താങ്കളോട് സലാം പറയുന്നു. അവൻ പറയുന്നു; താങ്കൾ ഉദ്ദേശിക്കുകയാണെങ്കിൽ സഫാമല അവർക്കുവേണ്ടി സ്വർണമാവും. എന്നാൽ അതിനു ശേഷം അവർ അവിശ്വസിച്ചാൽ ലോകത്ത് ഒരാളെയും ശിക്ഷിക്കാത്ത രൂപത്തിൽ അവരെ ഞാൻ ശിക്ഷിക്കുന്നതായിരിക്കും. അല്ലെങ്കിൽ താങ്കൾ ഉദ്ദേശിക്കുകയാണെങ്കിൽ അവർക്ക് ഞാൻ പശ്ചാത്താപത്തിന്റെയും കാരുണ്യത്തിന്റെയും വാതിൽ തുറന്നുകൊടുക്കാം.' അപ്പോൾ നബിﷺ പറഞ്ഞു: 'പശ്ചാത്താപത്തിന്റെയും കാരുണ്യത്തിന്റെയും വാതിലാണ് ഞാൻ തിരഞ്ഞെടുക്കുന്നത്."

ലേഖനം

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

# സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ



2

### റവാതിബ് നമസ്‌കാരം നിർവഹിക്കൽ

നിർബന്ധ നമസ്‌കാരങ്ങളുടെ മുമ്പും ശേഷവുമുള്ള സുന്നത്ത് നമസ്‌കാരങ്ങൾക്കാണ് റവാതിബ് നമസ്‌കാരം എന്നു പറയുന്നത്.

അഞ്ചുനേരത്തെ നിർബന്ധ നമസ്‌കാരങ്ങളുടെ മുമ്പും ശേഷവുമുള്ള 12 റക്അത്ത് സുന്നത്ത് നമസ്‌കാരം നിത്യവും നിർവഹിക്കുന്ന ഒരാൾക്ക് അല്ലാഹു സ്വർഗത്തിൽ ഒരു ഭവനം നിർമിച്ചു നൽകും.

ഉമ്മുഹബീബ ﵂ നിവേദനം; നബി ﷺ പറഞ്ഞു: "മുസ്‌ലിമായ ഒരു അടിമ നിർബന്ധ നമസ്‌കാരങ്ങൾക്ക് പുറമെ 12 റക്അത്ത് സുന്നത്ത് നമസ്‌കരിച്ചാൽ അവന് അല്ലാഹു സ്വർഗത്തിൽ ഒരു ഭവനം നിർമിച്ചു നൽകാതിരിക്കുകയില്ല" (മുസ്‌ലിം: 28).

മറ്റൊരു നബിവചനം കാണുക:

ഉമ്മു ഹബീബ(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "ആരെങ്കിലും രാത്രിയിലും പകലിലുമായി പന്ത്രണ്ട് റക്അത്ത് നമസ്കരിച്ചാൽ അവന് സ്വർഗത്തിൽ ഒരു ഭവനം പണിയുന്നതാണ്. ദുഹ്റിനു മുമ്പ് നാല്, ശേഷം രണ്ട്; മഗ്‌രിബിനുശേഷം രണ്ട്, ഇശാഇന് ശേഷം രണ്ട്, സ്വുബ്ഹിക്ക് മുമ്പ് രണ്ട്" (തിർമിദി: 415).

സ്വഹാബിമാർ റവാതിബ് സുന്നത്തിന്റെ കാര്യത്തിൽ കണിശത കാണിച്ചിരുന്നു.

ഉമ്മുഹബീബ(റ) പറഞ്ഞു: 'നബി(ﷺ)യിൽനിന്ന് ഇത് കേട്ടതിനുശേഷം ഞങ്ങൾ പിന്നീട് ഇതിൽ ഉപേക്ഷവരുത്തിയിട്ടില്ല.'

## അല്ലാഹുവിനെ ഭയപ്പെട്ട് സൂക്ഷ്മതയോടെ ജീവിക്കൽ

അല്ലാഹുവിനെ സൂക്ഷിച്ച് (തക്‌വയോടെ) ജീവിച്ചവർക്ക് സ്വർഗമുണ്ട്:

അല്ലാഹു പറയുന്നു: "തീർച്ചയായും സൂക്ഷ്മത പാലിച്ചവർ തോട്ടങ്ങളിലും അരുവികളിലുമായിരിക്കും" (ക്വുർആൻ 15:45).

"നമ്മുടെ ദാസന്മാരിൽ നിന്ന് ആർ ധർമനിഷ്ഠ പുലർത്തുന്നവരായിരുന്നുവോ അവർക്കു നാം അവകാശപ്പെടുത്തിക്കൊടുക്കുന്ന സ്വർഗമത്രെ അത്" (ക്വുർആൻ 19:63).

"പക്ഷേ, തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ച് ജീവിച്ചവരാരോ അവർക്കാണ് മേൽക്കുമേൽ തട്ടുകളായി നിർമിക്കപ്പെട്ടിട്ടുള്ള മണിമേടകളുള്ളത്. അവയുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനമത്രെ അത്. അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല" (ക്വുർആൻ 39:20).

"തീർച്ചയായും സൂക്ഷ്മത പാലിച്ചവർക്ക് വിജയമുണ്ട്. അതായത് സ്വർഗത്തിലെ തോട്ടങ്ങളും മുന്തിരികളും" (ക്വുർആൻ 78:30,31)

തക്‌വയെക്കുറിച്ച് അലിയ്യുബ്നു അബീത്വാലിബ്(റ) പറഞ്ഞു: "ഉന്നതനായ അല്ലാഹുവിനെ ഭയപ്പെടലും അവൻ ഇറക്കിയതുകൊണ്ട് പ്രവർത്തിക്കലും അവന്റെ വാക്കുകളെ തൃപ്തിപ്പെടലും (വരാനിരിക്കുന്ന) ഒരു ദിവസത്തെ യാത്രക്കുവേണ്ടി തയ്യാറെടുക്കലുമാണ് തക്‌വ."

"അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക" (ക്വുർആൻ 3:102). ഈ സൂക്തത്തെവിശദീകരിച്ചുകൊണ്ട് ഇബ്നു മസ്ഊദ്(റ) പറഞ്ഞു: "അല്ലാഹുവിനെ ധിക്കരിക്കാതെ അനുസരിക്കലും മറക്കാതെ ഓർക്കലും നന്ദികേട് കാണിക്കാതെ നന്ദി ചെയ്യലുമാണ് തക്‌വ.''

## ജമാഅത്ത് നമസ്കാരം നിർവഹിക്കാനായി പള്ളിയിലേക്ക് പോകൽ

അഞ്ചുനേരത്തെ നമസ്കാരം പുരുഷന്മാർ പള്ളികളിൽവച്ച് ജമാഅത്തായി(സംഘടിതമായി)ക്കൊണ്ടാണ് നിർവഹിക്കേണ്ടത്. ഒറ്റക്ക് നമസ്കരിക്കുന്നതിനെക്കാൾ അല്ലാഹുവിന് ഇഷ്ടമുള്ളതും ജമാഅത്തായി നമസ്കരിക്കുന്നതാണ്. യാതൊരു കാരണങ്ങളുമില്ലാതെ ബാങ്ക് കേട്ടിട്ടും പള്ളിയിൽ വരാത്തവന് (ജമാഅത്ത് നമസ്കാരത്തിന്) നിസ്കാരമില്ല എന്നും, ഞാൻ ചില വീടുകൾ കത്തിക്കാൻ ആഗ്രഹിക്കുന്നു എന്ന് നബി(ﷺ) പറഞ്ഞപ്പോൾ കാരണം തിരക്കിയ സ്വഹാബത്തിനോട് നിർബന്ധ നമസ്കാരം വീടുകളിൽവച്ച് നിർവഹിക്കുന്നവരാണവർ എന്നും നബി(ﷺ) പറഞ്ഞതും ഹദീഥുകളിൽ കാണാം.

അബൂഹുറയ്റ(റ) നിവേദനം; നബി(ﷺ) പറഞ്ഞു: "പ്രഭാതത്തിലും പ്രദോഷത്തിലും പള്ളിയിൽ പോകുന്നവനു വേണ്ടി സ്വർഗത്തിൽ എല്ലാ പ്രഭാതത്തിലും പ്രദോഷത്തിലും അല്ലാഹു സൽക്കാരം ഒരുക്കിവച്ചിരിക്കുന്നു" (മുസ്‌ലിം: 669).

## സത്യസന്ധമായ പശ്ചാത്താപം

അല്ലാഹു പറയുന്നു: "എന്നാൽ പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവർ ഇതിൽനിന്നൊഴിവാകുന്നു. അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവർ ഒട്ടും അനീതിക്ക് വിധേയരാവുകയില്ല" (ക്വുർആൻ 19:60).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. അല്ലാഹു പ്രവാചകനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും അപമാനിക്കാത്ത ദിവസത്തിൽ, അവരുടെ പ്രകാശം അവരുടെ മുന്നിലൂടെയും വലതുവശങ്ങളിലൂടെയും സഞ്ചരിക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു നീ പൂർത്തീകരിച്ചുതരികയും ഞങ്ങൾക്കു നീ പൊറുത്തുതരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു" (ക്വുർആൻ 66:8).

എല്ലാ പാപങ്ങളിൽനിന്നും ഒഴിവാകലും കഴിഞ്ഞുപോയതിൽ ഖേദമുണ്ടാകലും പാപത്തിലേക്ക് മടങ്ങാതിരിക്കലുമാണ് തൗബ അഥവാ പശ്ചാത്താപം.

എല്ലാ പാപത്തിൽനിന്നും തൗബ നിർബന്ധമാണ്. മനുഷ്യരുമായി ബന്ധമില്ലാത്തതും അടിമക്കും അല്ലാഹുവിന്നും ഇടയിലുള്ളതുമായ പാപമാണെങ്കിൽ പശ്ചാത്താപത്തിന് മൂന്ന് നിബന്ധനകളുള്ളതായി പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്:

1. പാപത്തിൽനിന്ന് ഒഴിവാകൽ.

2. പാപം ചെയ്തുപോയതിൽ ഖേദിക്കൽ.

3. ഇനി ഒരിക്കലും പാപത്തിലേക്ക് മടങ്ങുകയില്ലെന്ന് തീരുമാനിക്കൽ.

ഈ മൂന്നെണ്ണത്തിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടാൽ അവന്റെ തൗബ ശരിയാവുകയില്ല.

മനുഷ്യരുമായി ബന്ധപ്പെട്ട പാപമാണെങ്കിൽ ഈ മൂന്നെണ്ണത്തിനു പുറമെ നാലാമതൊരു നിബന്ധനകൂടിയുണ്ട്. ആരോടാണോ തെറ്റു ചെയ്തിട്ടുള്ളത് അയാളോട് നേരിൽ ക്ഷമചോദിച്ച് അതിൽനിന്ന് ഒഴിവാകലാണത്.

## അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ

വിശ്വാസികളുടെ നാവുകൾ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണകളാൽ നനഞ്ഞിരിക്കണം. ഹൃദയങ്ങൾ ദൈവസ്മരണ നിറഞ്ഞതാവണം. മാനസിക പ്രയാസങ്ങളിൽനിന്നും മനഃക്ലേശത്തിൽനിന്നുമെല്ലാം മോചനം ലഭിക്കുന്നതും സമാധാനം നൽകുന്നതും അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയാണ്.

അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺ നിവേദനം; നബിﷺ പറഞ്ഞു: "ഇസ്റാഇന്റെ (രാപ്രയാണത്തിന്റെ) രാവിൽ ഞാൻ ഇബ്റാഹീംനബിﷺയെ കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കളുടെ സമുദായത്തോട് എന്റെ സലാം പറയുക. അവരോട് പറയുക: നിശ്ചയം സ്വർഗം നല്ല മണ്ണാണ്. സ്വഛമായ വെള്ളമാണ്. നിശ്ചയം അത് നീണ്ടുവിശാലമാണ്. അതിലെ കൃഷിയാകട്ടെ 'സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, ലാഇലാഹ ഇല്ലല്ലാഹ്, അല്ലാഹു അക്ബർ' എന്നിവയാണ്" (തുർമുദി: 3462).

ജാബിർﷺ നിവേദനം; നബിﷺ പറഞ്ഞു: "ആരെങ്കിലും സുബ്ഹാനല്ലാഹിൽ അദ്വീം വബിഹംദിഹി എന്നു പറഞ്ഞാൽ സ്വർഗത്തിൽ അവനുവേണ്ടി ഒരു ഈത്തപ്പന കൃഷിചെയ്യപ്പെടും" (തുർമുദി: 3464).

ദിക്റുകളുടെ പ്രാധാന്യവും മഹത്ത്വവും അവയ്ക്ക് ലഭിക്കുന്ന പ്രതിഫലവും അറിയിക്കുന്ന ഏതാനും ചില നബിവചനങ്ങൾ കൂടി കാണുക:

ഉമർﷺ നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങളിൽ ഒരാൾ വുദൂഅ് ചെയ്യുന്നു. (പ്രവാചകൻ വുദൂഅ് ചെയ്ത പോലെ) വുദൂഇനെ നന്നാക്കുന്നു. അതിൽനിന്ന് വിരമിച്ച ശേഷം 'അല്ലാഹു അല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനും യാതൊരു പങ്കുകാരുമില്ലാത്തവനുമാണ്. നിശ്ചയം മുഹമ്മദ് നബിﷺ അവന്റെ ദൂതനും ദാസനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു' എന്ന് പറഞ്ഞാൽ അയാൾക്ക് സ്വർഗത്തിന്റെ എട്ട് കവാടങ്ങളും തുറക്കപ്പെടും. താൻ ഉദ്ദേശിക്കുന്ന കവാടത്തിലൂടെ അയാൾക്ക് അതിൽ പ്രവേശിക്കാവുന്നതാണ്" (അബൂദാവൂദ്: 169).

അബൂമൂസﷺ നിവേദനം; നബിﷺ പറഞ്ഞു: "സ്വർഗീയ നിധികളിൽപെട്ട ഒരു നിധിയെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ?" അപ്പോൾ ഞാൻ പറഞ്ഞു: "അതെ, അല്ലാഹുവിന്റെ ദൂതരേ." നബിﷺ പറഞ്ഞു: "ലാ ഹൗല വലാ ക്വുവ്വത്ത ഇല്ലാ ബില്ലാഹ്" (ബുഖാരി: 6384, മുസ്ലിം: 2704).

## സയ്യിദുൽ ഇസ്തിഗ്ഫാർ

ശദ്ദാദുബ്നു ഔസ്ﷺ നിവേദനം; നബിﷺ പറഞ്ഞു: "സയ്യിദുൽ ഇസ്തിഗ്ഫാർ എന്നാൽ നീ ഇപ്രകാരം പറയലാണ്: 'അല്ലാഹുവേ, നീ എന്റെ രക്ഷിതാവാകുന്നു. നീ അല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല. നീ എന്നെ സൃഷ്ടിച്ചു. ഞാൻ നിന്റെ അടിമയാണ്. എന്നാൽ സാധ്യമാകുംവിധം ഞാൻ നിന്റെ കരാറിന്മേലും വാഗ്ദാനത്തിന്മേലുമാണ്. ഞാൻ ചെയ്ത തിന്മകളിൽനിന്ന് നിന്നോടു ഞാൻ രക്ഷതേടുന്നു. എന്റെ മേലുള്ള നിന്റെ അനുഗ്രഹങ്ങൾ ഞാൻ നിനക്ക് അംഗീകരിച്ച് തരുന്നു. എന്റെ പാപങ്ങളെയും ഞാൻ അംഗീകരിച്ച് തരുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. കാരണം, പാപങ്ങൾ പൊറുക്കുവാൻ നീയല്ലാതെ മറ്റാരുമില്ല."

പ്രവാചകൻﷺ പറഞ്ഞു: "ഈ വചനങ്ങൾ ദൃഢവിശ്വാസിയായിക്കൊണ്ട് ഒരാൾ പകലിൽ പറയുകയും ആ ദിനം വൈകുന്നേരം ആകുന്നതിന് മുമ്പ് അയാൾ മരണപ്പെടുകയും ചെയ്താൽ അയാൾ സ്വർഗവാസികളിൽ പെട്ടവനാണ്. ഇവ ദൃഢവിശ്വാസിയായിക്കൊണ്ട് ഒരാൾ രാത്രിയിൽ പറയുകയും നേരം പുലരുന്നതിന് മുമ്പ് അയാൾ മരണപ്പെടുകയും ചെയ്താൽ അയാൾ സ്വർഗവാസികളിൽ പെട്ടവനാണ്."

ഇതുപോലെ നിത്യജീവിതത്തിൽ നാം അനുഷ്ഠിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ ദിക്റുകളും ദുആകളും ധാരാളമാണ്.

## ആയത്തുൽ കുർസിയ്യ് പാരായണം ചെയ്യൽ

നബിﷺ പറഞ്ഞു: "ആരെങ്കിലും എല്ലാ നമസ്കാരശേഷവും ആയത്തുൽ ക്വുർസിയ്യ് ഓതിയാൽ മരണമല്ലാതെ അയാളുടെ സ്വർഗപ്രവേശനത്തിന് തടസ്സമായി ഒന്നുമില്ല." (നസാഈ).

ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: "അതുകൊണ്ട് അർഥമാക്കുന്നത് (അഥവാ മേൽസൂചിപ്പിച്ച ഹദീഥിൽ പറഞ്ഞത്) ആയത്തുൽ ക്വുർസി പാരായണം ചെയ്തവനും സ്വർഗപ്രവേശനത്തിനും ഇടയിലെ തടസ്സം മരണമല്ലാതെ മറ്റൊന്നുമല്ല എന്നതാണ്."

രാവിലെയും വൈകുന്നേരവും അഞ്ചുനേര നമസ്കാരങ്ങൾക്ക് ശേഷവും ഉറങ്ങാൻ പോകുന്ന സമയത്തും അവൻ അത് നിർവഹിക്കുന്നു. അല്ലാഹുവിന്റെ അനുമതി പ്രകാരമുള്ള എല്ലാ നന്മയും അതിലുണ്ട്. (തുടരും)

ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com

ലേഖനം

# വിവാഹവും വക്കാലത്തും

വിവാഹപ്രായം ഉയർത്താനുള്ള നിയമനടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്ന പശ്ചാത്തലത്തിൽ ജനങ്ങൾക്കിടയിൽ ഏറെ ആശങ്കകളും സംശയങ്ങളുമുയരുന്നുണ്ട്. അവയിൽ പ്രസക്തമായ സംശയങ്ങളും അവയ്ക്കുള്ള മറുപടിയും വായനക്കാർക്കായി സമർപ്പിക്കുന്നു:

*1. എന്തെല്ലാമാണ് ഒരു നികാഹ് ശരിയാവാനുള്ള നിർബന്ധ ഘടകങ്ങൾ?*

വരൻ, വധുവിന്റെ രക്ഷിതാവ്, രണ്ടു സാക്ഷികൾ, മഹ്ർ (വിവാഹ മൂല്യം) എന്നിവയാണവ.

*2. 'മഹ്ർ' റൊക്കമായി നൽകേണ്ടതുണ്ടോ?*

നിർബന്ധമില്ല. വിവാഹത്തിനുമുമ്പ് മഹ്ർ നിശ്ചയിക്കുകയും വിവാഹശേഷം സൗകര്യംപോലെ നൽകുകയുമാവാം. വിവാഹത്തിനു മുമ്പ് മഹ്ർ നിശ്ചയിച്ചിട്ടില്ലെങ്കിലും വിവാഹം ശരിയാവും. എന്നാൽ അത്തരം ഘട്ടങ്ങളിൽ സാധാരണ നാട്ടുനടപ്പനുസരിച്ചുള്ള മഹ്ർ നൽകൽ നിർബന്ധമായിരിക്കും.

*3. ഒരു സ്ത്രീയുടെ വലിയ്യ് ആകാൻ ഏറ്റവും അർഹതപ്പെട്ടയാൾ ആരാണ്?*

1) പിതാവ്. 2)പിതാവ് പ്രത്യേകം വസ്വിയ്യത് ചെയ്തവരുണ്ടെങ്കിൽ അവർ. 3) പിതാവിന്റെ പിതാവ് (തലമുറകൾ എത്ര മേൽപോട്ട് പോയാലും ശരി). 4) മകൻ. 5) മകന്റെ മകൻ (തലമുറകൾ എത്ര താഴോട്ട് പോയാലും ശരി). 6) ഒരു മാതാവിലും പിതാവിലും ഉള്ള സഹോദരൻ. 7) ഒരേ പിതാവിലുള്ള സഹോദരൻ. 8) ഇത്തരം സഹോദര പുത്രന്മാർ. 9) ഒരേ മാതാവിലും പിതാവിലുമുള്ള പിതൃസഹോദരന്മാർ. 10) ഒരേ പിതാവിലുള്ള പിതൃസഹോദരന്മാർ. 11) ഇത്തരം പിതൃസഹോദരന്റെ പുത്രന്മാർ. 12) പിന്നീട് ഉള്ളവരിൽ ഏറ്റവും അടുത്ത ബന്ധു.

ഇതാണ് പൊതുവെ സ്വീകരിക്കപ്പെട്ട ക്രമം. എന്നാൽ ചില കർമശാസ്ത്ര പണ്ഡിതന്മാർ ഇതിൽ ചില ക്രമങ്ങളിൽ ഭിന്നാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

*4. ഇവരെല്ലാം ഒരേ സദസ്സിൽ ഹാജറാവേണ്ടതുണ്ടോ?*

ഉണ്ട്. അതാണ് ഏറ്റവും അഭികാമ്യം. ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഈ ഘടകങ്ങളെല്ലാം ഒത്തിണക്കി ലോകത്തിന്റെ പല ഭാഗത്തായി നിന്നുകൊണ്ട് വിവാഹം നടത്തിയാൽ അത് ശരിയാവില്ല എന്ന് പറയാനാവില്ല. അതേസമയം വഞ്ചിക്കപ്പെടാനുള്ള ധാരാളം സാധ്യതകൾ ഇതിൽ നില നിൽക്കുന്നതിനാൽ പണ്ഡിതർ ഇതിനെ പൊതുവെ പ്രോത്സാഹിപ്പിക്കുന്നില്ല.

*5. രക്ഷിതാവോ വരനോ നാട്ടിലില്ലാത്ത സാഹചര്യത്തിൽ വിവാഹത്തിന് വല്ല മാർഗവുമുണ്ടോ?*

ഉണ്ട്. അത്തരം ഘട്ടങ്ങളിൽ ഇസ്‌ലാം നിശ്ചയിച്ച വക്കാലത്ത് ഉപയോഗപ്പെടുത്താം.

*6. എന്താണ് വക്കാലത്ത്? വിശദീകരിക്കാമോ?*

തനിക്ക് കൈകാര്യം ചെയ്യാൻ അംഗീകാരമുള്ള ക്രയവിക്രയങ്ങളിൽ ഒരാൾ മറ്റൊരാളെ അധികാരപ്പെടുത്തലാണ് വക്കാലത്ത്. കച്ചവടം, കടമിടപാടുകൾ, വിവാഹം ചെയ്തുകൊടുക്കൽ, വിവാഹം സ്വീകരിക്കൽ, ത്വലാക്വ് തുടങ്ങി ഏതുതരം ക്രയവിക്രയങ്ങളിലും വക്കാലത്ത് ആവാം.

*7. ആരെയാണ് വക്കാലത്താക്കേണ്ടത്?*

നീതിമാനായ ഏത് വിശ്വാസിയെയും വക്കാലത്താക്കാം. ബന്ധുവാകണമെന്നോ മറ്റോ നിർബന്ധമില്ല.

*8. എങ്ങനെയാണ് വക്കാലത്ത് നൽകുക?*

എനിക്കുവേണ്ടി ഇന്ന കാര്യം ചെയ്യാൻ ഞാൻ നിങ്ങളെ ചുമതലപ്പെടുത്തി എന്ന് രണ്ടുപേരെ സാക്ഷികളാക്കി പറഞ്ഞാൽതന്നെ വക്കാലത്തായി.

ഉദാഹരണമായി, തന്റെ മകളെ വിവാഹം കഴിച്ചുകൊടുക്കാനുള്ള അധികാരമാണോ വക്കാലത്തായി നൽകുന്നത് എങ്കിൽ ആരെയാണോ ഏൽപിക്കുന്നത് അവരോട് ഇപ്രകാരം പറയുക: 'എന്റെ മകൾ... എന്നവളെ ഇന്നയാൾക്ക് വിവാഹം ചെയ്യാനുള്ള അധികാരം ഞാൻ താങ്കളെ ഏൽപിച്ചിരിക്കുന്നു.'

*9. വക്കാലത്ത് ഏറ്റെടുത്ത ഒരാൾ വിവാഹം ചെയ്തുകൊടുക്കുമ്പോൾ എങ്ങനെയാണ് വാചകം പ്രയോഗിക്കേണ്ടത്?*

ഇന്നയാളുടെ മകൾ ഇന്നവളെ ഈ സ്വർണാഭരണം (എന്താണോ മഹ്ർ അത് സൂചിപ്പിക്കുക) മഹ്ർ സ്വീകരിച്ചുകൊണ്ട് വക്കാലത്ത് പ്രകാരം ഞാൻ താങ്കൾക്ക് വിവാഹം ചെയ്തുതന്നു.

*10. വിവാഹം സ്വീകരിക്കാനാണ് വക്കാലത്ത് ഏറ്റതെങ്കിൽ അദ്ദേഹം എപ്രകാരമാണ് വാചകം ഉപയോഗിക്കേണ്ടത്?*

'ഇന്നയാൾക്കുവേണ്ടി താങ്കളുടെ മകൾ ഇന്നവളെ വക്കാലത്ത് പ്രകാരമുള്ള വിവാഹം ഞാൻ സ്വീകരിച്ചിരിക്കുന്നു' എന്നോ അല്ലെങ്കിൽ 'താങ്കളുടെ മകളെ ഇന്നയാൾക്ക് വിവാഹം ചെയ്തുകൊടുക്കാൻ എന്നെ ഏൽപിച്ച പ്രകാരം ഞാനത് സ്വീകരിച്ചിരിക്കുന്നു' എന്നോ പറയാം.

വിവാഹത്തിൽ മാത്രമല്ല; കച്ചവടം, മറ്റു ഇടപാടുകൾ എന്നിവയിലും ഇതുപോലെ തന്നെയാണ് വക്കാലത്തിലെ നിയമങ്ങൾ. ഉദാ: തന്റെ വസ്തു വിൽക്കാൻ ഒരാളെ ചുമതലപ്പെടുത്തുന്നുവെങ്കിൽ അയാൾക്ക് അത് വിൽക്കാനുള്ള അധികാരമായി. അപ്പോൾ 'ഇന്നയാളുടെ സമ്പത്ത് വക്കാലത്ത് പ്രകാരം ഞാൻ താങ്കൾക്ക് കച്ചവടം ചെയ്തു' എന്നാണ് അദ്ദേഹം പറയേണ്ടത്.

*11. വക്കാലത്ത് പ്രകാരം വിവാഹം ചെയ്തുകൊടുക്കുകയോ വിവാഹം സ്വീകരിക്കുകയോ ചെയ്ത ഒന്നിൽ പിന്നീട് വരനോ രക്ഷിതാവോ സന്നിഹിതരാവാൻ സാഹചര്യം ഉണ്ടാകുമ്പോൾ വിവാഹം രണ്ടാമത് നിർവഹിക്കേണ്ടതുണ്ടോ?*

ഒരിക്കലുമില്ല. ഇസ്‌ലാമികമായി എന്താണോ നിർവഹിക്കേണ്ടത് അത് നിർവഹിച്ചുകഴിഞ്ഞു. ആ വിവാഹം പൂർണമായും സ്വീകാര്യയോഗ്യമാണ്. ഇനി അതിൽ ഒന്നിന്റെയും ആവശ്യവുമില്ല.

*12. ഓൺലൈൻ വിവാഹമാണോ വക്കാലത്താണോ കൂടുതൽ അഭികാമ്യം?*

വക്കാലത്താണ് കൂടുതൽ അഭികാമ്യം. കാരണം വലിയ്യ്, സാക്ഷികൾ, വരൻ എന്നിവരോ അവർ ഏൽപിച്ചവരോ ഒരേ സദസ്സിൽ സന്നിഹിതരാകുന്നു എന്നതിനാൽ ഇതിനാണ് ഒന്നാം പരിഗണന.

ഈ വിഷയങ്ങൾ കർമശാസ്ത്ര പണ്ഡിതന്മാർക്കിടയിലും മദ്ഹബീ പണ്ഡിതന്മാർക്കിടയിലും പൊതുവെ അഭിപ്രായവ്യത്യാസമില്ലാതെ അംഗീകരിക്കപ്പെട്ടുവന്ന മസ്അലകളാണ്. മുസ്‌ലിംലോകത്ത് അറിയപ്പെട്ട കാര്യമായ വീക്ഷണവ്യത്യാസങ്ങൾ ഈ വിഷയങ്ങളിൽ ഇല്ല. അല്ലാഹു അഅ്‌ലം.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# തളരാതെ ഒരുവൾ



കണക്കു നോക്കാനാണ് അവൾ ഓഫീസിൽ വന്നത്. അന്നേരം അവളുടെ ഫോണിലേക്ക് ഇടയ്ക്കിടെ കോൾ വന്നിരുന്നു. മോൻ ആണ്, ഓൺലൈൻ ക്ലാസ്സ് സംബന്ധിയാണ് എന്നു പറഞ്ഞ് അവൾ ഫോൺ കട്ട് ചെയ്യും.

ആഴ്ചകൾക്കു ശേഷം ബാക്കി പരിശോധിക്കാൻ അവൾ വീണ്ടും വന്നു. വൈകുന്നേരം കുറച്ച് വൈകിയാണ് എത്തിയത്. കാന്റീനിൽനിന്ന് ചായ വന്നപ്പോൾ അവൾക്കും കൊടുക്കാൻ പറഞ്ഞു. വേണ്ടെന്ന് പറഞ്ഞെങ്കിലും, ഉച്ചഭക്ഷണം കഴിച്ചില്ല എന്ന് ശബ്ദം താഴ്ത്തി പറഞ്ഞു.

ചായയും വടയും മടികൂടാതെ കഴിച്ചു. കാബിനിൽ അവരെ ഒറ്റക്കാക്കി ഞാൻ ജീവനക്കാർക്ക് ഒപ്പം ചായ കുടിച്ചു.

ഒരു സഹകരണ സ്ഥാപനത്തിലെ കണക്കെഴുത്തുകാരിയാണ് അവൾ. നികുതി നോട്ടീസിന് മറുപടി തപാലിൽ അയച്ചാൽ മതി, ആവശ്യമെങ്കിൽ മാത്രം നേരിൽ വന്നാൽ മതി എന്നും പറഞ്ഞിരുന്നു. കോവിഡ് കാലമായതിനാൽ പരമാവധി ആളുകളെ ഓഫീസിൽ വരുത്തിയിരുന്നില്ല. എന്നാൽ മറുപടിയിൽ ചില വിശദീകരണങ്ങളും രേഖകളും ആവശ്യമായി വന്നതിനാൽ അവർക്ക് ഓഫീസിൽ വരേണ്ടിവന്നു. ആദ്യ തവണ വന്നതിൽ കുറെ കാര്യങ്ങൾ പരിഹരിച്ചുവെങ്കിലും ചിലത് വീണ്ടും ബാക്കിയുണ്ടായിരുന്നു. ഫോണിലും മെയിലിലും മറുപടി തന്നെങ്കിലും പൂർണമായില്ല. അതിനാലാണ് അന്ന് പെട്ടെന്നു വന്നത്. സ്ഥാപനത്തിൽ ജോലിക്കിടെ പരിക്കു പറ്റിയ ഒരാളെ വാഹനത്തിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിയാണ് അവൾ ഓഫീസിൽ എത്തിയത്.

വാപ്പ നേരത്തെ മരണപ്പെട്ടിരുന്നു. സൈലന്റ് അറ്റാക്ക് ഭർത്താവിന്റെ ജീവനും എടുത്തു. ഈയിടെ മാതാവും പരലോകംപൂകി. എല്ലാം കഴിഞ്ഞ നാലഞ്ച് കൊല്ലത്തിനുള്ളിൽ. ഇതെല്ലാം ഞാൻ ചോദിക്കാതെയാണ് അവൾ പറഞ്ഞത്.

ഇപ്പോൾ സഹോദരന്മാർക്കൊപ്പം താമസം. അവർക്ക് ഞാനും മോനും ഒരു ഭാരമായിക്കൂടാ. പകൽ ജോലിയിൽ മുഴുകി നേരം കടന്നുപോകും. വീട്ടിൽ മക്കളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല... അവരങ്ങനെ പറഞ്ഞുകൊണ്ടിരുന്നു.

ഒന്നും പറയാനാവാതെ ഞാൻ കേട്ടിരുന്നു. എന്റെയുള്ളിൽ ഒരു വേദന രൂപപ്പെട്ടു. പിന്നീട് ഞാനത് സഹപ്രവർത്തകരോടും ഭാര്യയോടും പങ്കുവെച്ചു.

പരീക്ഷണങ്ങളുടെ പരമ്പര നേരിട്ടെങ്കിലും തളരാതെ അവൾ ജീവിക്കുകയാണ്. കരളുറപ്പോടെ മകനെ പോറ്റാനും വളർത്താനുമായി ജോലിചെയ്യുകയാണ്. രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയുള്ള സ്ത്രീയുടെ പ്രായം എത്ര ചെറുപ്പമായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. പക്ഷേ, പ്രായത്തിൽ കവിഞ്ഞ പക്വതയും കാര്യബോധവും അവർ പ്രകടിപ്പിക്കുന്നുണ്ട്.

ചെറിയ വിഷമം ഉണ്ടാകുമ്പോൾ, പരീക്ഷയിൽ മാർക്ക് കുറഞ്ഞാൽ, ജോലിയിൽ പരാതി കേട്ടാൽ, ബന്ധുമിത്രാദികളിൽനിന്നോ മറ്റോ അഹിതമായ എന്തെങ്കിലും ഉണ്ടായാൽ പാടെ തളർന്നു പോകുന്നവരാണ് നമ്മിൽ പലരും. ജീവിതാനുഭവങ്ങളിൽ നിന്ന് കരുത്ത് നേടുക എന്നത് ചില്ലറ കാര്യമല്ല, പലർക്കും കഴിയാത്ത ഒന്നാണത്. തളരാതെ പോരാടുന്ന ആ സഹോദരിക്ക് പ്രാർഥനകൾ.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 196

**ഒന്നാം സമ്മാനം:**
Faisal P, Kolathara, Kozhikode

**രണ്ടാം സമ്മാനം:**
Jissiya EK, Mangalasseri, Manjeri

**മൂന്നാം സമ്മാനം:**
Fidha Kallidumbil, Kooriyad, Kottakkal

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 NOVEMBER 07

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള
**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
**നേർപഥം Quiz**
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
കൂടാതെ ശരിയുത്തരമയക്കുന്ന
1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**